ജൂൺ 2008

# പഞ്ചായത്ത് രാജ്

പുസ്തകം 48 ലക്കം 3



## സ്വരാജ്ഭവൻ സാക്ഷാത്കരിക്കുന്നു...!

കുടുംബശ്രീ

## പുതിയ കാൽവയ്പ്പുമായി...



## ഗ്രാമസഭ യഥാസമയം ചേരുക
## മെമ്പർ അയോഗ്യനാവാതിരിക്കുക

## വികസനത്തിന്റെ ഊടും പാവും



# ഗ്രാമസഭയിൽ പങ്കെടുക്കുക!
# അധികാരം വിനിയോഗിക്കുക!

ഭരണഘടനാപരമായി അധികാരത്തിൽ ജനങ്ങൾക്ക് നേരിട്ട്
പങ്കാളിത്തം ലഭിക്കുന്ന ഏക സംവിധാനം

### ഗ്രാമസഭ

ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നു
ഗ്രാമസഭയുടെ ക്വാറം 10 ശതമാനം
വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നു
വികസന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുന്നു
സോഷ്യൽ ഓഡിറ്റ് നടത്തുന്നു
പദ്ധതിയാസൂത്രണം നിർവ്വഹണം എന്നിവയിൽ സജീവ
പങ്കാളിത്തം ലഭിക്കുന്നു
യഥാർത്ഥ ഗുണഭോക്താക്കളെ നേരിട്ട് തെരഞ്ഞെടുക്കുന്നു

ഗ്രാമത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിന്
അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുന്നതിന്
സമയബന്ധിതമായും ഗുണമേന്മയോടെയും വികസന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്
അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്
സുതാര്യത ഉറപ്പ് വരുത്തുന്നതിന്
സാമൂഹിക നീതിയിലധിഷ്ഠിതമായ ഒരു നവഭാരതസൃഷ്ടിക്ക്

അധികാരം ജനങ്ങളിലേക്ക്

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്


**പഞ്ചായത്ത് രാജ്**
വെബ്സൈറ്റ്
www.lsg.kerala.gov.in

**ജൂൺ 2008**
**പുസ്തകം 48**
**ലക്കം 3**
**വാർഷിക വരിസംഖ്യ 90 രൂപ**


# പേജുകളിൽ


4 എഡിറ്ററുടെ പേജ്

5 വികസന മുരടിപ്പിന് വിരാമം
– പാലോളി മുഹമ്മദ്കുട്ടി

7 സ്വരാജ് ഭവൻ സാക്ഷാത്ക്കരിക്കുന്നു
– പഞ്ചായത്ത് ന്യൂസ് സർവ്വീസ്

8 അധികാരവികേന്ദ്രീകരണം : അനുകരണീയ മാതൃകകൾ
– ഡോ. പി.പി. ബാലൻ

11 ഗ്രാമസഭ യഥാസമയം ചേരുക
മെമ്പർ അയോഗ്യനാവാതിരിക്കുക
– അഡ്വ. ഷിൻല ബി. കടയ്ക്കാവൂർ

14 ഗ്രാമസഭ ഫലപ്രദമാകുന്നതിന്
– എം. പി. വർക്കി

18 മാറുന്ന നഗരങ്ങൾ
കേരള സുസ്ഥിര നഗര വികസന പദ്ധതി

22 കുടുംബശ്രീ ദശവാർഷികം : പുതിയ കാൽവെയ്പ്പുമായി ....
– ആർ. പാർവ്വതീദേവി

25 ക്ഷമയുടെ അതിരു കടക്കുന്നു
– ഭാഷാസിംഗ്

28 മാലിന്യസംസ്ക്കരണത്തിന് പത്തനാപുരം മാതൃക
– എസ്. ഷാജി

30 എൺപതുശതമാനം പദ്ധതി തുക ചെലവഴിച്ചു
– പഞ്ചായത്ത് ന്യൂസ് സർവ്വീസ്

33 ട്രഷറിയിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ
– ഉദയഭാനു കണ്ടേത്ത്

35 ചിക്കൻപോക്സ്
– ഡോ. തോമസ് വർഗ്ഗീസ്

35 തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ
– റോയി ചാക്കോ ഇളമണ്ണൂർ







**ഉപദേശക സമിതി**

ചെയർമാൻ
**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
**പി. വേണുഗോപാൽ**, ഐ.എ.എസ്
ഡയറക്ടർ
ഇൻഫർമേഷൻ& പബ്ലിക് റിലേഷൻസ് വകുപ്പ്
**കെ. നാരായണൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
**എം. വി. ഗിരീഷ് കുമാർ**
സെക്രട്ടറി
പ്രസ് ക്ലബ്ബ്, തിരുവനന്തപുരം
**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ

കൺവീനർ
**ഡോ. വി.എം. ഗോപാലമേനോൻ**, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**ഡോ. വി.എം. ഗോപാലമേനോൻ**, IAS
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
Ph: 0471-2321054

കവർ ഡിസൈൻ
&
ലേ ഔട്ട്
**ഐസൻ ജോസ്**



**ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.**




# 2008 – 09 ലെ പദ്ധതി പ്രവർത്തനം

കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ 2008–09 ലെ വാർഷിക പദ്ധതി പ്രവർത്തനങ്ങളുടെ നിർവഹണ ഘട്ടത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി മൂന്നു ഘട്ടങ്ങളിലായാണ് ഈ സാമ്പത്തികവർഷം പദ്ധതി നിർവ്വഹണം നടത്തുന്നത്. തകർച്ചയെ നേരിടുന്ന കാർഷികമേഖലയുടെ പുനരുദ്ധാരണത്തിനാണ് പതിനൊന്നാം പദ്ധതിയിൽ പ്രത്യേകം ഊന്നൽ നൽകിയിരിക്കുന്നത്. കാർഷികമേഖലയിലെ പദ്ധതികൾ കാലഭേദത്തെ അടിസ്ഥാനമാക്കിയാണ് നടപ്പിലാക്കേണ്ടത്. എന്നാൽ പദ്ധതികൾ അംഗീകരിച്ചു ലഭിക്കുന്നതിൽ സ്വാഭാവികമായി ഉണ്ടാകുന്ന കാലതാമസം കാർഷികമേഖലയിലെ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനെ സാരമായി ബാധിച്ചിരുന്നു. ഇതിനു പരിഹാരമായി കൃഷിയുടെ മേഖലയിൽ, പ്രത്യേകിച്ച് മഴക്കാലത്ത് ഏറ്റെടുത്ത് നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കാർഷിക വികസന പരിപാടികൾ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ആരംഭിക്കുന്നതിന് സർക്കാർ അവസരമൊരുക്കിയിരിക്കുകയാണ്. അതോടൊപ്പം ആദ്യഘട്ടത്തിൽ ഭവന നിർമ്മാണം, കുടിവെള്ള കിണറുകൾ, ശുചിത്വം, വിദ്യാഭ്യാസം, ആരോഗ്യം, സംയോജിത ശിശുവികസന പരിപാടി, സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പരിപാടി, ആശുപത്രികൾ, സ്ക്കൂളുകൾ, അംഗൻവാടികൾ എന്നിവയുടെ മെയിന്റനൻസ് പദ്ധതികൾ കൂടി നടപ്പാക്കും. രണ്ടാംഘട്ടത്തിൽ 2008–09 ലെ വാർഷിക പദ്ധതി പരിപൂർണ്ണമായി തയ്യാറാക്കി അംഗീകാരം വാങ്ങണം. ഇതോടൊപ്പം സദ്ഭരണ പദ്ധതിയും ഉണ്ടാകണം. ജൂൺ 30 നകം രണ്ടാംഘട്ടം പൂർത്തീകരിച്ചിരിക്കണം. പതിനൊന്നാം പദ്ധതിയുടെ ആദ്യവർഷം തന്നെ തയ്യാറാക്കേണ്ടിയിരുന്ന പഞ്ചവത്സരപദ്ധതി വിവിധ കാരണങ്ങൾ കൊണ്ട് പൂർത്തീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല. അത് പൂർത്തീകരിച്ച് അംഗീകാരം വാങ്ങുകയാണ് മൂന്നാംഘട്ടത്തിൽ ചെയ്യേണ്ടത്. ബഹുഭൂരിപക്ഷം സ്ഥാപനങ്ങളും ആദ്യഘട്ട പദ്ധതിയുടെ അംഗീകാരം നേടി പദ്ധതി നിർവഹണം ആരംഭിച്ചുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അഭിമാനകരമായ മാറ്റമാണിത്.

മുൻപ് നാല് ജില്ലകളിൽ മാത്രം നടപ്പാക്കിയിരുന്ന ദേശീയ തൊഴിലുറപ്പ് പദ്ധതി ഈ സാമ്പത്തികവർഷം മുതൽ എല്ലാ ജില്ലകളിലും നടപ്പാക്കുകയാണ്. തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ കേരളം രാജ്യത്തിനാകെ മാതൃകയായിരിക്കുകയാണ്. പൂർണ്ണമായും അഴിമതി രഹിതമായി പദ്ധതി നടപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് നമ്മുടെ ഏറ്റവും വലിയ നേട്ടം. ഇത് നിലനിർത്തുന്നതോടൊപ്പം എല്ലാ പ്രവർത്തനമേഖലകളിലും ഇത്തരത്തിൽ മാറ്റം ഉണ്ടാക്കിയെടുക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രമിക്കണം. ഇതൊരു വെല്ലുവിളിയായി ഏറ്റെടുക്കാൻ കഴിയണം.

കഴിഞ്ഞ സാമ്പത്തിക വർഷം ചുരുങ്ങിയ കാലയളവ് മാത്രമേ പദ്ധതി നടത്തിപ്പിനു ലഭിച്ചിരുന്നുള്ളുവെങ്കിൽപോലും വളരെ മികവുറ്റ പ്രകടനമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ കാഴ്ചവെച്ചത്. വികസനഫണ്ട് ചെലവഴിക്കുന്നതിൽ 87 ശതമാനമാണ് സംസ്ഥാന ശരാശരി. എഴുപത് ശതമാനമാണ് പദ്ധതി ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിരുന്നത്. മുൻവർഷം ധാരാളം വിമർശനങ്ങൾക്കും ആരോപണങ്ങൾക്കും വിധേയമായിട്ടുകൂടി അവയെല്ലാം പാടെ അവഗണിച്ച് നിശ്ചയദാർഢ്യത്തോടെയും ഇച്ഛാശക്തിയോടെയും കാര്യപ്രാപ്തിയോടെയും പ്രവർത്തിച്ച് വിമർശകർക്ക് മറുപടി നൽകിയിരിക്കുകയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ ദൈനംദിന ഭരണത്തിലും വികസന സാമൂഹിക പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലും അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ സസൂക്ഷ്മം വിലയിരുത്തി ക്രിയാത്മകമായ പരിഹാരനിർദ്ദേശങ്ങൾ അപ്പപ്പോൾ നൽകുന്നതിന് ബദ്ധശ്രദ്ധയോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ഈ അനുകൂല സാഹചര്യം പരമാവധി പ്രയോജനപ്പെടുത്തി വരും നാളുകളിൽ കൂടുതൽ മെച്ചപ്പെട്ട ഫലമുളവാകുന്ന തരത്തിൽ വികസന പരിപാടികൾ ആവിഷ്ക്കരിക്കുന്നതിന് കൂട്ടായി ശ്രമിക്കാം.

**എഡിറ്റർ**





*സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി തിരുവനന്തപുരത്ത് പ്രത്യേക പത്രസമ്മേളനം നടത്തുന്നു.*

# വികസന മുരടിപ്പിന് വിരാമം

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭരണ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും പദ്ധതികളുടെയും പ്രവർത്തനം മെച്ചപ്പെടുത്താനും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനും കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കഴിഞ്ഞിട്ടുണ്ട്.

പാവപ്പെട്ടവരുടെ ജീവിതാഭിലാഷമായ വീട് എന്ന സ്വപ്നത്തിന് സാക്ഷാൽക്കാരം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിക്ക് തുടക്കം കുറിച്ചു. വാർഷിക പദ്ധതി വിഹിതത്തിൽ നിന്നുള്ള നിശ്ചിത വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളും ഭവനശ്രീയും വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നുമുള്ള സംഭാവനയും കൂട്ടിച്ചേർത്താണ് ഇ.എം.എസ്. ഭവന പദ്ധതി നടപ്പാക്കുന്നത്. വീടും സ്ഥലവും ഇല്ലാത്തവർക്കാണ് ആദ്യ പരിഗണന നൽകുന്നത്. സ്ഥലമുണ്ടെങ്കിലും വീടില്ലാത്തവർക്ക് രണ്ടാമത്തെ പരിഗണനയും വീടിന്റെ അറ്റകുറ്റപ്പണിക്ക് മൂന്നാമത്തെ പരിഗണനയും നൽകുന്നതാണ്.

ഉദ്പാദന മേഖലക്കുള്ള വിഹിതത്തിൽ മുൻ ഗവൺമെന്റ് വരുത്തിയ കുറവ് പരിഹരിച്ചുകൊണ്ടും കാർഷിക പദ്ധതികൾക്ക് ഊന്നൽ നൽകിക്കൊണ്ടും ജനകീയാസൂത്രണം വീണ്ടും ആരംഭിച്ചു. സാമ്പത്തിക



പാവപ്പെട്ടവരുടെ ജീവിതാഭിലാഷമായ വീട് എന്ന സ്വപ്നത്തിന് സാക്ഷാൽക്കാരം നൽകുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇ.എം. എസ്. സമ്പൂർണ്ണ ഭവന പദ്ധതിക്ക് തുടക്കം കുറിച്ചു. വാർഷിക പദ്ധതി വിഹിതത്തിൽ നിന്നുള്ള നിശ്ചിത വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളും ഭവനശ്രീയും വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നുമുള്ള സംഭാവനയും കൂട്ടിച്ചേർത്താണ് ഇ.എം.എസ്. ഭവന പദ്ധതി നടപ്പാക്കുന്നത്.

ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തും നടപ്പിലാക്കാൻ അനുയോജ്യമായ പദ്ധതിയെന്ന് കേന്ദ്ര ഗവൺമെന്റ് തിരഞ്ഞെടുത്ത കേരളത്തിലെ കുടുംബശ്രീ പ്രസ്ഥാനം പത്തു വർഷം പിന്നിടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയും തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീ സംവിധാനവും ഉപയോഗിച്ചുകൊണ്ട് ഉൽപാദന മേഖലയിൽ വലിയൊരു മുന്നേറ്റം നടത്താൻ കഴിയുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു.

നഗരവികസന രംഗത്ത് പദ്ധതികൾ നേടിയെടുക്കുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പിന് റിക്കോർഡ് നേട്ടം കൈവരിക്കാൻ കഴിഞ്ഞു. കെ.എസ്.യു.ഡി.പി. 1450 കോടി ജെ.എൻ.എൻ.യു.ആർ.എം 714 കോടി, യു.ഐ.ഡി.എസ്.എസ്.എം.ടി 577 കോടി, ഐ.എച്ച്.എസ്.ഡി.പി 111 കോടി, ബി.എസ്.യു.പി 298 കോടി അടക്കം ആകെ 3150 കോടിയുടെ നഗര വികസന പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്.



വർഷത്തിന്റെ ആരംഭത്തിൽ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പ് ആരംഭിക്കാനും അതുവഴി ഈ രംഗത്ത് പുതിയൊരു വികസന നടത്തിപ്പ് മാതൃക സൃഷ്ടിക്കാനും കഴിഞ്ഞു. ഒരു പഞ്ചായത്തിൽ ശരാശരി പത്ത് ഏക്കർ എന്ന നിലയിൽ ഈ വർഷം സംസ്ഥാനത്തൊട്ടാകെ പതിനായിരം ഏക്കർ തരിശുഭൂമി നെൽകൃഷിക്ക് യോഗ്യമാക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തു കഴിഞ്ഞു. പച്ചക്കറിക്കും പ്രത്യേക പരിഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തും നടപ്പിലാക്കാൻ അനുയോജ്യമായ പദ്ധതിയെന്ന് കേന്ദ്ര ഗവൺമെന്റ് തിരഞ്ഞെടുത്ത കേരളത്തിലെ കുടുംബശ്രീ പ്രസ്ഥാനം പത്തു വർഷം പിന്നിടുന്നു. സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും വരുമാനവും നേടിയെടുക്കാൻ കഴിയുന്ന പുതിയ പദ്ധതികൾക്ക് തുടക്കമിടാനും കാർഷിക മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നൂതനങ്ങളായ "സമഗ്ര" പദ്ധതികൾ ആരംഭിക്കാനും സാധിച്ചു. Lease Land Farming വഴി ഇതുവരെ 54513 ഏക്കർ തരിശുഭൂമിയിൽ കുടുംബശ്രീ വഴി കൃഷി നടത്താനായത് വലിയ പ്രതീക്ഷ നൽകുന്നു.

ദേശീയ തൊഴിലുറപ്പ് പരിപാടിയുടെ നടത്തിപ്പിൽ ദേശീയതലത്തിൽ അംഗീകാരം നേടാനായി. ഒരു തരത്തിലുമുള്ള ഇടനിലക്കാരുമില്ലാതെ പണികൾ നടത്താൻ കഴിയുന്നതും മുഴുവൻ തൊഴിലാളികളുടെയും കൂലി ബാങ്ക് വഴി വിതരണം ചെയ്യുന്നതും എല്ലാ പണികളും ഗ്രാമപഞ്ചായത്തുകളുടെ തന്നെ നേതൃത്വത്തിൽ നടക്കുന്നതും സാർവത്രിക അംഗീകാരം നേടിയിട്ടുണ്ട്. കേന്ദ്രത്തിന്റെ മാർഗ്ഗനിർദേശങ്ങളിൽ പലതും കേരളത്തിന്റെ സാഹചര്യങ്ങൾക്ക് അനുഗുണമല്ലാത്ത സാഹചര്യങ്ങളിലാണ് ഇത് സാധ്യമായത്. 90 കോടി രൂപ നാലു ജില്ലകളിലെ അവിദഗ്ദ്ധ തൊഴിലാളികൾക്ക് കൂലിയായി നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയും തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീ സംവിധാനവും ഉപയോഗിച്ചുകൊണ്ട് ഉൽപാദന മേഖലയിൽ വലിയൊരു മുന്നേറ്റം നടത്താൻ കഴിയുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു.

എന്തൊക്കെ വികസനം നേടിയാലും മാലിന്യ പ്രശ്നം പരിഹരിച്ചില്ലെങ്കിൽ മനുഷ്യ ജീവനുതന്നെ ആപത്തുണ്ടാകുമെന്ന കാര്യത്തിൽ ഇപ്പോൾ തർക്കമില്ല. പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ മനസ്സിലാക്കി അതു പരിഹരിക്കാനാണ് മാലിന്യ മുക്ത കേരളം തുടർ പരിപാടി ആവിഷ്ക്കരിച്ചത്. മാലിന്യ പ്രശ്നം ഏറ്റവും രൂക്ഷമായ കൊച്ചി നഗരസഭയ്ക്കു വേണ്ടി ബ്രഹ്മപുരത്ത് മാലിന്യ സംസ്ക്കരണ പ്ലാന്റ് പ്രവർത്തനക്ഷമമായിട്ടുണ്ട്. മൂന്നു വർഷം കൊണ്ട് മാലിന്യ നിർമ്മാർജ്ജനത്തിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള പദ്ധതി ശുചിത്വ മിഷന്റെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുകയാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിലും നടപ്പാക്കുന്നതിലും രണ്ടു വർഷത്തിനകം വളരെയേറെ പുരോഗതി നേടാൻ സാധിച്ചു. പി.എം.ജി.എസ്.വൈയ്ക്ക് 294 കോടിയും എസ്.ജി.ആർ.വൈയ്ക്ക് 102 കോടിയും ഹരിയാലിക്ക് 73 കോടിയും എസ്.ജി.എസ്.വൈക്ക് 51 കോടിയും എൻ.ആർ.ഇ.ജി.പിക്ക് 100 കോടിയും ലഭിക്കുകയുണ്ടായി.

നഗരവികസന രംഗത്ത് പദ്ധതികൾ നേടിയെടുക്കുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പിന് റിക്കോർഡ് നേട്ടം കൈവരിക്കാൻ കഴിഞ്ഞു. കെ.എസ്.യു.ഡി.പി. 1450 കോടി ജെ.എൻ.എൻ.യു.ആർ.എം 714 കോടി, യു.ഐ.ഡി.എസ്.എസ്.എം.ടി 577 കോടി, ഐ.എച്ച്.എസ്.ഡി.പി 111 കോടി, ബി.എസ്.യു.പി 298 കോടി അടക്കം ആകെ 3150 കോടിയുടെ നഗര വികസന പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്.



ധനപരമായ കാര്യങ്ങൾ കാര്യക്ഷമതയോടെ മുന്നോട്ടുകൊണ്ടു പോകാൻ കഴിഞ്ഞു. പ്രവർത്തനരഹിതമായ വികസന അതോറിറ്റികൾ നിർത്തലാക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനഇടപാടുകൾക്ക് ചിട്ടവരുത്തുകയും ചെയ്തു. പദ്ധതി പണം വകമാറ്റി ചെലവഴിക്കുന്ന പ്രവണത അവസാനിപ്പിക്കുകയും മുൻകാല തെറ്റുകൾ തിരുത്തുകയും ചെയ്തു.

ജനനമരണരജിസ്ട്രേഷൻ, സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം എന്നിവ കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുഴുവൻ കണക്കുകളും രജിസ്റ്ററുകളും കമ്പ്യൂട്ടർവൽക്കരിക്കുന്ന പ്രവർത്തനം പൂർത്തീകരിക്കുകയാണ്. പദ്ധതി നടത്തിപ്പ് ചിട്ടപ്പെടുത്താനുള്ള കമ്പ്യൂട്ടർ സംവിധാനം 1179 തദ്ദേശഭരണ സ്ഥാപനങ്ങളിൽ സജ്ജമാക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്ഥലംമാറ്റത്തിന് മാതൃകാ മാനദണ്ഡം ഏർപ്പെടുത്താൻ കഴിഞ്ഞു. 'കില' തദ്ദേശഭരണ പ്രതിനിധികൾക്കുള്ള പരിശീലനത്തിനുള്ള അന്താരാഷ്ട്ര കേന്ദ്രമായി ഉയർന്നു കഴിഞ്ഞു.

തദ്ദേശസ്വയംഭരണ വകുപ്പിൽ ഏറ്റവും കൂടുതൽ അഴിമതി നിലനിന്നിരുന്നത് കെട്ടിട നിർമ്മാണ മേഖലയിലാണ്. അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചു. ജനങ്ങൾക്ക് പ്രയോജനപ്രദമായ ചില ഭരണപരിഷ്ക്കാര നടപടികളും ഈ മേഖലയിൽ നടപ്പിലാക്കി. ഇതുമൂലം അഴിമതിയുടെ തോത് വളരെയേറെ കുറയ്ക്കാൻ സഹായകമായിട്ടുണ്ട്. അനധികൃത നിർമ്മാണത്തിനെതിരെയുള്ള നടപടികൾ ശക്തമാക്കി. കെട്ടിടനിർമ്മാണ ചട്ടം സംസ്ഥാനത്തൊട്ടാകെ ബാധകമാക്കി. കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇനിയും ചില പരിഷ്ക്കാരങ്ങൾ കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കെട്ടിട നികുതി ശാസ്ത്രീയമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

കരിപ്പൂരിൽ ഹജ്ജ്ഹൗസ് പണി പൂർത്തിയാക്കി. ന്യൂനപക്ഷ ക്ഷേമത്തിന് പുതിയ സംവിധാനവും ബഡ്ജറ്റിൽ വിഹിതവും ഏർപ്പെടുത്തി. നഷ്ടത്തിലായിരുന്ന നഗര വികസന ധനകാര്യ കോർപ്പറേഷനെ ലാഭത്തിലാക്കി.

കേരളം അഭിമുഖീകരിക്കുന്ന വികസന മുരടിപ്പിന് വിരാമമിടാനും ഉത്പാദന മേഖലയ്ക്ക് ചാലക ശക്തിയാകാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ സജ്ജമാക്കുന്നതിനാണ് തദ്ദേശസ്വയംഭരണ വകുപ്പ് ലക്ഷ്യമിടുന്നത്.

*(സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി തിരുവനന്തപുരത്ത് നടത്തിയ പ്രത്യേക പത്രസമ്മേളനത്തിൽ നിന്നും)*



*സ്വരാജ്ഭവൻ കെട്ടിട സമുച്ചയത്തിന്റെ ശിലാസ്ഥാപനം തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർവ്വഹിക്കുന്നു. നിയമ – സ്പോർട്സ് മന്ത്രി എം. വിജയകുമാർ, മേയർ സി. ജയൻബാബു, എം.എൽ.എ മാരായ വി. ശിവൻകുട്ടി, എൻ. ശക്തൻ തുടങ്ങിയവർ സമീപം.*

# സ്വരാജ് ഭവൻ സാക്ഷാത്ക്കരിക്കുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന വിവിധ സംസ്ഥാനതല ഓഫീസുകളും അനുബന്ധ സ്ഥാപനങ്ങളും ഒരു കുടക്കീഴിലാക്കുന്നതിനുള്ള ദീർഘകാല പരിശ്രമം സഫലീകരിക്കുന്നു. തിരുവനന്തപുരത്ത് നന്തൻകോടാണ് ഒമ്പത് നിലകളുള്ള കെട്ടിട സമുച്ചയം 'സ്വരാജ് ഭവൻ' ഉയരുന്നത്. ഇതിന്റെ ശിലാസ്ഥാപനം ജൂൺ 2 ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർവ്വഹിച്ചു. ചടങ്ങിൽ സ്പോർട്സ് – നിയമ മന്ത്രി എം. വിജയകുമാർ അദ്ധ്യക്ഷനായിരുന്നു.

പഞ്ചായത്ത്–നഗരകാര്യ ഡയറക്ടറേറ്റുകൾ, ഗ്രാമവികസന കമ്മിഷണറേറ്റ്, ചീഫ് ടൗൺപ്ലാനർ ആഫീസ്, ചീഫ് എഞ്ചിനിയർ ആഫീസ്, കുടുംബശ്രീ, ഇൻഫർമേഷൻ കേരള മിഷൻ, ക്രൂസ്, ക്ലീൻ കേരള മിഷൻ, 'കില' യുടെ മേഖലാ ആഫീസ് തുടങ്ങി തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പതിനേഴോളം ആഫീസുകളാണ് സ്വരാജ് ഭവനിൽ പ്രവർത്തിക്കുക.

നന്തൻകോടുള്ള അറുപതു സെന്റ് സ്ഥലത്താണ് 8400 ചതുരശ്ര മീറ്ററിൽ കെട്ടിടം പണിയുന്നത്. 9.6 കോടി രൂപയാണ് നിർമ്മാണ ചെലവിനുള്ള അടങ്കൽ തുകയായി കണക്കാക്കിയിരിക്കുന്നത്. 2008 ലെ നിരക്ക് അനുസരിച്ച് ഏകദേശം 11 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിയിരിക്കുന്നത് തിരുവനന്തപുരത്തെ ലാൽ ബഹദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് & ടെക്നോളജിയാണ്. തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിലായിരിക്കും നിർമ്മാണം നടത്തുക.

എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടി പണിയുവാനുദ്ദേശിക്കുന്ന ഈ കെട്ടിടം പണിതുടങ്ങി ഒന്നര വർഷത്തിനുള്ളിൽതന്നെ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള തുക ഈ കെട്ടിടത്തിൽ പ്രവർത്തിക്കാനുദ്ദേശിക്കുന്ന ആഫീസുകളുടെ വിഹിതമായി ശേഖരിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്.

ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് റിപ്പോർട്ടവതരിപ്പിച്ചു. മേയർ സി. ജയൻബാബു, എം.എൽ. എ മാരായ വി. ശിവൻകുട്ടി, എൻ. ശക്തൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആനാവൂർ നാഗപ്പൻ, പഞ്ചായത്ത് ഡയറക്ടർ ഡോ. വി.എം. ഗോപാലമേനോൻ, നഗരകാര്യ ഡയറക്ടർ കെ.ആർ. മുരളീധരൻ, ഗ്രാമ വികസന കമ്മിഷണർ എ. അജിത്കുമാർ തുടങ്ങിയവർ സംബന്ധിച്ചു.

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*



# അധികാരവികേന്ദ്രീകരണം

## അനുകരണീയ മാതൃകകൾ



ഡോ. പി.പി. ബാലൻ

കേരളം അധികാരവികേന്ദ്രീകരണത്തിൽ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാണെന്ന യാഥാർത്ഥ്യം ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ അധികാരവികേന്ദ്രീകരണത്തിലെ 'കേരളമാതൃക' ദേശീയ തലത്തിലും സംസ്ഥാനങ്ങളിലും ഇന്നൊരു ചർച്ചാവിഷയം കൂടിയാണ്. പണം താഴെ തട്ടിൽ നല്കിയതിലും, ഉദ്യോഗസ്ഥ പുനർവിന്യാസത്തിലും, സുതാര്യതയിലും, ജനപങ്കാളിത്തത്തിലും ശാക്തീകരണ പ്രവർത്തനങ്ങളിലും, പ്രവർത്തന സ്വാതന്ത്ര്യത്തിലും കേരളം അനുവർത്തിക്കുന്ന രീതി മറ്റൊരു സംസ്ഥാനത്തും നിലവിലില്ല. എന്നാൽ പ്രാദേശികഭരണം കൂടുതൽ ഫലവത്താകണമെങ്കിൽ കേരളം ഇനിയും മുന്നേറാനുണ്ട്. മറ്റു സംസ്ഥാനങ്ങൾ കേരളത്തിൽ നിന്നു പഠിക്കുമ്പോൾ ഇതരസംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന അനുകരണീയ മാതൃകകൾ കണ്ടെത്താനും സ്വായത്തമാക്കാനും കേരളത്തിനു കഴിയണം. മറ്റിടങ്ങളിൽ ഒറ്റപ്പെട്ടു കാണുന്ന അത്തരം മാതൃകകളിലെ ചില അനുഭവങ്ങൾ ഇവിടെ പങ്കുവെയ്ക്കുന്നു.

### അധിക വിഭവസമാഹരണം

അധികാരവികേന്ദ്രീകരണ ശ്രേണിയിൽ പഞ്ചാബ് സംസ്ഥാനത്തിനുള്ള സ്ഥാനം താഴെ തട്ടിലാണ്. വികേന്ദ്രീകരണത്തിൽ കാര്യമായ പ്രവർത്തനം ഇവിടെ നടന്നിട്ടില്ല. വലിപ്പത്തിലും ജനസംഖ്യയിലും ചെറിയ പഞ്ചായത്തുകൾ. വിസ്തീർണ്ണം ശരാശരി മൂന്ന് ചതുരശ്ര കിലോമീറ്റർ മാത്രം. ജനസംഖ്യയോ 500നും 1000നുമിടയിൽ എന്നാൽ പുറമ്പോക്ക് ഭൂമിയുടെ കുത്തക ഗ്രാമപഞ്ചായത്തിനാണ്. നികുതിവരുമാനമൊന്നുമില്ലെങ്കിലും പുറമ്പോക്കുഭൂമി പാട്ടത്തിനു നൽകി നല്ലൊരു തുക ഇവർ സമാഹരിക്കുന്നു.

530 വോട്ടർമാരുള്ള പഞ്ചായത്തിന് 5 ലക്ഷം രൂപ വരുമാനം കിട്ടുന്നത് ചെറിയ കാര്യമല്ലല്ലൊ. ഇതിൽ ചെറിയ ഒരു വിഹിതം ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്കു നൽകണമെന്ന് വ്യവസ്ഥയുണ്ട്. അധികവിഭവ സമാഹരണത്തിന്റെ കാര്യത്തിൽ കർണ്ണാടകയും പിറകിലല്ല. ഇവിടെ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 5000നും 8000 നും മിടയിലാണ്. ഒരു പഞ്ചായത്തിന്റെ വാർഷിക ബജറ്റ് 40 ലക്ഷം രൂപയോളം വരും. നികുതിപിരിവു നടത്താനുള്ള അധികാരം സമർത്ഥമായി പ്രയോഗിക്കുന്ന പഞ്ചായത്തുകളുണ്ട്. ബല്ലാണ്ടൂർ (Ballandur) ഗ്രാമപഞ്ചായത്തിന്റെ അനുഭവം ഇതാണ് തെളിയിക്കുന്നത്. നേരത്തെ 17 ലക്ഷം രൂപ നികുതി പിരിച്ചിരുന്ന സ്ഥാനത്ത് അത് ഒരു കോടിയായി ഉയർന്നിരിക്കുന്നു. മുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾക്ക് കാത്തിരിക്കാതെ നിലവിലുള്ള പരിമിതമായ അധികാരം ഉപയോഗിച്ചാണ് പ്രസ്തുത പഞ്ചായത്ത് ഈ നേട്ടം കൈവരിച്ചത്. ഗോവയിൽ പഞ്ചായത്തുകളുടെ പ്രധാന വരുമാനം ടൂറിസം വ്യവസായത്തിൽ നിന്നാണ്. കൂടാതെ ഇവിടെ സ്വത്ത് (property) നികുതിയും പഞ്ചായത്തിനവകാശപ്പെട്ടതാണ്. പ്രോത്സാഹനമെന്ന നിലയിൽ നികുതിപിരിച്ചതിന് സമാനമായ തുക സർക്കാർ ഗ്രാന്റായി നല്കിവരുന്നു.

### ഉദ്യോഗസ്ഥ നിയമനം

പഞ്ചാബിൽ അടുത്തിടെയായി ഉദ്യോഗ നിയമനങ്ങളിൽ പഞ്ചായത്തും കൈകടത്തി തുടങ്ങി. ഇവിടെ ജില്ലാ പഞ്ചായത്തിന് ഗവ:പ്രൈമറി സ്ക്കൂളുകളിലെ അദ്ധ്യാപകരെ നിയമിക്കാനും, ശമ്പളം കൊടുക്കാനും, സ്ഥലം മാറ്റം നടത്താനുമുള്ള അധികാരമുണ്ട്. ഇതിനായി ജില്ലാ പഞ്ചായത്ത് ചെയർമാനായുള്ള സെലക്ഷൻ കമ്മറ്റി രൂപീകരിച്ചു പ്രവർത്തിക്കുന്നു. സുതാര്യമായാണ് കമ്മിറ്റിയുടെ പ്രവർത്തനം. ഉദ്യോഗാർത്ഥികൾക്കു ലഭിച്ച അടിസ്ഥാന യോഗ്യതയുടെ മാർക്കാണ് സെലക്ഷന് ആധാരം. ഇന്റർവ്യൂ, എഴുത്തു പരീക്ഷ എന്നിവ ഇല്ല. സ്വന്തം ഗ്രാമത്തിലെ ഒഴിവുകൾക്ക് അവിടെനിന്നുള്ളവർക്ക് മുൻഗണനയുണ്ട്. ഇത്തരത്തിൽ ഇതിനകം 11010 അദ്ധ്യാപകരെ നിയമിച്ചു കഴിഞ്ഞു. പ്രൈമറി ഹെൽത്ത് സെന്ററിലെ ഡോക്ടർമാരേയും, പാരാമെഡിക്കൽ സ്റ്റാഫിനേയും ജില്ലാ പഞ്ചായത്ത് നിയമിക്കുന്നു. വെറ്റിനറി ഡോക്ടർമാരുടെ നിയമനവും അവർക്കു തന്നെ. ആശുപത്രികളിലേയ്ക്കുള്ള മരുന്നിന്റെ പണവും പഞ്ചായത്തു നല്കുന്നു. ചത്തീസ്ഘട്ടിലും ജില്ലാ പഞ്ചായത്തിന് അദ്ധ്യാപക നിയമനത്തിനധികാരമുണ്ട്. ഇവിടെ ഉദ്യോഗസ്ഥ നിയമനങ്ങൾക്കുവേണ്ടി പ്രത്യേകമായി പഞ്ചായത്ത് കേഡർ നിലവിൽ വന്നിട്ടുണ്ട്. പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരെയും ഇതുമുഖാന്തരം നിയമിക്കുന്നു.

### വനിതാസംവരണവും സ്ത്രീശാക്തീകരണവും

വനിതാ സംവരണകാര്യത്തിൽ ഇതര സംസ്ഥാനങ്ങൾ ഏറെ മുന്നോട്ടുപോയിട്ടുണ്ട്. ഉത്തരഖണ്ഡ് സംസ്ഥാനം വനിതാ സംവരണം 50% ആക്കി ഉയർത്തിയതിനു പുറമെ സംവരണ കാലദൈർഘ്യം 10 വർഷമായി വർദ്ധിപ്പിച്ചിരിക്കുന്നു. വനിതാ സംവരണം 50% ആക്കുന്നതിൽ ബീഹാർ, രാജസ്ഥാൻ, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ടെങ്കിലും കാലാവധി 10 വർഷമാക്കുന്നത് ഇതാദ്യമാണ്. സംവരണേതര സീറ്റുകളിൽ നിന്നും ജയിച്ചുവരുന്ന വനിതകളുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനവുണ്ട്. ബീഹാറിൽ ഗ്രാമപഞ്ചായത്തുകളിൽ 54% വനിതാ പ്രതിനിധികളുള്ളപ്പോൾ കർണ്ണാടകയിൽ അതു 43%വും അരുണാചൽ പ്രദേശിൽ 40%വുമാണ്. ഒറീസ്സയിൽ ഗ്രാമപഞ്ചായത്തുകളിൽ വൈസ്പ്രസിഡന്റു സ്ഥാനം വനിതകൾക്കുമാത്രമായി സംവരണം ചെയ്തിട്ടുണ്ട്. ഹരിയാനയിൽ നിംഖേദ (Neemkheda) പഞ്ചായത്തിൽ എല്ലാ അംഗങ്ങളും വനിതകൾ മാത്രമാണ്. ഇന്ത്യയിലെ ആദ്യത്തെ വനിതാപഞ്ചായത്ത് എന്ന ഖ്യാതിയും അവർക്കുണ്ട്. മഹാരാഷ്ട്രയിൽ വനിതകൾക്കുമാത്രമായി ഗ്രാമസഭകൾ പ്രവർത്തിക്കുന്നു. പൊതുഗ്രാമസഭകൾക്കു മുന്നോടിയായി വനിതാ ഗ്രാമസഭകൾ യോഗം ചേർന്ന് നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുന്നു. ചില സംസ്ഥാനങ്ങളിൽ ദേശീയ പ്രധാന ദിവസങ്ങളായ ആഗസ്ത് 15, ഒക്ടോബർ 2, ജനുവരി 26 എന്നീ തീയ്യതികളിൽ ഗ്രാമസഭകൾ ചേർന്നിരിക്കണമെന്ന് നിർബന്ധമുണ്ട്. ഈ ദിവസം ചേരുന്ന ഗ്രാമസഭ സ്ത്രീകളുടെയും പിന്നോക്ക വിഭാഗക്കാരുടെയും പ്രശ്നങ്ങൾ ചർച്ചചെയ്യണമെന്നും നിഷ്കർഷിക്കുന്നു.

### സ്വയംസഹായസംഘങ്ങൾ

ഹിമാചൽപ്രദേശിൽ പുരുഷന്മാരുടെ മാത്രമായുള്ള സ്വയംസഹായ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള എല്ലാ പുരുഷന്മാരും ഇതിൽ അംഗങ്ങളാണ്. വനിതകളുടെ സംഘങ്ങളും സമാന്തരമായി പ്രവർത്തിക്കുന്നു. പഞ്ചായത്തുകൾ അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നു. ജില്ലാ തലത്തിൽ മാർക്കറ്റിംഗ് ശൃംഖല തീർക്കുന്നതിൽ ജില്ലാ പഞ്ചായത്ത് മുൻകൈ എടുക്കുന്നു. മണിപ്പൂരിൽ വനിതകൾ മാത്രമായി നടത്തുന്ന മാർക്കറ്റുകൾ കാണാം. പലതും പഞ്ചായത്തിന്റെ സഹായത്തോടെയാണ് പ്രവർത്തിക്കുന്നത്. ഇവിടെ എല്ലാ വനിതകളും ഒന്നല്ലെങ്കിൽ മറ്റൊരു സ്വയം സഹായസംഘങ്ങളിൽ (Self Help Group) അംഗങ്ങളാണ്. ബ്ലോക്ക് തലത്തിൽ മാർക്കറ്റിംഗ് നെറ്റ്വർക്ക് ഒരുക്കിയിട്ടുള്ളതിനാൽ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്ന കാര്യത്തിൽ ഇവിടെ വലിയ പ്രശ്നമില്ല. സിക്കിം സംസ്ഥാനത്ത് ബ്ലോക്ക് തലത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ ഗ്രാമീണ വിപണന കേന്ദ്രങ്ങൾ (Rural Business Hubs) പ്രവർത്തിക്കുന്നു. പ്രാദേശിക സാമ്പത്തിക വികസനത്തിൽ ഇവ നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്.

മദ്ധ്യപ്രദേശിൽ ഗ്രാമസഭകൾക്ക് ജനപ്രതിനിധി കളെ തിരിച്ചു വിളിക്കാനുള്ള അധികാരമുണ്ട്. തെരഞ്ഞെടുത്ത് രണ്ടു വർഷത്തിനുശേഷം ഈ അധികാരം അവർക്കു പ്രയോഗിക്കാം. ആകെ വോട്ടർമാരിൽ 2/3 പേരുടെ പിൻതുണ ഉണ്ടെങ്കിൽ മെമ്പർക്കെതിരെ പ്രമേയം പാസാക്കുകയും സ്ഥാനം നഷ്ടപ്പെടുകയും ചെയ്യും.

### ഗ്രാമസഭകൾ

മദ്ധ്യപ്രദേശിൽ ഗ്രാമസഭകൾക്ക് ജനപ്രതിനിധികളെ തിരിച്ചു വിളിക്കാനുള്ള അധികാരമുണ്ട്. തെരഞ്ഞെടുത്ത് രണ്ടു വർഷത്തിനുശേഷം ഈ അധികാരം അവർക്കു പ്രയോഗിക്കാം. ആകെ വോട്ടർമാരിൽ 2/3 പേരുടെ പിൻതുണ ഉണ്ടെങ്കിൽ മെമ്പർക്കെതിരെ പ്രമേയം പാസാക്കുകയും സ്ഥാനം നഷ്ടപ്പെടുകയും ചെയ്യും. കാര്യക്ഷമമല്ലാത്ത ജനപ്രതിനിധികൾക്കെതിരെ പ്രയോഗിക്കുന്ന ആയുധമാണിത്. മണിപ്പൂരിൽ ഗ്രാമസഭകളും പഞ്ചായത്തുകളും തമ്മിൽ അഭേദ്യബന്ധമുണ്ട്. ഇവിടെ ഗ്രാമസഭകളാണ് പഞ്ചായത്തുകളായി പരിണമിച്ചത്. പഞ്ചായത്ത് പ്രസിഡന്റ് ഏറ്റവും അറിയപ്പെടുന്നത് ഗ്രാമസഭാ അദ്ധ്യക്ഷൻ എന്ന പേരിലാണ്. പഞ്ചായത്തോഫീസിനെ ഗ്രാമസഭാ ഓഫീസ് എന്നും ഇവർ വിളിക്കുന്നു. മണിപ്പൂരിൽ ഗ്രാമസഭയുടെ പ്രധാന ചുമതല പ്രശ്നപരിഹാരമാണ്. നേരത്തെ 'ന്യായ പഞ്ചായത്തുകൾ' നിലനിന്നിരുന്ന പ്രദേശമായതുകൊണ്ടാകാം ഗ്രാമസഭ ഈ പ്രവർത്തനം ഭംഗിയായി നിർവഹിക്കുന്നത്. സോഷ്യൽ ഓഡിറ്റ് (Social audit) ന് പേരുകേട്ട സംസ്ഥാനമാണ് ആന്ധ്രാപ്രദേശ്. ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ വിജയംതന്നെ ഗ്രാമസഭ നടത്തുന്ന സോഷ്യൽ ഓഡിറ്റിംങ് ഫലപ്രദമാകുന്നതിലൂടെയാണ്. ദേശീയ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റ് (NIRD) സോഷ്യൽ ഓഡിറ്റിങ്ങിനുള്ള രീതി സമ്പ്രദായം രൂപപ്പെടുത്തിയിട്ടുണ്ട്. പശ്ചിമബംഗാളിൽ ജില്ലാപഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും പ്രത്യേക ഗ്രാമസഭകളുണ്ട്.

ഇവിടെ എല്ലാ ഗ്രാമപഞ്ചായത്ത് അംഗങ്ങളും, ബ്ലോക്ക് മെമ്പർമാരും, ബ്ലോക്ക് ഗ്രാമസഭയിൽ അംഗമാകുമ്പോൾ എല്ലാ ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷന്മാരും ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷന്മാരും ജില്ലാ പഞ്ചായത്ത് അംഗങ്ങളും ജില്ലാഗ്രാമസഭയിൽ അംഗങ്ങളാണ്. ഇത് വർഷത്തിൽ രണ്ടുപ്രാവശ്യം വിളിച്ചുചേർക്കണമെന്ന് നിയമമുണ്ട്. 'സാംസത്' എന്നാണ് ഗ്രാമസഭകൾ അറിയപ്പെടുന്നത്.

**ശാക്തീകരണ പ്രവർത്തനങ്ങൾ**

പല സംസ്ഥാനങ്ങളിലും പരിശീലനം ഇന്നൊരു മുഖ്യ അജണ്ടയാണ്. കർണ്ണാടകയിലെ മൈസൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന S.I.R.D സാറ്റ്ലൈറ്റ് (Satellite) സംവിധാനത്തിലൂടെ എല്ലാ ബ്ലോക്ക് ആസ്ഥാനങ്ങളിലുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവിടെ പ്രത്യേകമായി സജ്ജമാക്കിയ സ്റ്റുഡിയോവിലൂടെ ഓഡിയോ വീഡിയോ ക്ലാസ്സുകൾ 224 കേന്ദ്രങ്ങളിലായി നടത്തിവരുന്നു. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും വലിയ തോതിൽ പ്രസ്തുത പരിശീലന പരിപാടിയുമായി ബന്ധപ്പെട്ടിരിക്കുന്നു. പരിശീലനം വികേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന രീതിയാണ് രാജസ്ഥാനിലുള്ളത്. ഇവിടുത്തെ പ്രധാന പരിശീലന സ്ഥാപനമായ ഇന്ദിരാഗാന്ധി പഞ്ചായത്തീരാജ് സ്ഥാപനത്തിൻ കീഴിൽ മുന്നൂറോളം ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ചില സംസ്ഥനങ്ങളിലും പഞ്ചായത്തുകൾതന്നെ റിസോഴ്സ് സെന്ററുകൾ (Resource Centre) സ്ഥാപിച്ചിട്ടുണ്ട്. തമിഴ്നാട്ടിലുള്ള കുത്തൻബക്കം ഗ്രാമപഞ്ചായത്ത് പ്രത്യേകമായി തൊഴിൽപരിശീലന കേന്ദ്രങ്ങൾ നടത്തിവരുന്നു. ശാക്തീകരണ പ്രവർത്തനങ്ങളിൽ ഇത്തരം സംവിധാനങ്ങൾ ഏറെ പ്രയോജനപരമാണ്.

**ഇതര സംവിധാനങ്ങൾ**

പശ്ചിമബംഗാളിൽ 'ഗ്രാമഉന്നയൻസമിതി' (Grama Unnayan Samithi) ഗ്രാമപഞ്ചായത്തിനു കീഴിൽ പ്രവർത്തിക്കുന്നു. ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രത്യേക കമ്മിറ്റികളാണിത്. പഞ്ചായത്തിന്റെ പദ്ധതിആസൂത്രണം, നിർവഹണം, മോണിറ്ററിംഗ് എന്നീ പ്രവർത്തനങ്ങളിൽ പഞ്ചായത്തുകളെ സഹായിക്കുകയാണ് മുഖ്യകർമ്മം. പശ്ചിമബംഗാളിൽ ജില്ലാ പഞ്ചായത്തിന് പ്രതിപക്ഷനേതാവ് ചെയർമാനായുള്ള ജില്ലാ കൗൺസിൽ നിലവിലുണ്ട്. ജില്ലയിലെ എല്ലാ പഞ്ചായത്തിന്റെയും അക്കൗണ്ടുകളും, വാർഷിക കണക്കുകളും പ്രസ്തുത കമ്മിറ്റിക്ക് പരിശോധിക്കാം.

ജില്ലയിലെ പബ്ലിക്ക് അക്കൗണ്ട് കമ്മിറ്റി, ഓംബുഡ്സ്മാൻ എന്നീ ചുമതലയും പ്രസ്തുത ജില്ലാകൗൺസിൽ നിർവഹിക്കുന്നു. ഗുജറാത്തിൽ 13000 ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരണം നടന്നുകഴിഞ്ഞു. പഞ്ചായത്തിൽനിന്നും റവന്യൂ വിവരങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ അറിയാനുള്ള സംവിധാനം അവിടെ നിലനിൽക്കുന്നു. ഹരിയാനയിൽ യുവജനപങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. നെഹ്റു യുവകേന്ദ്രത്തിന്റെ സഹായത്തോടെ പഞ്ചായത്ത് യുവശക്തി അഭിയാൻ പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും ഗ്രാമപഞ്ചായത്തുകളെ സഹായിക്കുന്നു. ചെന്നെയിലെ രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത് ഡവലപ്മെന്റ് (RGNIYD) പഞ്ചായത്തിലെ യുജനപ്രതിനിധികൾക്ക് മാത്രമായി പ്രത്യേക പരിശീലന പരിപാടികൾ നടത്തിവരുന്നു. മണിപ്പൂർ, ഗോവ, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ വനിതാ ജനപ്രതിനിധികളുടെ ശാക്തീകരണത്തിനായി പഞ്ചായത്ത് മഹിളാശക്തി അഭിയാൻ (PMSA) പ്രവർത്തിച്ചുവരുന്നു. പഞ്ചാബിൽ ഗ്രാമീണകുടിവെള്ള പദ്ധതികളുടെ നിയന്ത്രണം പഞ്ചായത്തിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഹിമാചൽ പ്രദേശിലെ ഗ്രാമസഭകൾ നല്കുന്ന സർട്ടിഫിക്കറ്റ് (Utilisation certificate) ഉണ്ടെങ്കിൽ മാത്രമെ നിർമ്മാണ പ്രവർത്തികളുടെ പണം അനുവദിച്ചുകൊടുക്കുകയുള്ളു. ഗോവയിൽ എല്ലാ പഞ്ചായത്തുകളും സിറ്റിസൺ ചാർട്ടർ പ്രസിദ്ധീകരിച്ചുകഴിഞ്ഞു.

> ബീഹാറിൽ ഗ്രാമപഞ്ചായത്തുകളിൽ 54% വനിതാ പ്രതിനിധികളുള്ളപ്പോൾ കർണ്ണാടകയിൽ അതു 43%വും അരുണാചൽ പ്രദേശിൽ 40%വുമാണ്. ഒറീസ്സയിൽ ഗ്രാമപഞ്ചായത്തുകളിൽ വൈസ്പ്രസിഡന്റു സ്ഥാനം വനിതകൾക്കു മാത്രമായി സംവരണം ചെയ്തിട്ടുണ്ട്. ഹരിയാനയിൽ നിംഖേദ (Neemkheda) പഞ്ചായത്തിൽ എല്ലാ അംഗങ്ങളും വനിതകൾ മാത്രമാണ്.

**ജനപ്രതിനിധി സംഘടനകൾ**

പല സംസ്ഥാനങ്ങളിലും ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധി സംഘടനകളും അസോസിയേഷനും അധികാരവികേന്ദ്രീകരണത്തിന്റെ വക്താക്കളായി മാറികഴിഞ്ഞു. അവ കക്ഷിരാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കുന്നു എന്നതാണ് പ്രത്യേകത. വികേന്ദ്രീകരണം മുകളിൽ നിന്നും അടിച്ചേൽപ്പിച്ച പദ്ധതിയാണെന്നതിന് അപവാദമായി താഴെതട്ടിൽ ഉയരുന്ന ആവശ്യമാണെന്നതിലേയ്ക്ക് മാറ്റിയെടുക്കാൻ അസോസിയേഷന്റെ പ്രവർത്തനംകൊണ്ട് സാധിച്ചിട്ടുണ്ട്. കൂടുതൽ അധികാരവും പണവും പഞ്ചായത്തുകൾക്കു ലഭിക്കുന്നതിനും അതൊരു ജനകീയ ആവശ്യമായി നിലനിർത്തുന്നതിനും അസോസിയേഷനുകളും സംഘടനകളും താഴെതലത്തിൽ പ്രവർത്തിക്കുന്നതായി കാണാം. ഉത്തർപ്രദേശിൽ ഈ ആവശ്യം നിരന്തരമായി അവർ ഉന്നയിച്ചുവരുന്നു. മണിപ്പൂരിൽ മദ്ധ്യതലപഞ്ചായത്ത് രൂപീകരിക്കുന്നതിനും, ഡി.പി.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, വാർഡ് സഭകൾ രൂപീകരിക്കുന്നതിനും മണിപ്പൂർ പഞ്ചായത്ത് പരിഷത്ത് രംഗത്തുണ്ട്. പഞ്ചാബിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് മാറ്റിവെക്കാനുള്ള തീരുമാനത്തിൽ വ്യാപകമായ പ്രതിഷേധം ഉയർന്നതിന്റെ പിറകിലും അസോസിയേഷന്റെ സാന്നിദ്ധ്യം കാണാൻ കഴിയും. മറ്റു സംസ്ഥാനങ്ങളിലെ നല്ല അനുഭവങ്ങൾ ഉയർത്തിപ്പിടിച്ചാണ് അസോസിയേഷനുകൾ പ്രവർത്തിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

73,74 ഭരണഘടനാഭേദഗതികളുടെ പതിനഞ്ചാണ്ടുകൾ പിന്നിടുമ്പോൾ വിവിധ സംസ്ഥാനങ്ങളിൽ പലരീതികൾ നിലനിൽക്കുന്നതായി കാണാം. അതിൽ അനുകരണീയ മാതൃകകൾ ഉണ്ട്. അവ കണ്ടെത്തുകയാണ് പ്രധാനം. കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയം തന്നെ അത്തരം മോഡലുകൾ കണ്ടെത്തി പ്രചരിപ്പിക്കാനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണം ഫലവത്തായി നടപ്പിലാക്കുന്നതിനും പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ യഥാർത്ഥ പ്രാദേശിക സർക്കാരുകളാക്കി മാറ്റാനുള്ള ശ്രമങ്ങൾക്ക് അത് ഏറെ സഹായകമാകുമെന്നതിൽ സംശയമില്ല.

*(ലേഖകൻ ചണ്ഡീഗഢിലെ സെന്റർ ഫോർ റിസർച്ച് ഇൻ റൂറൽ & ഇൻഡസ്ട്രിയൽ ഡവലപ്മെന്റിന്റെ ഡയറക്ടറാണ്)*





# ഗ്രാമസഭ

## യഥാസമയം ചേരുക
## മെമ്പർ അയോഗ്യനാവാതിരിക്കുക

**അഡ്വ. ഷിൻല ബി**
കടയ്ക്കാവൂർ

ഭരണത്തിലും ആസൂത്രണത്തിലും ജനകീയ പങ്കാളിത്തവും സുതാര്യതയും ഉറപ്പുവരുത്തണമെന്നും അഴിമതിയും പക്ഷപാതവും അനീതിയും ഒഴിവാക്കണമെന്നും ഉള്ള ലക്ഷ്യബോധത്തോടെയാണ് പഞ്ചായത്ത് രാജ് ആക്ടിൽ ഗ്രാമസഭകൾ ചേർന്ന് വികസന കാര്യങ്ങൾ ആലോചിക്കുകയും ചർച്ച ചെയ്ത് തീരുമാനിക്കണമെന്നും നിഷ്കർഷിക്കുന്നത്. ഗ്രാമസഭകൾക്ക് വിപുലമായ അധികാരങ്ങളാണ് കേരള പഞ്ചായത്ത് രാജ് ആക്ടിൽ നൽകിയിട്ടുള്ളത്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി താഴേതട്ടിൽനിന്നും ആസൂത്രണം നടത്തണമെന്ന ആവശ്യകത മുന്നിൽകണ്ടുകൊണ്ടാണ് ഗ്രാമസഭകൾ കൂടി വികസന കാര്യങ്ങളും വാർഡിന്റെ പൊതുവായ കാര്യങ്ങളും ചർച്ച ചെയ്ത് തീരുമാനിക്കണമെന്ന് നിയമംകൊണ്ട് ഉദ്ദേശിക്കുന്നത്. വികസന പദ്ധതികൾ തയ്യാറാക്കുന്നതിലെ പങ്കാളിത്തവും, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരവും, ഭരണത്തിലും പദ്ധതികളിലും ഉള്ള നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം ചെയ്യുന്നതിനുള്ള ചുമതലകളും ഗ്രാമസഭകളിൽ നിക്ഷിപ്തമാണ്. ജനപ്രതിനിധികൾക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനും, വിലയിരുത്തുന്നതിനും ജനഹിതം മനസ്സിലാക്കി പ്രവർത്തിക്കുന്നതിനും കഴിയുന്നതാണ്. അതുപോലെ വാർഡിലെ ജനങ്ങൾക്ക് തങ്ങളുടെ ആവശ്യങ്ങളും ആവലാതികളും ജനപ്രതിനിധിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും വാർഡിൽ നടപ്പാക്കിയതും നടപ്പാക്കുന്നതുമായ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യാൻ കഴിയുന്നതുമാണ്. ആനുകൂല്യ വിതരണങ്ങൾക്ക് അർഹതപ്പെട്ടവരുടെ മുൻഗണനാ ലിസ്റ്റ് ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുക്കുന്നതുമൂലം തികഞ്ഞ സുതാര്യതയും നിഷ്പക്ഷതയും പാലിക്കാനാവുന്നതാണ്. എന്നാൽ ഗ്രാമസഭകൾ യഥാസമയം വിളിച്ചുകൂട്ടി കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനം എടുക്കുന്നതിൽ ജനപ്രതിനിധികൾ വീഴ്ച വരുത്തുന്നതായോ, അല്ലെങ്കിൽ നിയമത്തിൽ നിർദ്ദേശിക്കുന്നതുകൊണ്ട് മാത്രം ഗ്രാമസഭ വിളിച്ചുകൂട്ടൽ എന്ന ഒരു ചടങ്ങു നടത്തി പോകുന്നതോ ആയ പരാതികൾ പല ഭാഗത്തുനിന്നും ഉണ്ട്. ഗ്രാമസഭാ യോഗത്തിന്റെയും, അതു വിളിച്ചുകൂട്ടേണ്ടതിന്റെയും, അതിന് വീഴ്ച വരുത്തിയാൽ ഉണ്ടായേക്കാവുന്ന പരിണിതഫലങ്ങളും മനസ്സിലാക്കിയിരിക്കുന്നത് ഏറ്റവും ഉചിതമാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 3–ാം വകുപ്പിൽ ഗ്രാമസഭയെപ്പറ്റി വിവരിക്കുന്നു. ഗ്രാമസഭ എന്നാൽ ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തിലെ ഒരു വാർഡിലെ വോട്ടർമാരുടെ കൂട്ടായ സഭയാണ്. ഗ്രാമസഭ അംഗങ്ങൾ ആ വാർഡിലെ വോട്ടേഴ്സ് ലിസ്റ്റിൽ പേര് ഉൾപ്പെട്ടവരാകുന്നു.

> താൻ കൺവീനർ (വാർഡ് മെമ്പർ) ആയിരിക്കുന്ന ഗ്രാമസഭയുടെ യോഗം മൂന്നുമാസത്തിൽ ഒരിക്കൽ വിളിച്ചു കൂട്ടുന്നതിൽ തുടർച്ചയായി രണ്ടുതവണ വീഴ്ചവരുത്തുന്ന പക്ഷം ആ മെമ്പറെ കേരള പഞ്ചായത്ത് രാജ് ആക്ട് 35 (P) വകുപ്പനുസരിച്ച് അയോഗ്യനാക്കുന്നതും അയാൾ അംഗമായി ഉദ്യോഗത്തിൽ തുടരാൻ പാടില്ലാത്തതുമാണ്. അതായത് തുടർച്ചയായി 6 മാസക്കാലം ഗ്രാമസഭ വിളിച്ചു ചേർക്കാത്ത പക്ഷം വാർഡ് മെമ്പർക്ക് അയോഗ്യത ഉണ്ടാകുന്നതാണ്.

**കൺവീനർ:**

വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്ത് അംഗം ഗ്രാമസഭയുടെ കൺവീനർ ആയിരിക്കും. എന്നാൽ ഏതെങ്കിലും കാരണവശാൽ വാർഡ് മെമ്പർക്ക് തന്റെ കടമകളും ചുമതലകളും ശാരീരികമായോ മറ്റേതെങ്കിലും കാരണത്താലോ നിർവ്വഹിക്കാൻ സാധിക്കാത്ത പക്ഷം പഞ്ചായത്ത് പ്രസിഡന്റിന് അടുത്തുള്ള ഏതെങ്കിലും വാർഡിനെ പ്രതിനിധീകരിക്കുന്ന മെമ്പറെ ഗ്രാമസഭയുടെ കൺവീനറായി നിയമിക്കാം.

**അദ്ധ്യക്ഷൻ:**

ഗ്രാമസഭയുടെ അദ്ധ്യക്ഷൻ പഞ്ചായത്ത് പ്രസിഡന്റ് ആയിരിക്കും. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ വൈസ്പ്രസിഡന്റും ഇരുവരുടേയും അസാന്നിദ്ധ്യത്തിൽ ഗ്രാമസഭയുടെ കൺവീനർ അദ്ധ്യക്ഷൻ ആയിരിക്കേണ്ടതുമാണ്.

**കോറം:**

ഗ്രാമസഭയുടെ കോറം വാർഡിലെ വോട്ടർമാരുടെ 10% ആയിരിക്കും. എന്നാൽ ഒരു ഗ്രാമസഭ ക്ലിപ്ത സംഖ്യയില്ലാതെ പിരിഞ്ഞുപോകുന്ന പക്ഷം അപ്രകാരം പിരിഞ്ഞു പോയതിനെ തുടർന്ന് വിളിച്ചു ചേർക്കുന്ന ഗ്രാമസഭയ്ക്ക് കോറം 50 അംഗങ്ങൾ ആയിരിക്കുന്നതുമാണ്.

**വിളിച്ചു കൂട്ടേണ്ട നടപടിക്രമങ്ങളും ഭേദഗതികളും:**

പഞ്ചായത്ത് രാജ് ആക്ട് നിലവിൽവരുന്ന 1994 ൽ ആക്ടിൽ നിഷ്കർഷിച്ചിരുന്നത് വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും ഗ്രാമപഞ്ചായത്ത് തീരുമാനിക്കുന്ന സ്ഥലത്ത് ഗ്രാമസഭ ചേരണമെന്നാണ്. ഗ്രാമസഭ വിളിച്ചു കൂട്ടുന്നതും നടത്തിപ്പും സംബന്ധിച്ച് 1995 ൽ നിലവിൽ വന്ന റൂൾ അനുസരിച്ച് ഗ്രാമസഭയുടെ തീയതിയും സമയവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗ്രാമസഭയുടെ കൺവീനറുമായി (വാർഡ് മെമ്പറുമായി) കൂടി ആലോചിച്ച് തീരുമാനിക്കേണ്ടതാണ്. ഗ്രാമസഭയുടെ സമയം രാവിലെ 8 നും വൈകുന്നേരം 6 മണിക്കും മദ്ധ്യേ ആയിരിക്കണമെന്നും ഗ്രാമസഭാ യോഗത്തിലേയ്ക്കുള്ള നോട്ടീസ് സെക്രട്ടറി അച്ചടിച്ച് വിതരണം ചെയ്യണമെന്നും ചട്ടത്തിൽ വിവരിക്കുന്നു.

**1999 ലെ ഭേദഗതി:**

വർഷത്തിൽ രണ്ടു പ്രാവശ്യം ഗ്രാമസഭ കൂടണമെന്നത്, 24–3–1999 ൽ നിലവിൽ വന്ന ഭേദഗതി അനുസരിച്ച് ഗ്രാമസഭ മൂന്നു മാസത്തിൽ ഒരിക്കൽ എങ്കിലും കൂടണമെന്ന മാറ്റം വരുത്തിയിരിക്കുന്നു. സാധാരണ യോഗങ്ങളിലേയ്ക്ക് ഗ്രാമസഭ (വാർഡ്) ഉൾക്കൊള്ളുന്ന പ്രദേശത്തെ ബ്ലോക്ക് പഞ്ചായത്ത് മെമ്പറെയും ജില്ലാ പഞ്ചായത്ത് മെമ്പറെയും നിയമസഭാ അംഗത്തേയും ഗ്രാമപഞ്ചായത്ത് കൺവീനർ നിർബന്ധമായും ക്ഷണിക്കേണ്ടതാണ്. ഇപ്രകാരം ഗ്രാമസഭയുടെ സ്ഥലം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുന്നതും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗ്രാമസഭാ കൺവീനറോട് (വാർഡ് മെമ്പറോട്) ആലോചിച്ച് ഗ്രാമസഭയുടെ തീയതിയും സമയവും നിശ്ചയിക്കുന്നതുമാണ്. മേൽപ്രകാരം നിബന്ധനകൾ നിലനിൽക്കെ ഒരു വാർഡ് മെമ്പർക്ക് ഗ്രാമസഭ വിളിച്ചുകൂട്ടുന്ന ഉത്തരവാദിത്വത്തിൽ നിന്നും സാങ്കേതിക പഴുതുകൾ ഉപയോഗിച്ച് ഒഴിഞ്ഞുമാറാൻ കഴിയുമായിരുന്നു. 'താൻ മെമ്പറായ വാർഡിലെ ഗ്രാമസഭ കൂടേണ്ട സ്ഥലം പഞ്ചായത്ത് കമ്മറ്റി നിശ്ചയിച്ചു തന്നിരുന്നില്ല' എന്നും അല്ലെങ്കിൽ 'പഞ്ചായത്ത് പ്രസിഡന്റ് മെമ്പറുമായി കൂടി ആലോചിച്ച് ഗ്രാമസഭയുടെ തീയതിയും സമയവും നിശ്ചയിച്ചു തന്നില്ല' എന്നും ആ കാരണങ്ങൾകൊണ്ടാണ് യഥാസമയം ഗ്രാമസഭ വിളിച്ചു ചേർക്കാൻ കഴിയാതെ പോയതെന്ന തർക്കവും വാദവും മെമ്പർക്ക് തുണയായി പ്രയോഗിച്ച് അയോഗ്യതയിൽ നിന്നും ഒഴിവാകാനാവുമായിരുന്നു. ഗ്രാമസഭ കൂടാതിരുന്നതു സംബന്ധിച്ച് ഇലക്ഷൻ കമ്മീഷൻ നടപടികളിന്മേൽ ഉള്ള കേരളാ ഹൈക്കോടതിയിലെ വിധിന്യായത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തീയതിയും സമയവും നൽകിയതിന് ശേഷവും മെമ്പർ ഗ്രാമസഭ വിളിച്ചു ചേർത്തില്ലാ എന്ന വ്യക്തമായ ആവലാതി ഹർജിയിൽ ഇല്ലാതിരിക്കെ മെമ്പറെ മാത്രം അയോഗ്യനാക്കുന്നത് അപ്രായോഗികമാണെന്നും എന്നാൽ പഞ്ചായത്ത് ആക്ട് 35 (P) അനുസരിച്ചുള്ള അയോഗ്യതയ്ക്ക് വിവേചനം ഇല്ല എന്നും വ്യക്തമാക്കിയതുമാണ്. (Lizy Valsalan V State Electon Commission–2003 (3) KLT 1185).

**2005ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ആക്ട്:**

1999ലെ ഭേദഗതിക്ക് ശേഷവും ഗ്രാമസഭകൾ വിളിച്ചു കൂട്ടുന്നതിൽ അവ്യക്തതകളും നടപടികളിൽ നിന്ന് ഒഴുവാകുന്നതിൽ പഴുതുകളും ഉണ്ടായിരുന്നു. എന്നാൽ 24–8–2005ൽ നിലവിൽ വന്ന ഭേദഗതി അനുസരിച്ച് "ഗ്രാമസഭ കുറഞ്ഞ പക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭയുടെ കൺവീനർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായി കൂടി ആലോചിച്ച് നിശ്ചയിക്കുന്ന സ്ഥലത്തും തീയതിയിലും സമയത്തും യോഗം ചേരേണ്ടതും യോഗം ചേരുന്ന വിവരം ഒരു പൊതു നോട്ടീസ് മുഖേന ഗ്രാമസഭയുടെ കൺവീനർ ഗ്രാമസഭാ അംഗങ്ങളെ അറിയിക്കേണ്ടതും അങ്ങനെ ഉള്ള യോഗത്തിൽ ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തേയും ജില്ലാ പഞ്ചായത്ത് അംഗത്തെയും നിയമസഭ അംഗത്തെയും നിർബന്ധമായും ഗ്രാമസഭയുടെ കൺവീനർ ക്ഷണിക്കേണ്ടതുമാണ് എന്ന് മാറ്റം വരുത്തിയതുമാണ്. ഇപ്രകാരം ഭേദഗതി ആക്ടിൽ നിലവിൽ വന്നതോടെ ആക്ടിലെ ഭേദഗതിക്കനുസരണമല്ലാത്ത റൂളിലെ വ്യവസ്ഥകൾക്ക് പ്രാബല്യം ഇല്ലാതെ വരുന്നതുമാണ്. ഇതുപ്രകാരം

a) ഗ്രാമസഭ കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കൽ എങ്കിലും വിളിച്ചു കൂട്ടണം.
b) ഗ്രാമസഭയുടെ സ്ഥലവും തീയതിയും സമയവും വാർഡ് മെമ്പർ പഞ്ചായത്ത് പ്രസിഡന്റുമായി ആലോചിച്ച് നിശ്ചയിക്കണം.
c) ഗ്രാമസഭ ചേരുന്ന വിവരം ഒരു പൊതു നോട്ടീസിലൂടെ വാർഡ് മെമ്പർ അംഗങ്ങളെ അറിയിക്കണം.
d) ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ജില്ലാ പഞ്ചായത്ത് മെമ്പർ, M.L.A. എന്നിവരെ ഗ്രാമസഭയിലേയ്ക്ക് വാർഡ് മെമ്പർ ക്ഷണിക്കണം.

**ഗ്രാമസഭയുടെ പ്രത്യേക യോഗം:**

ഏതെങ്കിലും ഗ്രാമസഭയുടെ 10% കുറയാതെയുള്ള അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ അപ്രകാരം ഉള്ള ആവശ്യത്തോടൊപ്പം നൽകിയിട്ടുള്ള കാര്യപരിപാടിയോട് കൂടി ഗ്രാമസഭയുടെ ഒരു പ്രത്യേക യോഗം ഗ്രാമസഭയുടെ കൺവീനർ 15 ദിവസത്തിനകം വിളിച്ചു കൂട്ടേണ്ടതാണ്. അപ്രകാരം ഉള്ള പ്രത്യേക യോഗം വിളിച്ചു കൂട്ടുന്നത് രണ്ട് സാധാരണ യോഗങ്ങൾക്ക് ഇടയിലുള്ള കാലയളവിൽ ഒരിക്കൽ മാത്രമാണ്.

**കോർഡിനേറ്റർ:**

ഗ്രാമസഭയുടെ നടത്തിപ്പിന് കൺവീനറെ സഹായിക്കുന്നതിന് ഗ്രാമപഞ്ചായത്തിലേയോ അനുബന്ധസ്ഥാപനങ്ങളുടേയോ ഒരു ഉദ്യോഗസ്ഥനെ ഗ്രാമസഭയുടെ കോർഡിനേറ്ററായി പഞ്ചായത്ത് നിർദ്ദേശിക്കുന്നതും അയാൾ ഗ്രാമസഭയുടെ മിനിട്ട്സ് തയ്യാറാക്കി അനന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**ഗ്രാമസഭാ നോട്ടീസ്:**

2005ലെ ഭേദഗതിയെ തുടർന്ന് ഗ്രാമസഭ ചേരുന്ന വിവരം ഒരു പൊതു നോട്ടീസിലൂടെ വാർഡ് മെമ്പർ അംഗങ്ങളെ അറിയിക്കേണ്ടതാണ്. ഒരു വാർഡിലെ വോട്ടർമാർ ഉൾപ്പെടുന്ന ഗ്രാമസഭാ അംഗങ്ങൾക്ക്, ഓരോരുത്തർക്കുമോ വീട്ടിലെ മുതിർന്ന അംഗത്തിനോ നോട്ടീസ് നേരിട്ട് നൽകുന്നത് പ്രായോഗികമല്ല. അപ്രകാരം ചെയ്യണമെന്ന് ആക്ടിലോ റൂളിലോ നിഷ്കർഷിച്ചിട്ടും ഇല്ല. (Mavoor Grama Panchayat V Ombudsman 2007 (4) KLT. 886) ഗ്രാമസഭാ നടത്തിപ്പു സംബന്ധിച്ചുള്ള ചട്ടങ്ങൾ – റൂൾ 4 അനുസരിച്ച് ഗ്രാമസഭാ യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പ്രചാരണം നൽകി അംഗങ്ങളെ അറിയിക്കാൻ ഗ്രാമസഭയുടെ കൺവീനർ ശ്രമിക്കേണ്ടതാണ്. കേരളാ പഞ്ചായത്ത് രാജ് ആക്ട് (നോട്ടീസ് പരസ്യപ്പെടുത്തേണ്ട രീതി) ചട്ടങ്ങൾ 1996 പ്രകാരവും ഗ്രാമസഭ നടത്തിപ്പു സംബന്ധമായ ചട്ടങ്ങൾ പ്രകാരവും, ഗ്രാമസഭ യോഗത്തിന്റെ സ്ഥലവും തീയതിയും സമയവും പരസ്യം ചെയ്തു അംഗങ്ങളെ പങ്കെടുക്കാൻ നിർദ്ദേശിച്ച് നോട്ടീസ് പ്രസിദ്ധം ചെയ്തും അത് ഗ്രാമസഭാതിർത്തിക്കുള്ളിലെ സ്കൂളുകളിലും സർക്കാർ ആഫീസുകളിലും പൊതുസ്ഥലങ്ങളിലും പഞ്ചായത്ത് ഓഫീസിലും പതിച്ചും പ്രസിദ്ധം ചെയ്യേണ്ടതാകുന്നു.

> വാർഡിലെ വികസന കാര്യങ്ങൾ ചർച്ച ചെയ്ത് പദ്ധതി ആസൂത്രണത്തിനും, നിർവ്വഹണത്തിനും യഥാർത്ഥ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും, വിലയിരുത്തൽ നടത്തുന്നതിനും ഗ്രാമസഭകൾ യഥാസമയം വിളിച്ചു കൂട്ടേണ്ടത് തിരഞ്ഞെടുക്കപ്പെട്ട മെമ്പർ കാലാവധിക്ക് മുമ്പ് അയോഗ്യനാകാതിരിക്കുന്നതിനെ സഹായിക്കുന്നതുമാണ്.

**ഗ്രാമസഭ വിളിച്ചു ചേർക്കാത്തതിൽ ഉള്ള അയോഗ്യത:**


താൻ കൺവീനർ (വാർഡ് മെമ്പർ) ആയിരിക്കുന്ന ഗ്രാമസഭയുടെ യോഗം മൂന്നുമാസത്തിൽ ഒരിക്കൽ വിളിച്ചു കൂട്ടുന്നതിൽ തുടർച്ചയായി രണ്ടുതവണ വീഴ്ചവരുത്തുന്ന പക്ഷം ആ മെമ്പറെ കേരള പഞ്ചായത്ത് രാജ് ആക്ട് 35 (P) വകുപ്പനുസരിച്ച് അയോഗ്യനാക്കുന്നതും അയാൾ അംഗമായി ഉദ്യോഗത്തിൽ തുടരാൻ പാടില്ലാത്തതുമാണ്. അതായത് തുടർച്ചയായി 6 മാസക്കാലം ഗ്രാമസഭ വിളിച്ചു ചേർക്കാത്ത പക്ഷം വാർഡ് മെമ്പർക്ക് അയോഗ്യത ഉണ്ടാകുന്നതുമാണ്.

മേൽപ്രകാരം ഒരംഗം അയോഗ്യനായി തീർന്നിട്ടുണ്ടോയെന്ന് ഒരു പ്രശ്നം ഉത്ഭവിക്കുമ്പോൾ ബന്ധപ്പെട്ട പഞ്ചായത്തിലെ ഒരു അംഗത്തിനോ അല്ലെങ്കിൽ ആ അംഗം തെരഞ്ഞെടുക്കപ്പെട്ട വാർഡിലെ ഒരു വോട്ടർക്കോ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ മുമ്പാകെ ആ മെമ്പറെ അയോഗ്യനായി പ്രഖ്യാപിക്കുന്നതിനായി ഹർജി ബോധിപ്പിക്കാവുന്നതാണ്. തെരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യമെന്ന് തോന്നുന്ന അന്വേഷണ വിചാരണ നടത്തി തീരുമാനം എടുക്കുന്നതും ആ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. എന്നാൽ അപ്രകാരം ഉള്ള ഹർജിയിൽ അന്തിമ തീരുമാനം എടുക്കുന്നതുവരെ ആ അംഗം ഔദ്യോഗികസ്ഥാനത്ത് തുടരണമോ വേണ്ടയോ എന്നത് സംബന്ധിച്ച് ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുന്നതിനും പഞ്ചായത്ത് രാജ് ആക്ട് 36 (2) വകുപ്പനുസരിച്ച് സംസ്ഥാന ഇലക്ഷൻ കമ്മീഷന് അധികാരമുണ്ട്. മേൽപ്രകാരം ഒരു അംഗത്തിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അയോഗ്യത കൽപ്പിച്ചാൽ ആ അംഗം തുടർന്ന് ഒരു തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥി ആയി മത്സരിക്കുന്നതിന് പഞ്ചായത്ത് രാജ് ആക്ട് 34 (n) വകുപ്പനുസരിച്ച് അയോഗ്യത ഉള്ളതുമാണ്.

വാർഡിലെ വികസന കാര്യങ്ങൾ ചർച്ച ചെയ്ത് പദ്ധതി ആസൂത്രണത്തിനും, നിർവ്വഹണത്തിനും യഥാർത്ഥ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും, വിലയിരുത്തൽ നടത്തുന്നതിനും ഗ്രാമസഭകൾ യഥാസമയം വിളിച്ചു കൂട്ടേണ്ടത് തിരഞ്ഞെടുക്കപ്പെട്ട മെമ്പർ കാലാവധിക്ക് മുമ്പ് അയോഗ്യനാകാതിരിക്കുന്നതിനെ സഹായിക്കുന്നതുമാണ്.

# ഗ്രാമസഭ ഫലപ്രദമാകുന്നതിന്

ഗ്രാമസഭ ഫലപ്രദമാകുന്നതിനു വേണ്ടി തൃശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ നടത്തിയ പഠനത്തിൽ ഉയർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളുമാണ് ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.



**എം.പി. വർക്കി**

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭാ പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന്റെ ഭാഗമായി മുൻ പ്രസിഡന്റുമാർ, മുൻ അംഗങ്ങൾ, ഇപ്പോഴുള്ള അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പിൽ മുൻപ് പ്രവർത്തിച്ചിട്ടുള്ളവരും ഇപ്പോൾ പ്രവർത്തിക്കുന്നവരും, കുടുംബശ്രീ പ്രതിനിധികൾ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, സാക്ഷരതാ പ്രേരക്മാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സാമൂഹ്യ പ്രവർത്തകർ, പട്ടികവർഗ ഊരുകൂട്ട മൂപ്പൻമാർ, പഞ്ചായത്തിലെ ഉദ്യോഗസ്ഥർ എന്നിവരുമായി അഭിമുഖം നടത്തി, പൊതു ചർച്ചകളും അഭിപ്രായങ്ങളും സംഘടിപ്പിച്ച് ഗ്രാമസഭ നേരിടുന്ന പ്രശ്നങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ, എന്നിവയെ സംബന്ധിച്ച് ഓരോരുത്തരുടെയും അഭിപ്രായങ്ങൾ ശേഖരിച്ചിരുന്നു.

ചർച്ചകളിൽ ഗ്രാമസഭ അഭിമുഖീകരിക്കുന്ന പൊതുവായ പ്രശ്നങ്ങളും ഉചിതമായ പരിഹാര നിർദ്ദേശങ്ങളും അവതരിപ്പിക്കപ്പെട്ടു.

## അതിരപ്പിള്ളി പഞ്ചായത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ

അതിരപ്പിള്ളി പഞ്ചായത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഗ്രാമസഭ അഭിമുഖീകരിക്കുന്നതായി ചർച്ചയിൽ പങ്കെടുത്തവർ അറിയിച്ച പ്രസക്തമായ പ്രധാന പ്രശ്നങ്ങൾ, പുതിയതായി തോന്നിയ പ്രശ്നങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ ഫണ്ട്, അധികാരങ്ങൾ, സബ്സിഡികൾ മുതലായവ വെട്ടിക്കുറച്ചതിനാൽ ജനപ്രതിനിധികൾക്ക് ഗ്രാമസഭയെ അഭിമുഖീകരിക്കാൻ മടിയുണ്ട്.
2. ജനങ്ങൾക്ക് അറിയാനുള്ള അവകാശം നിഷേധിക്കപ്പെടുന്നു.
3. ഉദ്യോഗസ്ഥർ ഗ്രാമസഭായോഗങ്ങളിൽ പങ്കെടുക്കുന്നില്ല.
4. ഗ്രാമസഭ അംഗീകരിച്ച മുൻഗണനാക്രമം അട്ടിമറിക്കുന്നു.
5. വാർഷിക വരവു ചെലവു കണക്കുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കുന്നില്ല.
6. ഏതെങ്കിലും സംശയമോ വിശദീകരണമോ ചോദിച്ചാൽ ഗ്രാമസഭ പിരിച്ചുവിടുന്നു.
7. ഭരണസമിതിയുടെ സൗകര്യം നോക്കി സമയവും തീയതിയും സ്ഥലവും നിശ്ചയിക്കുന്നു.
8. ശരിയായ പ്രചാരണത്തിന്റെ അഭാവത്തിൽ അധികം പേരും ഗ്രാമസഭാ യോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ അറിയാറില്ല.
9. ഗ്രാമസഭയുടെ യഥാർത്ഥ അധികാരങ്ങൾ ജനങ്ങളെ അറിയിക്കാൻ ആരും ശ്രമിച്ചിട്ടില്ല. തന്മൂലം ഗ്രാമസഭയുടെ ചുമതലകളും അധികാരങ്ങളും സംബന്ധിച്ച് സാമാന്യ ജനങ്ങൾക്ക് തെറ്റായ ധാരണയാണുള്ളത്.
10. അയൽക്കൂട്ടങ്ങളുടെ പ്രസക്തി നഷ്ടപ്പെടുത്തി വാർഡുമെമ്പർമാർ അയൽക്കൂട്ടങ്ങളിൽ ചെല്ലുന്നില്ല.
11. വാർഡിലെ ആവശ്യങ്ങൾ സംബന്ധിച്ച് ശരിയായ സംവാദം നടക്കുന്നില്ല.
12. പഞ്ചായത്തിന്റെ പ്രവർത്തനം സംബന്ധിച്ച് ജനങ്ങൾക്ക് മതിപ്പില്ല.
13. പഞ്ചായത്ത് സമിതിക്കോ, ഉദ്യോഗസ്ഥർക്കോ മൗലിക കാര്യങ്ങളിൽ ഒന്നും ചെയ്യാൻ അധികാരമില്ല എന്ന് ജനങ്ങൾക്ക് അറിയാം. ഉദാ: വരൾച്ചാ ദുരിതാശ്വാസം, പ്രകൃതിക്ഷോഭം, അപകടം, ദുരന്തങ്ങൾ മുതലായവ.
14. പഞ്ചായത്തിൽ നിന്ന് ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ സംബന്ധിച്ച് ജനങ്ങൾക്ക് അറിവില്ല.
15. വകുപ്പുദ്യോഗസ്ഥർ ഗ്രാമസഭയിൽ പങ്കെടുത്ത് ജനങ്ങളുടെ ആവശ്യങ്ങൾ, പ്രശ്നങ്ങൾ എന്നിവ മനസിലാക്കുകയും അവയ്ക്കുള്ള പരിഹാരങ്ങൾ വിശദീകരിക്കുകയും ചെയ്യുന്നില്ല.

16 വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമില്ല.

17. ഇടുങ്ങിയ ചിന്താഗതി വച്ചുപുലർത്തുന്ന ചിലർ തങ്ങളുടെ സ്വാധീനത്തിൽപെട്ടവരെ ഗ്രാമസഭയിൽ പങ്കെടുക്കുന്നതിൽ നിന്നും വിലക്കുന്നു.
18. പോലീസ്, വനംവകുപ്പ്, ഇലക്ട്രിസിറ്റി ബോർഡ് മുതലായ വകുപ്പുകളാണ് അധികാരസ്ഥാനങ്ങളെന്നും പഞ്ചായത്ത് അധികാരസ്ഥാനമല്ലെന്നും ജനങ്ങൾ കരുതുന്നു.
19. സന്നദ്ധ സംഘടനകൾ, പൗരസംഘടനകൾ തുടങ്ങി വികസന രംഗത്തും സാമൂഹ്യ രംഗത്തും പ്രവർത്തിക്കുന്ന സംഘടനകളെ ഗ്രാമസഭ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനോ അവരെ ഗ്രാമസഭയിൽ ഭാഗഭാക്കാക്കുന്നതിനോ ഉള്ള ശ്രമം നടക്കുന്നില്ല.
20. എം.എൽ.എ ഫണ്ട്, എം.പി ഫണ്ട് എന്നിവ ചെലവാക്കാൻ മാനദണ്ഡങ്ങൾ കുറവാണ്. എന്നാൽ പഞ്ചായത്തു ഫണ്ട് വിനിയോഗിക്കുന്നതിന് അനേകം മാനദണ്ഡങ്ങൾ തടസമാകയാൽ പഞ്ചായത്തിനെ സമീപിച്ചാൽ പ്രയോജനമില്ലെന്ന് ജനങ്ങൾ കരുതുന്നു.
21. രാഷ്ട്രീയ വൈരുദ്ധ്യങ്ങൾ നിലനിൽക്കുന്നതിനാൽ ഗ്രാമസഭയിൽ പങ്കെടുക്കുന്നതിനുള്ള മുഖ്യ പ്രേരണ രാഷ്ട്രീയമാണ്. രാഷ്ട്രീയത്തിന് അതീതമായി ജനങ്ങൾ പ്രാദേശിക ആവശ്യങ്ങൾ ഉന്നയിക്കാൻ തയ്യാറാകുന്നില്ല.
22. ഗ്രാമസഭ സംഘടിപ്പിക്കുന്നതിൽ ജനപ്രതിനിധികൾക്കും, മറ്റു പ്രവർത്തകർക്കുമുള്ള സംഘടനാ പാടവത്തിന്റെ അഭാവം.
23. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ പഞ്ചായത്ത് പര്യാപ്തമല്ല.
24. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്ന രണ്ട് അധികാര സ്ഥാനങ്ങൾ പഞ്ചായത്തിൽ ഉള്ളതിനാൽ ഇരുവിഭാഗത്തെയും തൃപ്തിപ്പെടുത്തി കാര്യങ്ങൾ നേടുക ദുഷ്കരമാണ്.
25. ഗ്രാമസഭ ചർച്ചകൾ ഫലപ്രദമാക്കാൻ കഴിവുള്ള ഗ്രാമസഭാംഗങ്ങളെ ഗ്രാമസഭ യോഗങ്ങളിലേയ്ക്ക് ആകർഷിക്കാൻ ശ്രദ്ധിക്കാത്തതിനാൽ ചർച്ചകൾ വ്യർത്ഥമായി തീരുന്നു.

## പ്രത്യേക പ്രശ്നങ്ങൾ

ഏറ്റവും വിസ്തൃതിയുള്ള പഞ്ചായത്ത്, പട്ടികവർഗ കോളനികൾ ഏറെയുള്ള പഞ്ചായത്ത്, അഞ്ചു വാർഡുകൾ തോട്ടം മേഖലയായ പഞ്ചായത്ത്, ഭൂരിപക്ഷം പ്രദേശവും വനമേഖലയായ പഞ്ചായത്ത്, മലയോര പ്രദേശം എന്നീ സാഹചര്യങ്ങൾ കൊണ്ട് അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന് തനതായ ചില പ്രശ്നങ്ങൾ ഉണ്ട്. ഹൈറേഞ്ച്, തോട്ടം മേഖല, വനമേഖല എന്നിവ ഉൾക്കൊള്ളുന്ന മറ്റു പഞ്ചായത്തുകൾക്കും സമാന പ്രശ്നങ്ങൾ ഏറിയും കുറഞ്ഞും ഉണ്ടാകും. പൊതുപഠനങ്ങളിൽ അവ ഉൾപ്പെടുത്താൻ സാധ്യത കുറവായതിനാൽ അത്തരം പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

1) എസ്റ്റേറ്റ് മേഖലയിലും വനമേഖലയിലും യാതൊരു വികസന പ്രവർത്തനങ്ങളും പഞ്ചായത്തിന് നടത്താൻ കഴിയാത്തതിനാൽ അവിടെ ഗ്രാമസഭയിൽ ജനങ്ങൾക്ക് പങ്കെടുക്കേണ്ടതായ യാതൊരു ആവശ്യവുമില്ല. ആകെ കൊടുക്കാവുന്ന ആനുകൂല്യം പുഴയിൽ നിന്നും ജലസംഭരണികളിൽ നിന്നും മീൻപിടിക്കാനുള്ള മീൻ വലയാണ്. അതിന് 1000 രൂപ ഗുണഭോക്തൃ വിഹിതമായി നിശ്ചയിച്ചിട്ടുള്ളത് കെട്ടിവയ്ക്കണം. പട്ടികവർഗ്ഗക്കാർക്ക് അത്രയും തുക സമാഹരിക്കാൻ കഴിയാത്തതിനാൽ അതും പ്രയോജനരഹിതമായി തീരുന്നു.

2. ഊരുകൂട്ടങ്ങളും ജനപ്രതിനിധികളും തമ്മിൽ ബന്ധം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല.
3. പട്ടികവർഗ്ഗക്കാർ ഉപജീവനത്തിന് വനവിഭവങ്ങൾ ശേഖരിക്കാൻ വനത്തിനുള്ളിൽ പോയാൽ ഏറെ ദിവസങ്ങൾ കഴിഞ്ഞേ തിരിച്ചെത്തുകയുള്ളൂ. തന്മൂലം ഗ്രാമസഭയുടെ വിവരം അവരെ അറിയിക്കാൻ കഴിയുന്നില്ല. അല്ലെങ്കിൽ ഗ്രാമസഭാ ദിവസം അവർ വനത്തിനുള്ളിലായിരിക്കും.
4. ഗ്രാമസഭ ചേരുന്ന സ്ഥലത്തേക്ക് ദൂരക്കൂടുതലുള്ളതിനാൽ യാത്രാചെലവും ജോലിനഷ്ടവും പേറാൻ പട്ടികവർഗ്ഗക്കാർക്ക് ശേഷിയില്ല.
5. ഗ്രാമസഭ എടുത്ത തീരുമാനങ്ങൾ നടപ്പാക്കാത്തതിനാൽ മനഃപൂർവ്വം പങ്കെടുക്കാതിരിക്കുന്നു (പ്രതിഷേധം).

## നിർദ്ദേശങ്ങൾ:

ഗ്രാമസഭാ യോഗങ്ങൾ ഫലപ്രദവും അർത്ഥപൂർണ്ണവുമാകാൻ വച്ച പ്രസക്തമായ ചില നിർദ്ദേശങ്ങൾ താഴെചേർക്കുന്നു.

1. ഗ്രാമസഭകൾ ഫലപ്രദമാകാതിരിക്കുന്നതിന് വിവിധ പഠനങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെട്ട പ്രശ്നങ്ങളും അപാകതകളും പരിഹരിക്കുക.

2) വാർഡു മെമ്പർ വാർഡിലെ ജനങ്ങളുമായി ബന്ധപ്പെട്ട് ഭൂരിപക്ഷം പേർക്കും പങ്കെടുക്കാൻ സൗകര്യപ്രദമായ സ്ഥലം, സമയം, തീയതി എന്നിവ മനസ്സിലാക്കി ഗ്രാമസഭാ യോഗത്തിനുള്ള പരിപാടി നിശ്ചയിക്കണം.

3. വാർഡുകളിലുള്ള വാർത്താബോർഡുകളിൽ ഗ്രാമസഭാ യോഗത്തിന്റെ അജണ്ടയും പ്രോഗ്രാമും മുൻകൂട്ടി പ്രസിദ്ധീകരിക്കുക.
4. പട്ടികവർഗ്ഗക്കാർക്ക് പ്രസിഡന്റിനെ ബഹുമാനമാകയാൽ പ്രസിഡന്റ് ഊരുകൾ സന്ദർശിക്കുകയും ഗ്രാമസഭായോഗങ്ങളിൽ, ഊരു കൂട്ടങ്ങളിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക.
5. പഞ്ചായത്തിനുള്ള വിവേചനാധികാരങ്ങൾ കൂടുതൽ വേണം. പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള വേദിയായി ഗ്രാമസഭയും അധികാരസ്ഥാനമായി പഞ്ചായത്തും ഉയരണം.
6. എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കി ബോദ്ധ്യപ്പെടുത്തണം.
7. എസ്റ്റേറ്റു തൊഴിലാളികൾ, മറ്റു തൊഴിലാളികൾ, ഉദ്യോഗസ്ഥർ, മുതലായവർക്ക് ഗ്രാമസഭായോഗങ്ങളിൽ പങ്കെടുക്കുന്നത് ശമ്പള സഹിതം അവധിയായി കണക്കാക്കാൻ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കണം. ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഗ്രാമസഭായോഗങ്ങളിൽ പങ്കെടുക്കുന്നത് അനിവാര്യമാക്കുകയും പങ്കെടുക്കാതിരിക്കുന്നത് കൃത്യനിർവ്വഹണത്തിൽ വീഴ്ചയായും കണക്കാക്കുകയും ചെയ്തുകൊണ്ട് നിയമം ഉണ്ടാക്കണം.
8. പട്ടികവർഗ്ഗക്കാർക്ക് ഗ്രാമസഭായോഗങ്ങളിൽ എത്തുന്നതിനുള്ള യാത്രാ ചെലവ് കൊടുക്കണം.

## ഗ്രാമസഭ വിജയിപ്പിക്കാൻ ചില പ്രായോഗിക അനുഭവങ്ങൾ

ഗ്രാമസഭ വിജയിപ്പിക്കാൻ ക്യാപ്

ഡെക് നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കൈപ്പുസ്തകം (ഗ്രാമസഭാ കൈപ്പുസ്തകം–എസ്.ഡി.സി –ക്യാപ്ഡെക്), ശ്രീകാര്യം പഞ്ചായത്തിൽ മനോജും, സതീശ് ചന്ദ്രനും ചേർന്ന് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് (Community Based, Working Model for Enhancing People’s Participation in Gramasabha- A case study of Sreekaryam Panchayath- A Journal for Local Governance- KILA- January-March -2006- Pages 54-58), തിരുവനന്തപുരം സഹായി, വിവിധ തുറകളിലുള്ള ആയിരത്തിലധികം പേരിൽ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് (പ്രസിദ്ധീകരിച്ചിട്ടില്ല), വികേന്ദ്രീകരണത്തോടു താൽപ്പര്യമുള്ള വിവിധതുറകളിലുള്ള ആൾക്കാരുമായി നേരിട്ട് നടത്തിയ സംവാദങ്ങൾ, ആശയ വിനിമയങ്ങൾ, പഞ്ചായത്ത് രാജ് നടപ്പാക്കിയ കാലം മുതൽ ഇതേവരെ വിവിധ ചർച്ചാ ക്ലാസുകൾ നയിച്ച് ലഭിച്ച അറിവുകൾ, അനുഭവങ്ങൾ, ഈ വിഷയവുമായി ബന്ധപ്പെട്ട ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ വന്ന ലേഖനങ്ങൾ, റിപ്പോർട്ടുകൾ എന്നിവയുടെ വെളിച്ചത്തിൽ എത്തിച്ചേർന്ന പ്രധാനപ്പെട്ട നിഗമനങ്ങൾ താഴെ ചേർക്കുന്നു.

1. ആരംഭകാലത്ത് കൂടുതൽ പേർ ഗ്രാമസഭയിൽ പങ്കെടുത്തിരുന്നു. അതിനുള്ള കാരണം സംഘാടനത്തിന്റെ വിജയമോ, ജനങ്ങൾക്ക് ലഭിച്ച ബോധവൽക്കരണത്തിന്റെ ഫലമോ ആയിരുന്നില്ല.
2. കാലം പുരോഗമിക്കുന്തോറും പല രീതിയിൽ സംഘടനാപരവും ജനങ്ങളുടെ ബോധന നിലവാരവും ഉയർന്നിട്ടുണ്ട്. എന്നാൽ ഗ്രാമസഭയിലെ ജനപങ്കാളിത്തം ആശങ്കാജനകമാംവിധം കുറഞ്ഞുവരുന്നു.
3. ഗ്രാമസഭയുടെ പരാജയത്തിന് കണ്ടെത്തിയ എല്ലാ പ്രശ്നങ്ങളും പരിഹരിച്ചാൽ പോലും ഗ്രാമസഭയിൽ പങ്കാളിത്തം വർദ്ധിക്കുകയില്ല. പക്ഷേ ആ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടേണ്ടവയാണ്. ഗവൺമെന്റ്, പഞ്ചായത്ത്, സംഘാടനവുമായി ബന്ധപ്പെട്ടവർ തുടങ്ങി അതാതു തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ച് ഇവ പരിഹരിക്കേണ്ടത് ജനാധിപത്യത്തിന്റെയും പഞ്ചായത്ത് രാജിന്റെയും നിലനിൽപ്പിനും പുരോഗതിക്കും അത്യാവശ്യമാണ്. ഇക്കാര്യത്തിൽ ഒട്ടും അലംഭാവം ഉണ്ടാകരുത്.
4. ധാരാളം പേർ പങ്കെടുത്ത ഗ്രാമസഭകൾ പോലും ഫലപ്രദമായ ചർച്ചകൾക്കോ, അർത്ഥവത്തായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനോ പ്രയോജനപ്പെട്ടില്ല, വെറും ചടങ്ങായി മാത്രം നടന്നു (ഒറ്റപ്പെട്ട ചില വിജയകഥകൾ ഉണ്ട്. എന്നാൽ അവ സാമാന്യവൽക്കരിക്കാവുന്നവയല്ല)
5. ഗ്രാമസഭകൾ വിജയിക്കണമെങ്കിൽ ഇതേവരെ നിർദ്ദേശിക്കപ്പെട്ട തന്ത്രങ്ങൾക്കുപരി വേറെ തന്ത്രങ്ങൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

ഗ്രാമസഭയുടെ പരാജയത്തിന് കണ്ടെത്തിയ എല്ലാ പ്രശ്നങ്ങളും പരിഹരിച്ചാൽ പോലും ഗ്രാമസഭയിൽ പങ്കാളിത്തം വർദ്ധിക്കുകയില്ല. പക്ഷേ ആ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടേണ്ടവയാണ്. ഗവൺമെന്റ്, പഞ്ചായത്ത്, സംഘാടനവുമായി ബന്ധപ്പെട്ടവർ തുടങ്ങി അതാതു തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ച് ഇവ പരിഹരിക്കേണ്ടത് ജനാധിപത്യത്തിന്റെയും പഞ്ചായത്ത് രാജിന്റെയും നിലനിൽപ്പിനും പുരോഗതിക്കും അത്യാവശ്യമാണ്. ഇക്കാര്യത്തിൽ ഒട്ടും അലംഭാവം ഉണ്ടാകരുത്.

**തന്ത്രങ്ങൾ.**

1. ഗ്രാമസഭാ യോഗങ്ങളിൽ പഞ്ചായത്തു പ്രസിഡന്റു തന്നെ അദ്ധ്യക്ഷത വഹിക്കണം. പ്രസിഡന്റിന്റെ അഭാവത്തിൽ മറ്റുള്ളവരെ ചുമതലപ്പെടുത്താനുള്ള വ്യവസ്ഥ നിയമത്തിൽ നിന്നു നീക്കം ചെയ്യണം. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3(5)). പ്രസിഡന്റിന് പങ്കെടുക്കാൻ കഴിയാതെ വന്നാൽ ആ ഗ്രാമസഭായോഗം മാറ്റി വയ്ക്കണം. പ്രസിഡന്റിന്റെ സ്ഥാനം ഒഴിവായിരുന്നാൽ മാത്രം ആ സ്ഥാനം വഹിക്കുന്നയാൾ അദ്ധ്യക്ഷം വഹിക്കാവുന്നതാണ് എന്ന് ഭേദഗതി ചെയ്യണം.
2. പഞ്ചായത്ത് രാജ് നിയമത്തിലെ കമ്മറ്റികൾ സംബന്ധിച്ച ചട്ടങ്ങൾ സമഗ്രമാക്കണം. (പഞ്ചായത്ത് രാജ് പ്രവർത്തന കമ്മറ്റികളുടെയും ജോയിന്റ് കമ്മിറ്റികളുടെയും രൂപീകരണവും യോഗ നടപടിക്രമങ്ങളും ചട്ടങ്ങൾ 1995). ഓരോ വാർഡിലും പ്രസക്തമായ മേഖലകൾക്ക് പ്രവർ ത്തന കമ്മിറ്റികൾ (Functional Committees- KPR Act Section 163 സബ് കമ്മിറ്റികളും വാർഡു കമ്മറ്റികളും(-KPR Act Section-164) എന്നിവ രൂപീകരിക്കണം (മേഖലകൾ– കൃഷി, മൃഗസംരക്ഷണം തുടങ്ങി 3–ാം പട്ടികയിൽ ഉള്ള 18 മേഖലകൾ). ഗ്രാമസഭാ സംബന്ധിച്ച വ്യവസ്ഥകളിൽ 3.ഏ (ബി) ഉപവകുപ്പിൽ പരാമർശിക്കുന്ന പൊതുവായതോ, പ്രത്യേകമായതോ ആയ കമ്മറ്റികൾ രൂപീകരിക്കുകയോ നിയമിക്കയോ, തെരഞ്ഞെടുക്കുകയോ ചെയ്യാനുള്ള ഗ്രാമസഭയുടെ അധികാരം വേണ്ട രീതിയിൽ വിനിയോഗിക്കണം. പഞ്ചായത്ത് സമിതി ഇക്കാര്യത്തിന് വേണ്ടി യോഗം ചേർന്ന് ഓരോ വാർഡിലെയും സ്ഥിതി പഠിച്ച് അവിടെ സബ്കമ്മിറ്റികളും പ്രവർത്തന കമ്മിറ്റികളും രൂപീകരിക്കേണ്ട മേഖലകളെക്കുറിച്ച് തീരുമാനമെടുക്കണം.
3. കമ്മിറ്റികൾ രൂപീകരിക്കുന്നത് സംബന്ധിച്ച് വിശദമായ നടപടിക്രമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് മേൽപ്പറഞ്ഞ ചട്ടങ്ങൾ പുതുക്കണം.

(i) ഓരോ മേഖലയുമായി ബന്ധപ്പെട്ടവരുടെ പൊതുയോഗം വാർഡു തലത്തിൽ വിളിച്ചുചേർക്കുക. വാർഡുമെമ്പർ ഒപ്പിട്ട നോട്ടീസു വഴിയായിരിക്കണം യോഗം വിളിക്കേണ്ടത്. യോഗത്തിൽ വാർഡുമെമ്പർമാർ അദ്ധ്യക്ഷം വഹിക്കണം.

(ii) പ്രസ്തുത യോഗത്തിൽ അതതു വിഷയവുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, വകുപ്പുദ്യോഗസ്ഥർ എന്നിവർ അത്യാവശ്യമായി പങ്കെടുക്കണം. ഇത് അവരുടെ അനിവാര്യ ചുമതലയും വീഴ്ചവരുത്തിയാൽ നടപടിക്ക് വിധേയമാകുന്ന കുറ്റവും ആകത്തക്കവിധത്തിൽ ചട്ടങ്ങൾ കർക്കശമാക്കണം.

(iii) യോഗത്തിൽ ആ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ എന്നിവ ചർച്ച ചെയ്യണം. യോഗത്തിൽ ഹാജരായിരിക്കുന്നവർ സ്റ്റേക്ക് ഹോൾഡർമാരും സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരും ആകയാൽ ചർച്ചകൾ നൂറു ശതമാനം അർത്ഥവത്തും ഫലപ്രദവും ആയിരിക്കും.

(iv) ചർച്ചയിൽ ഉരുത്തിരിയുന്ന കാര്യങ്ങളിൽ പരിഹരിക്കപ്പെടാവുന്ന പ്രശ്നങ്ങൾക്ക് മുഴുവനായി പ്രോജക്ടുകളും അവയുടെ മുൻഗണനാക്രമവും തീരുമാനിക്കണം. തുടർ നടപടികൾക്കായി ആ മേഖലയ്ക്കു വേണ്ടി ഒരു സബ്കമ്മിറ്റി രൂപീകരിക്കണം. Stakeholders മാത്രമായിരിക്കണം കമ്മറ്റി അംഗങ്ങൾ. ഈ കമ്മിറ്റിയിൽ നിന്നോ, കമ്മറ്റിയുടെ താൽപര്യ പ്രകാരമോ വിശദമായ പ്രോജക്ട് എഴുതി തയ്യാറാക്കാൻ വേണ്ടി ഒരു പ്രവർത്തനക്കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റിയിൽ നിന്നായിരിക്കണം പഞ്ചായത്തിന്റെ വർക്കിംഗ് ഗ്രൂപ്പിന്റെ ഈ വിഷയത്തിനുള്ള ഉപസമിതി രൂപീകരിക്കേണ്ടത്. എല്ലാ വാർഡിലും നിന്നുള്ള സമാന പ്രവർത്തന കമ്മിറ്റികൾ യോഗം ചേർന്നായിരിക്കണം വർക്കിംഗ് ഗ്രൂപ്പിലേക്കുള്ള അംഗങ്ങളെ നാമനിർദ്ദേശം ചെയ്യേണ്ടത്. മേൽപ്പറഞ്ഞ സബ് കമ്മിറ്റിയായിരിക്കണം വാർഡിലെ ഈ മേഖലയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ്, സോഷ്യൽ ഓഡിറ്റ് കമ്മിറ്റികൾ. ഇതിന് ബന്ധപ്പെട്ട വകുപ്പു ഉദ്യോഗസ്ഥന്റെ പങ്കാളിത്തവും സാങ്കേതിക ഉപദേശവും ലഭ്യമാക്കണം.

(v) ഗ്രാമസഭാ യോഗത്തിന് മുമ്പായി എല്ലാ മേഖലകൾക്കുള്ള സബ്കമ്മിറ്റികളും പ്രവർത്തന കമ്മിറ്റികളും രൂപീകരിച്ച് അതതു മേഖലകൾക്കുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ പൂർത്തിയാക്കണം. കൂടാതെ എല്ലാ സബ്കമ്മറ്റികളുടെയും കൺവീനർമാർ, സെക്രട്ടറിമാർ എന്നിവർ ചേർന്നുള്ള ഒരു വാർഡ് കമ്മിറ്റി കൂടി രൂപീകരിക്കണം. വാർഡു കമ്മറ്റി യോഗം ചേർന്ന് വാർഡിലേക്കുള്ള മൊത്തം പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും ഏകോപിപ്പിക്കാവുന്നവ ഏകോപിപ്പിക്കുകയും മേഖലാ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മുൻഗണനാക്രമം തീരുമാനിക്കണം. വാർഡുമെമ്പരുടെ അദ്ധ്യക്ഷതയിലായിരിക്കണം വാർഡു കമ്മിറ്റി യോഗം ചേരേണ്ടത്.

(vi) ഇങ്ങനെ രൂപീകരിച്ച വാർഡു കമ്മറ്റിയുടെ ശുപാർശയനുസരിച്ചായിരിക്കണം ഗ്രാമസഭാ യോഗത്തിന്റെ സമയം, തീയതി, സ്ഥലം എന്നിവ തീരുമാനിക്കേണ്ടത്. ഗ്രാമസഭാ ചട്ടങ്ങൾ അപ്രകാരം ഭേദഗതി ചെയ്യണം. വാർഡുമെമ്പറോട് ആലോചിച്ചായിരിക്കണം ഗ്രാമസഭായോഗത്തിന്റെ അജണ്ടയും നോട്ടീസും തയ്യാറാക്കേണ്ടത്. വാർഡു കമ്മറ്റി രൂപം കൊടുത്ത വിഷയങ്ങൾ അജണ്ടയിലുണ്ടായിരിക്കണം. നോട്ടീസ് വാർഡു കമ്മറ്റി വഴി വിതരണം ചെയ്യാം. വാർഡ് കമ്മറ്റി അംഗങ്ങൾ സബ്കമ്മറ്റികൾക്കും സബ്കമ്മറ്റി അംഗങ്ങൾ അതതു വിഷയത്തിലെ എല്ലാ സ്റ്റേക്ക്ഹോൾഡേഴ്സിനും നോട്ടീസ് വിതരണം ചെയ്യും. പരസ്യ ബോർഡിലും മറ്റു വിധത്തിലും കൂടി ഗ്രാമസഭാ യോഗത്തിന് പ്രചാരണം നൽകണം.

(vii) തങ്ങൾ രൂപം നൽകിയ പ്രോജക്ട് നിർദ്ദേശങ്ങൾ ഗ്രാമസഭയിൽ ചർച്ച ചെയ്യുന്നതിനും, വേണ്ടിവന്നാൽ വോട്ടിനിടുമ്പോൾ പാസാകാൻ വേണ്ട ഭൂരിപക്ഷത്തിനും ആവശ്യമായ വോട്ടർമാരെ ഗ്രാമസഭാ യോഗത്തിൽ എത്തിക്കേണ്ടത് അതാതു സബ്കമ്മറ്റികളുടെ ആവശ്യമാകുന്നു. ഗ്രാമസഭാ യോഗത്തിൽ പങ്കാളിത്തം വർദ്ധിപ്പിക്കാൻ വാർഡുമെമ്പറോ, മറ്റാരെങ്കിലുമോ അദ്ധ്വാനിക്കേണ്ടതില്ല.

(viii) യോഗതീരുമാനങ്ങൾ ചിട്ടയായി മിനുട്ട്സ് ചെയ്ത് യോഗത്തിന്റെ സമാപനത്തിന് മുമ്പേ വായിച്ചു കേൾപ്പിക്കയും ചെയ്യണം.

(ix) യോഗതീരുമാനങ്ങൾ എതെങ്കിലും നടപ്പാക്കാൻ കഴിയാതെ വന്നാൽ അടുത്ത യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് അതിനുള്ള കാരണങ്ങൾ ഗ്രാമസഭയെ ബോദ്ധ്യപ്പെടുത്തണം. ഇതിനുവേണ്ടി മുൻ ഗ്രാമസഭാ യോഗ തീരുമാനങ്ങൾ വായിച്ചു ചർച്ച ചെയ്യണം.

(x) യോഗ തീരുമാനങ്ങളുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് വാർഡു മെമ്പർ പഞ്ചായത്തിൽ നിന്നും ശേഖരിച്ച് യഥാസമയത്തു അതതു സബ്കമ്മറ്റികൾക്ക് എത്തിച്ചുകൊടുക്കണം. സബ്കമ്മറ്റികളും വാർഡുമെമ്പറും തമ്മിൽ നിരന്തര ബന്ധം പുലർത്തണം.

(xi) ഓരോ മേഖലയുമായി ബന്ധപ്പെട്ട് സബ്കമ്മറ്റികൾ തയ്യാറാക്കി അംഗീകരിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ യോഗത്തിന്റെ അജണ്ടയിൽപെടുത്തി ചർച്ച ചെയ്ത് അംഗീകാരത്തിനായി പഞ്ചായത്ത് സമിതിക്ക് ശുപാർശ ചെയ്യണം. സ്റ്റാൻഡിംഗ് കമ്മറ്റി ചട്ടങ്ങളിൽ അതിന് പര്യാപ്തമായ ഭേദഗതി വരുത്തണം.

(xii) പഞ്ചായത്തുതല വർക്കിംഗ് ഗ്രൂപ്പ് രൂപീകരണത്തിന്, പദ്ധതി തയ്യാറാക്കാനുള്ള മാർഗ്ഗനിർദ്ദേശം നൽകാൻ ഗവൺമെന്റ് അപ്പപ്പോൾ തയ്യാറാക്കുന്ന എക്സിക്യൂട്ടീവ് ഓർഡറുകൾക്ക് പകരം വാർഡു തലത്തിൽ വിവിധ മേഖലകൾക്ക് രൂപീകരിച്ച പ്രവർത്തന കമ്മറ്റികളിൽ നിന്ന് (Functional Committees) അതതു മേഖലകൾക്കാവശ്യമായ അംഗങ്ങളെ കൂട്ടിച്ചേർത്ത് അവ സ്ഥായിയാക്കി സ്ഥാപനവൽക്കരിക്കത്തക്കവിധത്തിൽ ചട്ടങ്ങൾ രൂപീകരിക്കണം.

(xiii) പഞ്ചായത്ത് രാജ് ആക്ടിലെ 3–ാം വകുപ്പും, സ്റ്റാന്റിംഗ് കമ്മറ്റി ചട്ടങ്ങൾ, ഗ്രാമസഭാചട്ടങ്ങൾ, പ്രവർത്തന കമ്മിറ്റികളുടെയും ജോയിന്റ് കമ്മറ്റികളുടെയും പ്രവർത്തനം സംബന്ധിച്ച ചട്ടങ്ങൾ എന്നിവ ഭേദഗതി ചെയ്യണം.

ഇപ്രകാരം ചെയ്യുക വഴി പങ്കാളിത്തം അർത്ഥവത്താകുകയും ജനാധിപത്യത്തെയും, ആസൂത്രണത്തെയും താഴെത്തട്ടിൽ എത്തിക്കുകയും പ്രയോജനപ്രദമായ പദ്ധതികൾ ആവിഷ്കരിക്കുകയും തൽപ്പരകക്ഷികളുടെ (Stakeholders) സഹകരണത്തോടെയും പങ്കാളിത്തത്തോടെയും അവ ഫലപ്രദമായി നടപ്പാക്കുകയും യഥാർത്ഥമായ മോണിറ്ററിംഗും, സോഷ്യൽ ഓഡിറ്റും പ്രവർത്തി പഥത്തിൽ കൊണ്ടുവരികയും അതുവഴി ഗ്രാമത്തിൽ സാമ്പത്തിക വികസനവും സാമൂഹ്യനീതിയും ഉറപ്പാക്കുകയും ചെയ്യാം.

മോണിറ്ററിംഗ്, സോഷ്യൽ ഓഡിറ്റ് എന്നിവ ഇപ്പോഴും ഗ്രാമസഭ പോലെ കടലാസിൽ മാത്രം നിലനിൽക്കുന്ന സംവിധാനങ്ങളാണെന്നുള്ളത് പകൽപോലെ വ്യക്തമാണല്ലോ. ഈ രംഗങ്ങളിൽ കഴിഞ്ഞ പത്തു വർഷമായിട്ടും കാര്യമായ പുരോഗതി നേടാൻ കഴിയാത്തതു ഈ ആശയങ്ങൾ താഴെത്തട്ടിലേയ്ക്ക് എത്താതെ പോയതിനാലാണ്. മേൽപ്പറഞ്ഞ മാറ്റങ്ങളിൽ കൂടി സാമൂഹ്യനീതി, സാമ്പത്തിക വികസനം, മോണിറ്ററിംഗ്, സോഷ്യൽ ഓഡിറ്റ്, ജനപങ്കാളിത്തം, ഗ്രാമസഭ എന്നീ രംഗങ്ങളിൽ ആശാവഹമായ മാറ്റം കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

*(ലേഖകൻ പഞ്ചായത്ത് വകുപ്പിൽ നിന്നും വിരമിച്ച ഡെപ്യൂട്ടി ഡയറക്ടറാണ്)*



# കേരള സുസ്ഥിര നഗര വികസന പദ്ധതി

**KSUDP**

KERALA SUSTAINABLE URBAN DEVELOPMENT PROJECT

2001 ലെ സെൻസസ് പ്രകാരം ഇന്ത്യയിൽ 27.8 ശതമാനം ജനങ്ങൾ ജീവിക്കുന്നത് നഗരങ്ങളിലാണ്. ഏതാണ്ട് 286 ദശലക്ഷം. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ രാജ്യത്തെ ജനസംഖ്യ മൂന്നു മടങ്ങായി വർദ്ധിച്ചപ്പോൾ അതിൽ നഗരവാസികളുടെ എണ്ണം അഞ്ചുമടങ്ങായി. ചേരികളുടേയും ചേരിവാസികളുടേയും എണ്ണം ഇതിനൊപ്പം കുതിച്ചുയർന്നു. 2001 ലെ കണക്കു പ്രകാരം 61.8 ദശലക്ഷം പേർ ചേരികളിൽ ജീവിക്കുന്നു.

കേരളത്തിൽ 25.97 ശതമാനം പേർ നഗരത്തിലാണ് കഴിയുന്നത്. 1981 ലെ സെൻസസ് പ്രകാരം ഇത് 18.74 ശതമാനമായിരുന്നു. ജനസംഖ്യാവർദ്ധനവിനൊപ്പം ചേരികളിലെ തിക്കും തിരക്കും അസൗകര്യങ്ങളും വർദ്ധിക്കുക സാധാരണം. കേരളത്തിൽ നഗരവാസികളിൽ 18 ശതമാനം ചേരികളിലാണ് താമസം. നഗരത്തിലെ ദാരിദ്ര്യം ഗ്രാമത്തിലേതിനേക്കാൾ രൂക്ഷമാണ്. നഗരത്തിലെ തൊഴിലില്ലായ്മയിലാകട്ടെ കേരളം ഇന്ത്യയിൽ രണ്ടാം സ്ഥാനത്താണ് (10 ശതമാനം). ഇത്തരം അനേകം പ്രശ്നങ്ങൾ മൂലം വീർപ്പുമുട്ടുന്ന നഗരങ്ങൾ ജനജീവിതത്തിലും നഗരഭരണത്തിലും ഉയർത്തുന്ന വെല്ലുവിളികൾ അനേകമാണ്.

**പ്രധാന പ്രശ്നങ്ങൾ**

- അടിസ്ഥാന സൗകര്യങ്ങളുടെ അ ഭാവം
- ശുചീകരണ സംവിധാനങ്ങളുടെ അപര്യാപ്തത
- വർദ്ധിച്ച തൊഴിലില്ലായ്മ
- പെരുകുന്ന ദാരിദ്ര്യം

ഇവ മൂലമുള്ള പ്രശ്നങ്ങളും അസൗകര്യങ്ങളും നീക്കി നഗരജീവിതം സ്വച്ഛവും സുന്ദരവുമാക്കാനുള്ള പരിശ്രമത്തിന് നാന്ദികുറിക്കുന്ന പദ്ധതിയാണ് കേരള സുസ്ഥിര നഗര വികസന പദ്ധതി.

**പദ്ധതി നഗരങ്ങൾ**

സംസ്ഥാനത്തെ അഞ്ചു മുനിസിപ്പൽ കോർപ്പറേഷനുകളിലാണ് പദ്ധതി നടപ്പാക്കുന്നത്.

- തിരുവനന്തപുരം
- കൊല്ലം
- കൊച്ചി
- തൃശ്ശൂർ
- കോഴിക്കോട്

തിരുവനന്തപുരം, കൊച്ചി നഗരസഭകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ജവഹർലാൽ നെഹ്റു ദേശീയ നഗരപുനരുദ്ധാരണ മിഷന്റെ പ്രവർത്തനവുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

**ലക്ഷ്യം**

ചുവടെ ചേർക്കുന്ന പരിപാടികളിലൂടെ നഗരവാസികളുടെ ജീവിത സൗകര്യങ്ങൾ വിപുലീകരിക്കുകയും യാതനകൾ ലഘൂകരിക്കുകയും ചെയ്യുകയാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം.

- നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങളുടെ വികസനം



**പദ്ധതി വിഹിതം ഒറ്റനോട്ടത്തിൽ**

| മേഖലകൾ | തിരുവനന്തപുരം | കൊല്ലം | കൊച്ചി | തൃശൂർ | കോഴിക്കോട് | ആകെ | ശതമാനം |
|---|---|---|---|---|---|---|---|
| ജലസേചനം | ..... | 40.05 | 41.94 | 45.18 | .... | 127.17 | 19.6% |
| സിവറേജ് & സാനിട്ടേഷൻ | 77.25 | 52.70 | 92.79 | 0.75 | 56.84 | 280.33 | 43.1% |
| സ്റ്റോം വാട്ടർ ഡ്രെയിനേജ് | 6.30 | 8.03 | 13.76 | 27.41 | 28.14 | 83.64 | 12.9% |
| ഖരമാലിന്യ സംസ്ക്കരണം | .... | 6.90 | 12.96 | 5.74 | 7.34 | 32.94 | 5.0% |
| റോഡ് വികസനം | 24.09 | 15.31 | 23.56 | 28.61 | 34.74 | 126.31 | 19.4% |
| *ആകെ* | *107.64* | *122.99* | *185.01* | *107.69* | *127.06* | *650.39* | *100.0%* |

- സുരക്ഷിതമായ കുടിവെള്ള സംഭരണം, വിതരണം
- ഖര, ജല മാലിന്യങ്ങളുടെ ശാസ് ത്രീയ നിർമ്മാർജ്ജനം
- റോഡുകളുടെ നവീകരണം
- നഗര ദാരിദ്ര്യ ലഘൂകരണം

**സമീപനം**

സാമൂഹിക പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി, പദ്ധതി നിർവഹണ ശേഷി, സേവന പ്രദാന ശേഷി എന്നിവ വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ പൊതുസമീപനം.

**ഘടകങ്ങൾ**

**1. അടിസ്ഥാന സൗകര്യവികസനം, സേവനങ്ങൾ**

നഗരങ്ങളുടെ വികസന സമസ്യകളിൽ മുഖ്യം അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ്. സുസ്ഥിരമായ വികസനത്തിന് അനുയോജ്യമായ രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതിയിൽ 650.39 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

**2. ശുദ്ധജലവിതരണം**

കുടിവെള്ളത്തിന്റെ അഭാവവും വിതരണത്തിലെ അപാകതകളുമാണ് നഗരങ്ങൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം. ഒട്ടേറെ പദ്ധതികൾ ഇതിനായി നടപ്പാക്കിയിട്ടുണ്ടെങ്കിലും അശാസ്ത്രീയമായ സമീപനം മൂലം പലതും വേണ്ടത്ര വിജയിച്ചിട്ടില്ല. നിലവിലുള്ള ജലസ്രോതസ്സുകൾ നവീകരിച്ചും പുതിയവ കണ്ടെത്തിയും പ്രശ്നത്തിന് ശാശ്വതപരിഹാരം കാണാൻ 127.17 കോടി രൂപയുടെ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നു. കൊല്ലം, കൊച്ചി, തൃശ്ശൂർ നഗരങ്ങളിലാണ് ഈ പദ്ധതികൾ നടപ്പാക്കുക.

ജനപ്പെരുപ്പവും വർദ്ധിച്ച വാഹനസാന്ദ്രതയും കൊണ്ട് വീർപ്പുമുട്ടുകയാണ് നഗരത്തിലെ റോഡുകൾ.

ഇതു വരുത്തിവയ്ക്കുന്ന ധനവ്യയം, സമയ നഷ്ടം, ഉൽപാദന നഷ്ടം എന്നിവ കണക്കാക്കുക അസാദ്ധ്യം.

ഈ പ്രശ്നം പരിഹരിക്കുന്നതിന് ഒരു ത്രിമാന പ്രവർത്തനം പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

**3. മലിനജല നിർഗമനം, ശുചീകരണം**

പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ മലിനജല നിർഗമനം സുഗമമാക്കുന്നതിനും ശുചിത്വം ഉറപ്പാക്കുന്നതിനും ഗവേഷണങ്ങൾ, സർവ്വേകൾ എന്നിവ വഴി പുതിയ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി പൊതുജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും നടപ്പാക്കുന്ന ഈ പദ്ധതിക്ക് 280.33 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

**4. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന അധിക ജലത്തിന്റെ നിർഗമനം**

ഒരു ചെറിയ മഴയിൽപ്പോലും വെള്ളത്തിൽ മുങ്ങിപ്പോകുന്ന അവസ്ഥയാണ് ഇന്ന് നഗരങ്ങളിൽ കാണുന്നത്. നിലവിലുള്ള അഴുക്കുചാലുകൾ നവീകരിച്ചും പുതിയവ നിർമ്മിച്ചും ശാസ്ത്രീയ സമീപനത്തിലൂടെ ഇതിന് പരിഹാരം കാണാൻ 83.64 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുന്നതാണ്.

**5. ഖരമാലിന്യ നിർമ്മാർജ്ജനം**

ഖരമാലിന്യങ്ങൾ ഉയർത്തുന്ന പരിസ്ഥിതി നാശം ഇന്നൊരു ആഗോളപ്രശ്നമാണ്. കേരളത്തിലെ മൂന്നു കോർപ്പറേഷനുകളിൽ ഈ പദ്ധതിയിലുൾപ്പെടുത്തിയും തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷന്റെ ഭാഗമായും ഈ പ്രശ്നത്തിന് സുസ്ഥിരമായ പരിഹാരം കാണാനുള്ള പരിശ്രമം ആരംഭിച്ചു കഴിഞ്ഞു. നാലു നഗരങ്ങളിലേക്ക് 32.94 കോടി രൂപ ഇതിനായി കെ.എസ്.യു.ഡി.പി.യിൽ വകയിരുത്തിയിരിക്കുന്നു.

നാലുഘട്ടങ്ങളായുള്ള പ്രവർത്തനങ്ങൾ ഇതിന് അനിവാര്യമാണ്..

- വീടുകൾ, ചന്തകൾ, വ്യാപാരസ്ഥാപനങ്ങൾ, ഇതരസ്ഥാപനങ്ങൾ, കശാപ്പുശാലകൾ എന്നിവിടങ്ങളിൽ നിന്ന് പാഴ്‌വസ്തുക്കൾ ശേഖരിക്കുക.
- ജൈവ-അജൈവ വസ്തുക്കളെ (പുനരുപയോഗയോഗ്യവും അല്ലാത്തവയും) തരംതിരിക്കുക.
- തരംതിരിച്ച മാലിന്യങ്ങളെ ഇടത്താവളങ്ങളിൽ സംഭരിക്കുക.
- സംസ്ക്കരണശാലകളിലെത്തിച്ച് അവയെ ജൈവവളം, ജൈവവാതകം, മണ്ണിരവളം എന്നിങ്ങനെ പല രൂപത്തിൽ സംസ്ക്കരിച്ചെടുക്കുക.



*കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ ഓറിയന്റേഷൻ പ്രോഗ്രാം തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ്കുട്ടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുന്നു. പബ്ലിക് റിലേഷൻസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഷീലാ തോമസ്, ഡയറക്ടർ പി. വേണുഗോപാൽ തുടങ്ങിയവർ സമീപം.*

ദരിദ്ര കുടുംബങ്ങളിലെ തൊഴിൽരഹിതരായ വനിതകൾക്ക് തൊഴിലവസരമുണ്ടാക്കുക എന്ന ലക്ഷ്യം കൂടി മുന്നിൽ കണ്ട് പൊതുജനപങ്കാളിത്തത്തോടെ കൃത്യമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഈ പദ്ധതി നടപ്പാക്കുകയാണ് ലക്ഷ്യം.

**1. റോഡുകൾ**

ജനപ്പെരുപ്പവും വർദ്ധിച്ച വാഹനസാന്ദ്രതയും കൊണ്ട് വീർപ്പുമുട്ടുകയാണ് നഗരത്തിലെ റോഡുകൾ. ഇതു വരുത്തിവയ്ക്കുന്ന ധനവ്യയം, സമയ നഷ്ടം, ഉൽപാദന നഷ്ടം എന്നിവ കണക്കാക്കുക അസാദ്ധ്യം. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഒരു ത്രിമാന പ്രവർത്തനം പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

- ഇടുങ്ങിയ റോഡുകളും കവലകളും നവീകരിച്ച് വിപുലീകരിക്കുക.
- ശാസ്ത്രീയ സർവ്വേകളിലൂടെ പുതിയ റോഡുകളുടെ പ്ലാൻ തയ്യാറാക്കുക.
- രാജ്യാന്തര നിലവാരമുള്ള റോഡുകൾ നിർമ്മിക്കുക.

ഇവയ്ക്കായി 126.31 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

**2. സാമൂഹിക വികസനം**

നഗരത്തിലെ സാമൂഹിക പരിഷ്ക്കരണത്തിന് പദ്ധതിയിൽ 48 കോടി രൂപയും ദാരിദ്ര്യ ലഘൂകരണത്തിന് 56.25 കോടിയും ഉൾപ്പെടുത്തിയിരിക്കുന്നു.

ത്രിമുഖ പരിപാടിയാണ് ഇതിനായി ആവിഷ്ക്കരിച്ചിരിക്കുന്നത്.

- ചേരി പരിഷ്ക്കരണം, അടിസ്ഥാന സൗകര്യവികസനം
- ദാരിദ്ര്യലഘൂകരണം
- സ്ത്രീശാക്തീകരണം

കോർപ്പറേഷൻ തലത്തിലുള്ള പദ്ധതി നിർവഹണ യൂണിറ്റിന്റെ മേൽനോട്ടം അതത് കോർപ്പറേഷൻ കൗൺസിലിനാണ്. കോർപ്പറേഷൻ സെക്രട്ടറിയുടെ കീഴിൽ ഒരു പ്രോജക്ട് മാനേജരും സാങ്കേതിക വിദഗ്ദ്ധരും ഉൾപ്പെടുന്ന ഒരു ടീം പദ്ധതി നിർവഹണ യൂണിറ്റിൽ ഉണ്ടായിരിക്കും.

രണ്ട് പ്രത്യേക ഫണ്ടുകൾ ഇതിനായി ക്രമീകരിച്ചിരിക്കുന്നു.

**കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (CIF) പ്രവർത്തനങ്ങൾ**

- ചേരി വികസനം – കുടിവെള്ള വിതരണം, റോഡ് വിപുലീകരണം, തെരുവുവിളക്കുകൾ സ്ഥാപിക്കൽ, അഴുക്കുചാലുകളുടെ നവീകരണം/നിർമ്മാണം. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, ഡേ കെയർ സെന്റർ സ്ഥാപിക്കൽ. മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കൽ.
- ആരോഗ്യം, വിദ്യാഭ്യാസം – ആരോഗ്യകേന്ദ്രങ്ങളുടെ നവീകരണം/നിർമ്മാണം, ബാലഭവനുകൾ/അംഗൻവാടികൾ അഭിവൃദ്ധിപ്പെടുത്തൽ.
- ബോധവൽക്കരണം – പരിശീലനം – വികസനാവശ്യങ്ങൾ കണ്ടെത്തുന്നതിനുള്ള ബോധ നവീകരണ പ്രവർത്തനങ്ങൾ, ജനപങ്കാളിത്തം ഉറപ്പു വരുത്തൽ, സ്ത്രീ ശാക്തീകരണം, ആരോഗ്യ സംരക്ഷണ പരിശീലനം, വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ.

**പോവർട്ടി സോഷ്യൽ ഫണ്ട് പ്രവർത്തനം**

- ദാരിദ്ര്യലഘൂകരണത്തിനുള്ള വരുമാനദായക പരിപാടികൾ
- ദരിദ്രകുടുംബങ്ങളിലെ യുവതീയുവാക്കൾക്ക് വിദഗ്ധ/അവിദഗ്ധ തൊഴിലുകളിൽ പരിശീലനം, പ്രചോദനം, പ്രോത്സാഹനം
- ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് സാങ്കേതിക സഹായം
- ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണന സംവിധാനം
- ജനപ്രതിനിധികൾ, സാമൂഹികാധിഷ്ഠിത സംഘടനാസംവിധാനത്തിലെ പ്രവർത്തകർ എന്നിവരുടെ കാര്യശേഷി വികസനത്തിനുള്ള പരിശീലന പരിപാടികൾ

**3. നഗര തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനം**

ജനസേവനം കാര്യക്ഷമമാക്കുന്നതിന് നഗരതദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും കാര്യശേഷിയും കാലാനുസൃതമായി വർധിപ്പിക്കേണ്ടതുണ്ട്. ഇതിനായി കേരള പ്രാദേശിക സർക്കാർ വികസന ഫണ്ട് രൂപവൽക്കരിക്കുന്നതാണ്.



സംസ്ഥാനത്തെ 53 മുനിസിപ്പാലിറ്റികളിൽ ഇതിന്റെ പ്രയോജനം ലഭിക്കും.

**4. കാര്യശേഷി വികസനം, പദ്ധതി പരിപാലനം**

നഗരഭരണം കാര്യക്ഷമമാക്കുന്നതിന് ജനപ്രതിനിധികൾക്കും ജീവനക്കാർക്കും സഹായക സംവിധാനങ്ങളിലെ പ്രവർത്തകർക്കും വിപുലമായ പരിശീലന – ബോധന പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടപ്പാക്കും.

**പ്രധാന പരിശീലന മേഖലകൾ**

- പദ്ധതി രൂപീകരണം
- പദ്ധതി നിർവഹണം
- മോണിറ്ററിംഗ്, വിലയിരുത്തൽ
- അക്കൗണ്ടിംഗ് സമ്പ്രദായം പരിഷ്ക്കരിക്കൽ
- സുതാര്യത
- പൗരപങ്കാളിത്തം / പിന്തുണ വർധിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ

**നിർവഹണ സംവിധാനം**

നയതീരുമാനം, പദ്ധതി രൂപീകരണം, നിർവഹണം, മോണിട്ടറിംഗ് എന്നിവയ്ക്കായി സംസ്ഥാനതലത്തിലും നഗരസഭാതലത്തിലും വ്യത്യസ്ത കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

**1. എംപവേർഡ് കമ്മിറ്റി**

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ചെയർമാനായ ഈ ഉന്നതാധികാര സമിതിയിൽ 15 അംഗങ്ങളുണ്ട്.

**ചുമതലകൾ**

നഗരസഭകൾക്കുവേണ്ടി തയ്യാറാക്കുന്ന വിവിധ പദ്ധതികൾക്ക് അംഗീകാരം നൽകുക, കൺസൾട്ടന്റുമാരെ നിശ്ചയിക്കുക, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ ശുപാർശ അനുസരിച്ച് വിവിധ ജോലികളുടെ കരാറും കൺസൾട്ടൻസിയും അനുവദിക്കുക. കെ.എസ്.യു.ഡി.പി. പദ്ധതികളുടെ വാർഷിക അവലോകനം, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലും പ്രോജക്ട് നിർവഹണ യൂണിറ്റിലുമുള്ള നിയമനങ്ങൾ, സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റ് അംഗീകരിക്കുക, മറ്റ് ഉപസമിതികൾ രൂപീകരിക്കുക, പദ്ധതി മോണിട്ടറിംഗ്.

**2. കോർഡിനേഷൻ കമ്മിറ്റി**

പ്രോജക്ടുകളുടെ സംയോജനം, വിലയിരുത്തൽ, കൺസൾട്ടന്റുമാരുമായുള്ള ആശയ വിനിമയം എന്നിവയ്ക്കായി ഒരു കോർഡിനേഷൻ കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ട്.

**3. സിറ്റി ലെവൽ സ്റ്റിയറിംഗ് കമ്മിറ്റി**

കോർപ്പറേഷൻ തലത്തിലാണ് ഈ കമ്മിറ്റി പ്രവർത്തിക്കുക. അതത് കോർപ്പറേഷനുകളിലെ പദ്ധതി പ്രവർത്തനം വിലയിരുത്തുക, പദ്ധതി നിർവഹണ യൂണിറ്റിനു വേണ്ട നിർദ്ദേശങ്ങൾ നല്കുക എന്നിവയാണ് ഈ കമ്മിറ്റിയുടെ പ്രധാന ചുമതലകൾ.

**പദ്ധതി മാനേജ്മെന്റ് യൂണിറ്റ്**

സംസ്ഥാനതലത്തിൽ പദ്ധതിയുടെ നിർവഹണത്തിന് നേതൃത്വം നൽകുന്നതിനുള്ള ഉദ്യോഗസ്ഥ സംവിധാനമാണ് പ്രോജക്ട് മാനേജമെന്റ് യൂണിറ്റ്. (PMU)

ഒരു പ്രോജക്ട് ഡയറക്ടറും അതത് വിഷയങ്ങളിലെ സാങ്കേതിക വിദഗ്ദ്ധരും ഉൾപ്പെടുന്നതാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്.

**പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ ഉത്തരവാദിത്വങ്ങൾ**

1. സാങ്കേതിക സഹായ യൂണിറ്റിനെയും രണ്ട് ഡിസൈൻ & സൂപ്പർവൈസറി കൺസൾട്ടൻസിനെയും നിയമിക്കുക.
2. പ്രോജക്ട് നിർവഹണ യൂണിറ്റ് തയ്യാറാക്കുന്ന നിക്ഷേപ ഘടകങ്ങളുടെ ഡിസൈൻ അംഗീകരിക്കുക
3. പദ്ധതികളും ഉപപദ്ധതികളും തിരഞ്ഞെടുക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക
4. കരാറുകാരെ തിരഞ്ഞെടുക്കുക
5. സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് തയ്യാറാക്കുക
6. ടെണ്ടറിംഗ് മോണിട്ടർ ചെയ്യുക
7. ഉപകരണങ്ങളും സേവനങ്ങളും സംഭരിക്കുക
8. സംസ്ഥാന തലത്തിൽ എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുക
9. സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധനവിനും ഗുണനിലവാരത്തിനും വേണ്ടിയുള്ള പരിപാടികൾ നടപ്പിലാക്കുക
10. ഡോക്യുമെന്റേഷൻ

**പദ്ധതി നിർവഹണ യൂണിറ്റ്**

പദ്ധതി നടപ്പിലാക്കുന്നതിന്റെ മേൽനോട്ടം വഹിക്കുന്നതിനുള്ള ചുമതല അതത് തദ്ദേശസ്ഥാപനങ്ങളിൽ രൂപീകൃതമായിട്ടുള്ള പദ്ധതി നിർവഹണ യൂണിറ്റുകൾക്കാണ്.

കോർപ്പറേഷൻ തലത്തിലുള്ള പദ്ധതി നിർവഹണ യൂണിറ്റിന്റെ മേൽനോട്ടം അതത് കോർപ്പറേഷൻ കൗൺസിലിനാണ്. കോർപ്പറേഷൻ സെക്രട്ടറിയുടെ കീഴിൽ ഒരു പ്രോജക്ട് മാനേജരും സാങ്കേതിക വിദഗ്ദ്ധരും ഉൾപ്പെടുന്ന ഒരു ടീം പദ്ധതി നിർവഹണ യൂണിറ്റിൽ ഉണ്ടായിരിക്കും.

**പ്രോജക്ട് നിർവഹണ യൂണിറ്റിന്റെ ചുമതലകൾ**

1. നടപ്പാക്കേണ്ട പദ്ധതികളുടെ സർവ്വെ നടത്തുക, എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കുക
2. കരാറുകാരുടെ നിയമനം ടെണ്ടറിംഗ് എന്നിവയിൽ വേണ്ട ശുപാർശകൾ നല്കുക
3. കരാർ ജോലികൾ രേഖപ്പെടുത്തുക, ഫണ്ട് നൽകുക
4. ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ ചെയ്യുന്നതിന് മുമ്പ് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും നിരാക്ഷേപ സർട്ടിഫിക്കറ്റ് (NOC) വാങ്ങുക.
5. അതത് കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്ന അടിസ്ഥാന സാമൂഹിക വികസന പദ്ധതികളുമായി ബന്ധപ്പെട്ട എഞ്ചിനീയറിംഗ്, സംഭരണം, മേൽനോട്ടം, ഗുണനിലവാരം മുതലായവയുടെ മേൽനോട്ടം, ധനകാര്യം നിർവഹിക്കുക.

സുസ്ഥിര നഗര വികസന പദ്ധതിയുടെ കീഴിൽ വരുന്ന വിവിധ ഘടകങ്ങളും അവയ്ക്കു വകയിരുത്തിയിരിക്കുന്ന തുകയും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | അടിസ്ഥാനസൗകര്യവിഭവം | – 650.39 കോടി രൂപ |
| 2. | പ്രാദേശികസർക്കാർ വികസനഫണ്ട് | – 243.58 കോടി രൂപ |
| 3. | നികുതിയും മറ്റിനങ്ങളും | – 210.42 കോടി രൂപ |
| 4. | ഇന്ററസ്റ്റ് | – 131.67 കോടി രൂപ |
| 5. | ദാരിദ്ര്യനിർമ്മാർജ്ജനം | – 101.25 കോടി രൂപ |
| 6. | ദേശീയ – പ്രദേശിക കൺസൾട്ടൻസ് | – 47.80 കോടി രൂപ |
| 7. | ഗവേഷണം,പരിശീലനം,ഭരണ നിർവഹണം | – 23.47 കോടി രൂപ |
| 8. | സാങ്കേതിക സഹായം | – 5.20 കോടി രൂപ |
| 9. | ഭൂമി ഏറ്റെടുക്കൽ | – 6.53 കോടി രൂപ |
| | **ആകെ** | **– 1420.30 കോടി രൂപ** |

കേന്ദ്ര – കേരള സർക്കാർ ആവിഷ്കൃത പദ്ധതികളുടെ സംയോജനം, പദ്ധതി വിഹിതം ഏഷ്യൻ വികസന ബാങ്കിന്റെ ധനസഹായം എന്നിവയോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

*(കടപ്പാട് : കെ.എസ്.യു.ഡി.പി)*




# കുടുംബശ്രീ ദശവാർഷികം
# പുതിയ കാൽവയ്പ്പുമായി ....

ആർ. പാർവ്വതീ ദേവി

സ്ത്രീശാക്തീകരണവും ദാരിദ്ര്യനിർമ്മാർജ്ജനവും മുൻനിർത്തി സംസ്ഥാന സർക്കാർ 1998 ൽ ആരംഭിച്ച കുടുംബശ്രീ വിജയകരമായ ഒരു ദശകം പൂർത്തിയാക്കി. 36 ലക്ഷം സ്ത്രീകൾ അംഗങ്ങളായ കരുത്തുറ്റ പ്രസ്ഥാനമായി മാറിയ കുടുംബശ്രീ അതിന്റെ പ്രസക്തിയും പ്രാധാന്യവും വ്യക്തമാക്കുന്ന വിധത്തിലാണ് വാർഷിക പരിപാടികൾ സംഘടിപ്പിച്ചത്. മെയ് 20 ന് കോഴിക്കോട്ട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ 35,000 സ്ത്രീകൾ ഒത്തുകൂടിയ മഹാസംഗമം തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ് കുട്ടി ഉത്ഘാടനം ചെയ്തു.

ഭൂപരിഷ്കരണം മുതൽ ജനകീയാസൂത്രണംവരെയുള്ള മഹത്തായ ഭരണ നടപടികൾക്ക് തുടക്കം കുറിച്ച കേരളത്തിന്റെ മറ്റൊരു സംഭാവനയാണ് കുടുംബശ്രീയെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ഈ പ്രസ്ഥാനത്തിനെ സംരക്ഷിക്കേണ്ട ചുമതല എല്ലാ കേരളീയരുടേയും കടമയാണെന്ന് പാലോളി മുഹമ്മദ്കുട്ടി ഓർമ്മിപ്പിച്ചു. സ്ത്രീകളുടെ ലഘുസമ്പാദ്യ പദ്ധതിയുടെ സാധ്യതകൾ മനസ്സിലാക്കി ഈ രംഗത്ത് നുഴഞ്ഞുകയറാൻ പല സ്ഥാപിതതാൽപ്പര്യക്കാരും ശ്രമിക്കുന്നുണ്ട്. ഇത്തരം വിഭാഗീയശക്തികൾക്കു വളരാനുള്ള സാഹചര്യം കേന്ദ്രസർക്കാരിന്റെ പുത്തൻ സാമ്പത്തികനയം ഒരുക്കിക്കൊടുക്കുന്നു. ഇതിനെതിരെ ഓരോ കുടുംബശ്രീ അംഗവും ജാഗ്രത പാലിക്കണമെന്നും പൊതുകൂട്ടായ്മയ്ക്ക് തടസ്സമാകുന്ന ഇത്തരം വിഭാഗീയ ശക്തികളെ പ്രതിരോധിക്കണമെന്നും പാലോളി മുഹമ്മദ് കുട്ടി അഭ്യർത്ഥിച്ചു.

ദശവാർഷികാഘോഷത്തിന്റെ ഏറ്റവും പ്രധാന പരിപാടി വിപുലമായ സ്ത്രീശക്തി സംഗമം ആയിരുന്നു. കേരളത്തിനകത്തും പുറത്തും വ്യത്യസ്തമേഖലകളിൽ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ച 30–ഓളം വനിതകൾ സംഗമത്തിൽ പങ്കെടുത്തു. വേദിയുടെ ഇരുവശവും ഘടിപ്പിച്ചിരുന്ന പാനൽ തിരിച്ചുകൊണ്ട് കുടുംബശ്രീ ലോഗോ അനാവരണം ചെയ്തത് ഈ 30 സ്ത്രീകളും സംയുക്തമായാണ്. കുടുംബശ്രീയുടെ വ്യത്യസ്ത തൊഴിൽ സംരംഭങ്ങൾ നടത്തുന്നവർക്കു പുറമേ സുഗതകുമാരി, ജെ. ലളിതാംബിക, ടി. ദേവി, പി.ടി. ഉഷ, പമേല അന്നമ്മ മാത്യു, നീന പ്രസാദ്, നിലമ്പൂർ ഐഷ, ചേലക്കോടൻ ഐഷ, തമിഴ്നാട്ടിലെ മലർ എന്ന പ്രസ്ഥാനത്തിന്റെ നേതാക്കളായ ജിനോ, കമലാബായി, ആനന്ദി എന്ന സന്നദ്ധ



*കുടുംബശ്രീ പത്താം വാർഷിക സുവനീർ നബാർഡ് ചീഫ് ജനറൽ മാനേജർ ഭവർപുരിക്ക് നൽകിക്കൊണ്ട് കെ.കെ. ലതിക എം.എൽ.എ പ്രകാശനം ചെയ്യുന്നു.*

സംഘടനയുടെ പ്രതിനിധി സേജൽ ഡാൻഡ് തുടങ്ങിയവർ സ്ത്രീശക്തി സംഗമത്തിൽ പങ്കെടുത്തു.

കോഴിക്കോട് മേയർ എം. ഭാസ്കരൻ അധ്യക്ഷനായിരുന്ന യോഗത്തിൽ സ്ത്രീപദവി പഠന പദ്ധതി സതീദേവി എം.പി. ഉത്ഘാടനം ചെയതു. വി.കെ.സി.യുമായി ച്ചേർന്ന് പാദരക്ഷകളുടെ മേൽഭാഗം നിർമ്മിക്കുന്ന സമഗ്ര പദ്ധതി എ. പ്രദീപ് കുമാർ എം.എൽ.എ. ഉത്ഘാടനം ചെയ്തു. വി.കെ.സി മമ്മദ്കോയ കരാർ പത്രം നൽകി. പത്താം വാർഷിക സുവനീർ നബാർഡ് ചീഫ് ജനറൽ മാനേജർ ഭവർപുരിക്ക് നൽകിക്കൊണ്ട് കെ.കെ. ലതിക എം.എൽ.എ പ്രകാശനം നിർവ്വഹിച്ചു. പി.എം.എ. സലാം എം.എൽ. എ ഉപഹാരങ്ങൾ നൽകി കുടുംബശ്രീയെ ഏറ്റവും അധികം സഹായിച്ച ബാങ്കുകളെ ആദരിച്ചു. കമ്മ്യൂണിറ്റി മാർക്കറ്റിംഗ് ശൃംഖല കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.പി.കുഞ്ഞമ്മദ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് കെ.നാരായണൻ ആശംസകൾ നേർന്നു. കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗങ്ങളായ ബേബി ബാലകൃഷ്ണൻ, ബീനാ സണ്ണി, എം.ലക്ഷ്മി, സുബൈദ ഇസ്ഹാക്ക് എന്നിവരും പങ്കെടുത്തു.

ജില്ലയിൽ വിവിധ കേന്ദ്രങ്ങളിൽ അവതരിപ്പിച്ച കുടുംബശ്രീ കലാജാഥയുടെ അവതരണവും ശ്രദ്ധേയമായി.

19 ന് കോഴിക്കോട് ടാഗോർ സെന്റിനറി ഹാളിൽ തൊഴിൽ സംരംഭ വികസനത്തിന് സംയോജിത സമീപനം എന്ന വിഷയത്തെക്കുറിച്ച് ശില്പശാല സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റുമാരും നഗരസഭാ അധികൃതരും സി.ഡി.എസ് പ്രതിനിധികളും ഉൾപ്പെടെ അഞ്ഞൂറു പേരാണ് ശില്പശാലയിൽ പ്രതിനിധികളായി ഉണ്ടായിരുന്നത്. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരൻ, തദ്ദേശസ്വയംഭരണ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പ്രൊഫ. പി.കെ. രവീന്ദ്രൻ, കുടുംബശ്രീ ഡയറക്ടർ (എ&എഫ്) കെ.റ്റി. കുഞ്ഞിമുഹമ്മദ്, പ്രോഗ്രാം ഓഫീസർമാരായ എസ്. ശ്രീകണ്ഠൻനായർ, എസ്.മോഹനൻ, എൻ. ജഗജീവൻ, കെ.കൃഷ്ണകുമാർ തുടങ്ങിയവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി. കൂടാതെ കുടുംബശ്രീ രൂപീകരണദിനമായ മെയ് 17ന് എല്ലാ അയൽക്കൂട്ടങ്ങളിലും ഫലവൃക്ഷ തൈ നട്ടു പിടിപ്പിച്ചു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം വനം മന്ത്രി ബിനോയ് വിശ്വം തിരുവനന്തപുരത്ത് നിർവഹിച്ചു.

കഴിഞ്ഞ ഒരുമാസമായി അയൽക്കൂട്ടതലം മുതൽ വ്യത്യസ്ത പരിപാടികൾ വാർഷികാഘോഷത്തിന്റെ ഭാഗമായി നടന്നുവരികയാണ്. മാലിന്യമുക്തകേരളം, സൂക്ഷ്മസമ്പാദ്യം, പച്ചക്കറികൃഷി എന്നീ മൂന്നു വിഷയങ്ങൾ പ്രധാനമായിട്ടെടുത്ത് ചർച്ചകളും സെമിനാറുകളും നടന്നു. കൂടാതെ പോസ്റ്റർ പ്രദർശനങ്ങൾ, കുടുംബസംഗമങ്ങൾ, കലാ-കായിക മത്സരങ്ങൾ, ബാലോൽസവങ്ങൾ എന്നിവയും അയൽക്കൂട്ട-എ.ഡി.എസ്-സി.ഡി.എസ് തലത്തിൽ നടന്നു.

ഇത്തരത്തിൽ കേരളത്തിന്റെ ഭാവി പ്രവർത്തനങ്ങളിലെ സജീവ പങ്കാളിയാകാൻ ഉതകുന്ന പരിപാടികൾക്കാണ് കുടുംബശ്രീ പത്താം വാർഷികത്തിൽ തുടക്കം കുറിച്ചത്. കാർഷിക, ഉത്പാദന, വികസന മേഖലകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കാനും അവയ്ക്കു പോംവഴികൾ കണ്ടെത്താനും ഉള്ള ദീർഘകാല/ഹ്രസ്വകാല പരിപാടികൾക്ക് കുടുംബശ്രീ രൂപം നൽകിയിരിക്കുന്നു. സ്ത്രീശാക്തീകരണം, സാമൂഹ്യശാക്തീകരണം, സാമ്പത്തിക ശാക്തീകരണം എന്നീ മൂന്ന് അടിസ്ഥാന ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് കൂടുതൽ അർത്ഥപൂർണ്ണവും ഫലപ്രദവുമായ പരിപാടികളും പദ്ധതികളുമാണ് കുടുംബശ്രീ വരും കാലഘട്ടത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.

സ്ത്രീശാക്തീകരണം,
സാമൂഹ്യശാക്തീകരണം,
സാമ്പത്തിക ശാക്തീകരണം
എന്നീ മൂന്ന് അടിസ്ഥാന
ലക്ഷ്യങ്ങൾ
സാക്ഷാത്ക്കരിക്കുന്നതിന്
കൂടുതൽ അർത്ഥപൂർണ്ണവും
ഫലപ്രദവുമായ പരിപാടികളും
പദ്ധതികളുമാണ് കുടുംബശ്രീ
വരുംകാലഘട്ടത്തിൽ
ആവിഷ്കരിച്ച് നടപ്പാക്കുവാൻ
തീരുമാനിച്ചിരിക്കുന്നത്.

*(ലേഖിക കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജന മിഷനിൽ പബ്ലിക് റിലേഷൻസ് ആഫീസറാണ്)*



## ഹരിയാന

ഔട്ട്ലുക്ക് സാപ്താഹിക് മാസികയുടെ 2008 ഏപ്രിൽ 22-28 പതിപ്പിൽ ഭാഷാസിങ്ങിന്റെ अमृत मंथन എന്ന ലേഖനത്തിന്റെ മലയാള വിവർത്തനം തുടർച്ച.

**(വിവർത്തനം : ഡോ. എം.എസ്. രാധാകൃഷ്ണപിള്ള)**



# ക്ഷമയുടെ അതിരു കടക്കുന്നു

## ഭരണപരമായ നിസംഗതയിൽ സഹികെട്ട വനിതാ സർപഞ്ച് രാജിവയ്ക്കുവാൻ വരെ തയ്യാർ

ഹരിയാനയിലെ മേവാത് പ്രദേശത്തെ നീംഖേഡ ഗ്രാമപഞ്ചായത്ത് വാർത്തകളിൽ നിറഞ്ഞു നില്ക്കുന്നു. കുറഞ്ഞപക്ഷം രണ്ടായിരത്തി മൂന്നിലെ പഞ്ചായത്തു തെരഞ്ഞെടുപ്പിനുശേഷം ഈ മുസ്ലീം ഭൂരിപക്ഷപ്രദേശം, ഹരിയാനയിലെ മണ്ണിൽ ഇദംപ്രഥമമായി പഞ്ചായത്തുനേതൃത്വത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും സ്ത്രീകൾക്കു നല്കികൊണ്ട് ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. നീം ഖേഡ (ഹരിയാന) സന്ദർശനത്തിനുശേഷം **ഭാഷാസിംഗ്** തയ്യാറാക്കിയത്.

*'ഞങ്ങൾ വിചാരിച്ചത് കഴിഞ്ഞ അൻപതു വർഷങ്ങൾകൊണ്ട് പുരുഷന്മാർക്ക് ചെയ്യാൻ കഴിയാതിരുന്നത് ഒന്നു രണ്ടു വർഷം കൊണ്ട് ഞങ്ങൾക്ക് ചെയ്യാൻ കഴിയുമെന്നാണ്. ലക്ഷം തവണ ശ്രമിച്ചുവെങ്കിലും ഞങ്ങൾക്ക് ഞങ്ങളുടെ ഗ്രാമത്തിനുവേണ്ടി ഒന്നും ചെയ്യാൻ കഴിയുന്നില്ല. വെള്ളത്തിനു വേണ്ടി ജീവൻ കളഞ്ഞു. ഇപ്പോൾ അധികാരികൾ പറയുന്നത് എല്ലാവരുടേയും വീട്ടിൽ അക്വാഗാർഡ് ഘടിപ്പിക്കുവാനാണ്. വൈദ്യുതിയില്ലെങ്കിൽ ജനറേറ്റർ വെയ്ക്കുവാനും. നിങ്ങൾ തന്നെ പറയുക,* (വനിതാ റിപ്പോർട്ടറോട്), *അവർക്ക് പുരുഷ പ്രസിഡന്റിനെ ഇങ്ങനെ പരിഹസിക്കാനാകുമോ. ഞങ്ങളെ ഈ അധികാരികൾ ഒട്ടുംതന്നെ വകവയ്ക്കുന്നതേയില്ല. ഒന്നാമതായി ഞങ്ങൾ നിരക്ഷരരാണ്. രണ്ടാമത് ഞങ്ങൾ സ്ത്രീകളാണ്. പിന്നെ മുസൽമാനും.'* **-ആശുബി** പറഞ്ഞു-

*'ഞാൻ ഒരിക്കലും കരുതിയിരുന്നില്ല മെമ്പറാകുമെന്ന്. ആയിക്കഴിഞ്ഞപ്പോൾ വിചാരിച്ചു ഒരു മാതൃ-ശിശു പൊതുജനാരോഗ്യകേന്ദ്രം തുറക്കണമെന്ന്. എത്രയോ സ്ത്രീകളാണ് പ്രസവത്തെ തുടർന്ന് മരിക്കുന്നത്. വേദന അനുഭവിക്കുന്നത് ഞങ്ങളാണ്. ഞങ്ങൾ പ്രവർത്തിക്കുന്നതിനും തയ്യാറാണ്. എന്നാൽ സർക്കാർ സഹായിക്കുവാൻ തയ്യാറല്ല'*- **ആസ്സീനി, മെമ്പർ -**

*'ഇപ്പോൾ ഞങ്ങൾ സർക്കാർ അധികാരികൾ വന്നാലോ അല്ലെങ്കിൽ വലിയ വലിയ നേതാക്കന്മാർ വന്നാലോ ഈ ഉപ്പു കലർന്ന ഓരു വെള്ളമാണ് ഗ്ളാസ്സിൽ കുടിക്കാൻ കൊടുക്കുന്നത്. നിങ്ങൾക്കു വേണ്ടി ഇപ്പോൾ വയലിലെ പണി ഉപേക്ഷിച്ച് ഒത്തുകൂടിയതുപോലെ ഇവർ വരുമ്പോൾ ഇവർക്കു വേണ്ടി ഞങ്ങൾ വരാറില്ല. വാചാലമായി സംസാരിക്കുന്നതിനപ്പുറം ഇവർ ഒന്നും ചെയ്യുന്നില്ല. ഓരോ തവണയും വാഗ്ദാനങ്ങൾ നല്കി ഞങ്ങളെ കബളിപ്പിക്കുന്നു. ഞങ്ങൾ അവരെപ്പോലെ കൗശലക്കാരല്ല. എന്നാൽ ഞങ്ങളുടേയും ഞങ്ങളുടെ ഗ്രാമത്തിന്റെയും നന്മകൾ ഞങ്ങൾ നന്നായി തിരിച്ചറിയുന്നു'.-* **ഹാജരാ, മെമ്പർ -**

അവരുടെ ക്ഷമയുടെ അതിരു കവിയുകയാണ്. അവരുടെ ക്ഷമയുടെ നെല്ലിപ്പലക തെളിയുകയാണ്. തികച്ചും ശാന്തരും ലാളിത്യമുള്ളവരും നിഷ്കളങ്കരുമായി തോന്നുന്ന, തലമുറുക്കി സാരിത്തുമ്പു കൊണ്ട് മറച്ച ഈ സ്ത്രീകൾ, പഞ്ചായത്ത് സംസാരവിഷയമാകുമ്പോൾ തിളച്ചുമറിയുകയാണ്. ഇവരെല്ലാം രാജിവയ്ക്കുന്നതിനും തയ്യാറാണെന്നാണ് വാർത്ത. ഇവരെല്ലാം ഒരേ സ്വരത്തിൽ പറയുന്നു. *ഇനി ഇതിൽ കൂടുതൽ വയ്യ. ഇതിനല്ല ഞങ്ങൾ തെരഞ്ഞെടുക്കപ്പെട്ടത്.* ഹരിയാനയിലെ മേവാത് പ്രദേശത്തെ നീംഖേഡ ഗ്രാമപഞ്ചായത്ത് വാർത്തകളിൽ നിറഞ്ഞു നില്ക്കുന്നു. കുറഞ്ഞപക്ഷം രണ്ടായിരത്തിമൂന്നിലെ പഞ്ചായത്തു തെരഞ്ഞെടുപ്പിനുശേഷം ഈ മുസ്ലീം ഭൂരിപക്ഷപ്രദേശം, ഹരിയാനയിലെ മണ്ണിൽ ഇദംപ്രഥമമായി പഞ്ചായത്തു നേതൃത്വത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും സ്ത്രീകൾക്കു നല്കികൊണ്ട് ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. നീംഖേഡയിലേയും ധൗളി ഗ്രാമത്തിലെയും ജനങ്ങൾ പഞ്ചായത്ത് അദ്ധ്യക്ഷന്റെയും മെമ്പർമാരുടേയും സ്ഥാനത്തേയ്ക്ക് സ്ത്രീകളെ എതിരില്ലാതെ തെരഞ്ഞെടുത്തു. ഇവരുടെ പെൺപെരുമ നാടെങ്ങും വാഴ്ത്തപ്പെടുന്നു. കഴിഞ്ഞവർഷം നീംഖേഡ പഞ്ചായത്തിന് ഏറ്റവും നല്ല പഞ്ചായത്തിനുള്ള പുരസ്കാരം ലഭിച്ചു എന്നതാണ് വസ്തുത. ഇന്ന് ഇവിടത്തെ അദ്ധ്യക്ഷയും അംഗങ്ങളും-ഭരണ-രാഷ്ട്രീയ മെഷിനറിയുടെ നിസ്സംഗതകാരണം ഇവരുടെ ബധിര കർണ്ണങ്ങളിൽ പതിക്കത്തക്കവിധം ഒരു പൊട്ടിത്തെറിതന്നെ നടത്താൻ വെമ്പുകയാണ്. വിതുമ്പുന്ന ശബ്ദത്തിൽ പഞ്ചായത്ത് അദ്ധ്യക്ഷ- ആശുബിയുടെ വാക്കുകൾ-*നമ്മളുടേതുപോലെ എല്ലാ പഞ്ചായത്തു*



*നിംഖേദ പ്രസിഡന്റ് അശുബി പഞ്ചായത്ത് മീറ്റിംഗിൽ*

*കളും പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നുണ്ട്. എന്നാൽ ഞങ്ങൾക്ക് പണവും കിട്ടുന്നില്ല, ഞങ്ങളുടെ പദ്ധതികൾക്ക് അംഗീകാരവും നല്കപ്പെടുന്നില്ല* – രാജ്യത്തെ ബഹുഭൂരിപക്ഷം പഞ്ചായത്തുകളുടെയും സ്ഥിതിതന്നെയാണ് വ്യക്തമാക്കുന്നത്.

ദില്ലിയിൽ നിന്നും ഞങ്ങൾ നീംഖേഡയിലേയ്ക്ക് പുറപ്പെടുന്നത് സർക്കാർ റിപ്പോർട്ടുകളുടെയും അധികാരികളുമായുള്ള സംഭാഷണങ്ങളുടേയും അടിസ്ഥാനത്തിൽ വളരെ വിജയകരമായ ഒരു പരീക്ഷണം നേരിൽ കാണുവാൻപോകുകയാണ് എന്ന ധാരണയിലാണ്. പൽവൽ കഴിഞ്ഞ് പുൻഹാനയ്ക്കു ശേഷം ചെറുതും വലുതുമായ കുഴികൾ തടസ്സം സൃഷ്ടിക്കുന്ന റോഡിൽകൂടി കടന്നുപോകുമ്പോൾ പ്രായം ചെന്ന ഒരു മനുഷ്യനോട് വഴി ആരാഞ്ഞപ്പോൾ അദ്ദേഹം പുഞ്ചിരിച്ചുകൊണ്ടു ചോദിച്ചു – 'നീംഖേഡ? അവിടേപ്പോകാൻ എല്ലാവർക്കും താല്പര്യമാണ്. നിങ്ങൾ വിചാരിക്കുന്നതുപോലെയല്ല കാര്യങ്ങൾ. ഗ്രാമത്തിന്റെ ചിത്രം അങ്ങനെ അത്ര പെട്ടന്നൊന്നും മാറുന്നതല്ലല്ലോ? അദ്ദേഹത്തിന്റെ വാക്കുകളിലെ വ്യംഗ്യം നീംഖേഡ ഗ്രാമത്തിലെ ഓരോ വ്യക്തിയുടെയും മുഖത്ത് തെളിഞ്ഞു കാണാമായിരുന്നു. ഇവിടത്തെ ജനങ്ങൾക്ക് പഞ്ചായത്തിനോട് പരാതിയില്ല. എല്ലാവരും പറയുന്നത് ഈ സ്ത്രീകൾ സ്ഥിതിഗതികൾ മെച്ചപ്പെടുത്തുന്നതിന് വളരെയധികം ശ്രമിച്ചു, എന്നാൽ അവരെ കേൾക്കാൻ ആരുമില്ല എന്നാണ്. പൊതുവെ ആ പ്രദേശത്താകെ എന്നപോലെ തന്നെ നീംഖേഡ മേവാ എന്ന മുസ്ലീം വിഭാഗത്തിൽപ്പെട്ട ജനങ്ങൾ അധിവസിക്കുന്ന ഈ ഗ്രാമത്തിലെ ജനസംഖ്യ ഉദ്ദേശം മൂവായിരമാണ്. അതിൽ നാലു വീടുകൾ ഹിന്ദുക്കളുടേതാണ്. എന്നാൽ എല്ലാവരും മുറവിളി കൂട്ടുന്നത് വെള്ളത്തിനു വേണ്ടിയാണ്.

മേവാത് പൊതുവേ വരൾച്ചബാധിത പ്രദേശം എന്നതിന്റെ പേരിൽ അറിയപ്പെടുന്നു. നീംഖേഡ ഉൾപ്പടെ മറ്റു ഗ്രാമങ്ങളിലെയും ജലം ഉപ്പുരസമുള്ളതാണ്. തന്റെ വയലിൽ ഗോതമ്പിന്റെ വിളവെടുപ്പിൽ വ്യാപൃതനായ മെമ്പർ ശക്കൂരൻ പറയുന്നത്– '*പഞ്ചായത്ത് സ്വന്തം നിലയിൽ അങ്കണവാടിയ്ക്കും പൊതുജനാരോഗ്യ കേന്ദ്രത്തിനും സ്ഥലം നല്കി. എന്നാൽ സർക്കാർ ഒന്നും ചെയ്തില്ല. ജനങ്ങളുടെ പരിഹാസം കേൾക്കേണ്ടിവരുന്നത് ഞങ്ങളാണ്. നിങ്ങൾ നിങ്ങളുടെ* (സ്ത്രീ റിപ്പോർട്ടർ) *ജോലി–ഭംഗിയായി നിർവ്വഹിച്ചില്ലെങ്കിൽ ഓഫീസിൽ ആളുകൾ പറയുകയില്ലേ ഈ ജോലി സ്ത്രീകൾക്കു പറ്റിയതല്ല എന്ന്. ഞങ്ങളുടെ സ്ഥിതിയും അതായിരിക്കുന്നു'.*

സംഭാഷണം പ്രധാനമായും ഈ വിഷയങ്ങളെ ചുറ്റിപ്പറ്റിയായിരുന്നു.



- കഴിഞ്ഞവർഷം അങ്കണവാടിയ്ക്കു വേണ്ടി ഇരുപത്തയ്യായിരം രൂപാ ശേഖരിക്കുകയും അതിനു വേണ്ടി പ്രസിഡന്റ് സ്വന്തം ഭൂമി നല്കുകയും കൂടി ചെയ്തിട്ടും ഒന്നും സംഭവിച്ചില്ല.
- പൊതുജനാരോഗ്യകേന്ദ്രത്തിനും ഭൂമി ലഭ്യമാക്കിയെങ്കിലും ഭരണകൂടം ഒരു നടപടിയും എടുത്തില്ല.
- കുടിവെള്ളത്തിനു വേണ്ടി ബോറിംങ് നടത്തിക്കുകയും വൈദ്യുതിക്കുവേണ്ടി ലൈൻ വലിക്കുകയും ചെയ്യുന്ന ജോലി പഞ്ചായത്തിന്റെ മേല്നോട്ടത്തിൽ നടന്നുവെങ്കിലും പ്രാരംഭ സഹായം നല്കിയതിനു ശേഷം ഭരണകൂടം തണുപ്പൻ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ജോലി മുഴുവൻ ഒരു വർഷമായി സ്തംഭിച്ചിരിക്കുകയാണ്. വെള്ളവുമില്ല, വൈദ്യുതിയുമില്ല. സമീപ ഗ്രാമങ്ങളുടെ ജല ദൗർലഭ്യത്തിന് ഒരു ആശ്വാസം നല്കുന്നതിന്, കനാലിന്റെ ബ്ലൂപ്രിന്റു നീംഖേഡ പഞ്ചായത്ത് തയ്യാറാക്കി നല്കുകയും ഇതിന്റെ നിർമ്മാണത്തിന് പൂർണ്ണമായി സഹായിക്കാമെന്ന് വാഗ്ദാനം നൽകുകയും ചെയ്തിരുന്നു. ആദ്യമൊക്കെ വളരെയധികം പ്രശംസിക്കപ്പെട്ടിരുന്നു. എന്നാൽ ഇത് പിന്നീട് ഫയലുകളിൽ മുങ്ങിപ്പോയി.
- പുന്ഹാന വരെ പോകുന്നതിന് ഇവിടെ ബസ്സുകളൊന്നുമില്ല. ജനങ്ങൾ യാത്രചെയ്യാൻ നിർബന്ധിതരായിരിക്കുന്നു. ജീപ്പുകളിൽ എഴുപത് ആൾക്കാരെ വരെ കുത്തിനിറച്ച് ഫെവിക്കോളിന്റെ പരസ്യവും പേറി റോഡുകളിൽക്കൂടി വൻ ഭീഷണി ഉയർത്തി ഓടിക്കൊണ്ടിരിക്കുന്നു. പലതവണ നിവേദനങ്ങൾ നല്കുകയും രാജിഭീഷണി മുഴക്കുകയും ചെയ്തതിനു ശേഷം പഞ്ചായത്തീരാജ് സെക്രട്ടറിയുടെ ഇടപെടൽ കൊണ്ട് ഒരു ബസ് ഓടാൻ തുടങ്ങിയിരുന്നു. ഇതിന്റെ ഓട്ടം അല്പ ദിവസങ്ങൾക്കുള്ളിൽ തന്നെ നിലച്ചു പോയി.

ഇങ്ങനെയുള്ള എണ്ണമറ്റ വിഷയങ്ങളിൽ നീംഖേഡ വനിതാ പഞ്ചായത്ത് ഒരായിരം തവണ ശബ്ദമുയർത്തിക്കഴിഞ്ഞു. ഇപ്പോൾ അവർ തളർന്ന് നിരാശരായിത്തുടങ്ങിയിരിക്കുന്നു. എന്നാൽ ഈ പഞ്ചായത്ത് ഇതുവരെ ഒന്നും നേടിയിട്ടില്ല എന്ന് ഇതിനർത്ഥമില്ല. അവർ സ്വയം ചെയ്തുതീർത്ത കാര്യങ്ങളിൽ സംതൃപ്തരല്ല എന്നതാണ് പ്രയാസമുളവാക്കുന്നത്. പഞ്ചായത്ത് തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം ആദ്യമായി മുൻതൂക്കം നല്കിയത് സ്കൂൾ നന്നാക്കിയെടുക്കുന്നതിനാണ്. അവിടെ വിദ്യാർത്ഥീ–വിദ്യാർത്ഥിനികൾ പഠിക്കാൻ വരണമെന്ന് തീരുമാനിക്കപ്പെട്ടു. സ്കൂൾ അഞ്ചാം ക്ളാസ്സുവരെയേ ഉണ്ടായിരുന്നുള്ളൂ. പഞ്ചായത്തിന്റെ ശ്രമഫലമായി ഇപ്പോൾ പത്തുവരെ അംഗീകാരം കിട്ടികഴിഞ്ഞു. പുതിയ കെട്ടിടം പണി തീർന്നുവരുന്നു. മെമ്പറായ **സഫ്ദർ** പറഞ്ഞത്– '*ഞങ്ങളെല്ലാം നിരക്ഷരരാണ്. അതുകൊണ്ട് ഞങ്ങളുടെ സ്വപ്നം, എല്ലാ പെൺകുട്ടികളും പഠിക്കണമെന്നും ഞങ്ങളെപ്പോലെ ആകരുതെന്നും*' ആണ്. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ ശ്രമങ്ങൾ ഏറെക്കുറെ ശ്രദ്ധ ആകർഷിച്ചിരിക്കുകയാണ്. ഗ്രാമത്തിനു പുറത്ത് ഏകദേശം ഒരു കിലോമീറ്റർ അകലെ കനാലിൽവച്ച് **ആബിദയെ** കണ്ടു. ഇവൾ എട്ടാം തരം ജയിച്ചിട്ടുണ്ട്. അഞ്ചാം ക്ളാസ്സുവരെ സർക്കാർ സ്ക്കൂളിലും മൂന്നു ക്ളാസ്സുകൾ പ്രൈവറ്റു സ്ക്കൂളിലും–അവൾ പറഞ്ഞു. '*ഇനിയും പഠിക്കണമെന്ന് ആഗ്രഹമുണ്ട് എന്നാൽ വീട്ടിലെ ജോലി ആരു നോക്കും? വെള്ളം എത്ര വളരെ അകലെയാണ്. പെൺകുട്ടി വെള്ളം കൊണ്ടുവരാൻപോകുമോ അതോ പഠിക്കാൻ പോകുമോ.*' അവളോടൊപ്പം തുണി അലക്കിക്കൊണ്ടിരുന്ന **അഫ്സാന, സുമയ്**.... എല്ലാവരും ശരിയാണ് എന്നു തലയാട്ടി. ഇപ്പോൾ ഈ ഗ്രാമത്തിൽ സജീവമായി പ്രവർത്തിക്കുന്ന ദില്ലിയിലെ ജാമിയ മില്ലിയയിൽ നിന്നും എം.എ പാസ്സായ ഷുജ പറഞ്ഞത്– '*ഈ വനിതാപഞ്ചായത്തിന്റെ രൂപീകരണത്തിൽ ഗ്രാമീണർ ഒന്നടങ്കവും ഈ സ്ത്രീകളുടെ വീട്ടുകാർ മുഴുവനും പരിപൂർണ്ണമായി സഹായിച്ചു. മുസ്ലീംങ്ങൾ പിന്തിരിപ്പന്മാർ അല്ലായെന്നും സ്ത്രീകളെ മുൻനിരയിൽ നിർത്തുന്നതിന് അവർക്ക് യാതൊരു വിരോധവുമില്ലായെന്നും കാണിച്ചുകൊടുത്തു. ഇവർ എന്തെങ്കിലും ചെയ്യുമെന്നും എല്ലാവർക്കും പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ ഈ സ്ഥിതിയിൽ സർക്കാരും ഭരണകൂടവും എല്ലാവരുടെയും ആത്മവിശ്വാസം തകർക്കുയാണ്*' –എന്നാണ്.

ഈ ഗ്രാമത്തിന് ഒരു രാഷ്ട്രീയ പ്രാധാന്യം കല്പിക്കപ്പെടുന്നു. കാരണം ഹരിയാന നിയമസഭയിലേയ്ക്ക് ഉപാദ്ധ്യക്ഷൻ ആസാദ് മുഹമ്മദ് മത്സരിക്കുന്നുണ്ട്. ഇവിടത്തെ പ്രസിഡന്റ് അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരന്റെ ഭാര്യയാണ്. എല്ലാ കാര്യങ്ങളിലും അവരെ സഹായിക്കാറുള്ള, അദ്ധ്യക്ഷ ആശുബിയുടെ ഭർത്താവ് വളരെ ദുഃഖത്തോടു കൂടി പറയുന്നു– 'വളരെ സംശയാസ്പദമായ ഒരു സ്ഥിതിവിശേഷത്തിലാണ് ഞങ്ങൾ. സർക്കാരിനോ ഭരണകൂടത്തിനോ എതിരായി സംസാരിച്ചാൽ സഹോദരന്റെ കോപത്തിന് ഇരയാകും. അങ്ങനെ ചെയ്തില്ലായെങ്കിൽ ഗ്രാമീണരോടും തങ്ങളോടുതന്നെയും ചെയ്യുന്ന വഞ്ചനയാകും. ഈ ബുദ്ധിമുട്ടുകൾക്കിടയിലും അദ്ധ്യക്ഷയും അവരുടെ ഒൻപത് അംഗങ്ങൾ അടങ്ങുന്ന ടീമിൽ അത്ഭുതാവഹമായ ആത്മവിശ്വാസമാണ് പ്രകടമാകുന്നത്.' അവരുടെതന്നെ ഈ വാക്കുകൾ അവരുടെ നിശ്ചയദാർഢ്യം പ്രകടമാക്കുന്നുണ്ട്.– 'മീറ്റിംഗ് കൂടുന്നത് വളരെ രസകരമായ ഒന്നാണ്. മെമ്പർ എന്ന നിലയിൽ പ്രൗഢിയും പ്രതാപവും ഉണ്ട്. ഇപ്പോൾ ഞങ്ങളെല്ലാം ഇവിടെ ഇരിക്കുമ്പോൾ ഞങ്ങളുടെ വീട്ടുകാർ വയലിൽ വിളവു കൊയ്യുകയാണ്. ആരെന്തു പറഞ്ഞാലും ഞങ്ങൾക്കു നല്ല പേരാണ്. ഞങ്ങൾ ഈ ചെയ്ത അത്രയൊന്നും മുമ്പൊരിക്കലും ആരും ചെയ്തിട്ടില്ല. ഗർവ്വിഷ്ഠരും അഴിമതിക്കാരുമായആഫീസർന്മാരും നിർവ്വികാരത നിറഞ്ഞ രാഷ്ട്രീയ വ്യവസ്ഥിതിയുമാണ്,' അവർ എന്തിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ടുവോ അതൊന്നും അവരെ ചെയ്യാൻ അനുവദിക്കാത്തത് എന്നതാണ് ഖേദകരമായ ഒരു വസ്തുത.

(Courtesy : Outlook *Sapthahik*, New Delhi 2228, April, 2008.)



# മാലിന്യ സംസ്കരണത്തിലെ പത്തനാപുരം മാതൃക അഞ്ചാം വർഷത്തിലേയ്ക്ക്

ആദ്യ ഘട്ടത്തിൽ വേഗത്തിൽ ജീർണ്ണിക്കുന്ന മത്സ്യ–മാംസാവശിഷ്ടങ്ങൾ സംസ്ക്കരിക്കുന്ന പ്ലാന്റാണ് തയ്യാറാക്കിയത്. 250 കിലോഗ്രാം സംസ്ക്കരണ ശേഷിയുള്ള മാലിന്യ പ്ലാന്റ് 2003 ഒക്ടോബറിൽ പ്രവർത്തനക്ഷമമായി.

**എസ്. ഷാജി**

കൊല്ലം ജില്ലയിലെ കിഴക്കൻ മലയോര ഗ്രാമപഞ്ചായത്തായ പത്തനാപുരം ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണത്തിന് നടപ്പാക്കിയ പദ്ധതികൾ ശ്രദ്ധയാകർഷിക്കുന്നു.

കേരളത്തിലെ മിക്ക പഞ്ചായത്തുകളെയുംപോലെ രൂക്ഷമായ മാലിന്യപ്രശ്നമാണ് പത്തനാപുരം ഗ്രാമപഞ്ചായത്തും നേരിട്ടിരുന്നത്. മറ്റ് പഞ്ചായത്തുകളിൽ നിന്ന് വ്യത്യസ്തമായി പത്തനാപുരം ഗ്രാമപഞ്ചായത്ത് മാർക്കററിന്റെ പ്രവർത്തനം ൗണിന്റെ ഹൃദയഭാഗത്തു തന്നെയാണ്. ഇത് ടൗണിൽ രൂക്ഷമായ മാലിന്യ കൂമ്പാരമാണ് സൃഷ്ടിച്ചത്. മറ്റ് പഞ്ചായത്തുകളെ പോലെ ആദ്യസമയങ്ങളിൽ മാലിന്യങ്ങൾ ലോറികളിൽ കയറ്റി മറ്റ് സ്ഥലങ്ങളിൽ കൊണ്ടുപോയി നിക്ഷേപിക്കുകയോ, താൽക്കാലികമായി തയ്യാറാക്കിയ കുഴികളിൽ നിക്ഷേപിക്കുകയോ ആണ് ചെയ്തിരുന്നത്. ഇത് പൊതുജനങ്ങളുടെയും പരിസ്ഥിതി പ്രവർത്തകരുടെയും കടുത്ത എതിർപ്പിന് ഇടയാക്കി. മാലിന്യം നീക്കം ചെയ്യാൻ കഴിയാതെ വന്നതോടെ പത്തനാപുരം മാർക്കറ്റിൽ നിന്ന് പുറംതള്ളുന്ന മത്സ്യ- മാംസാവശിഷ്ടങ്ങൾ ജീർണ്ണിച്ച് ടൗണിലാകെ രൂക്ഷഗന്ധവും ഈച്ചയും പെരുകി.

ഈ സാഹചര്യത്തിലാണ് മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് തിരുവനന്തപുരത്തെ ബയോടെക്കിനെ ചുമതലപ്പെടുത്തിയത്. തുടർന്ന് നടത്തിയ പഠനത്തിൽ 500 കിലോഗ്രാം വേഗത്തിൽ ജീർണ്ണിക്കുന്ന മാലിന്യങ്ങളും, അത്രതന്നെ സാവധാനം ജീർണ്ണിക്കുന്ന മാലിന്യങ്ങളും പ്രതിദിനം മാർക്കറ്റിൽ ഉണ്ടാവുന്നതായി കണ്ടെത്തി. തയ്യാറാക്കിയ പദ്ധതി രൂപരേഖ അനുസരിച്ച് വിവിധ ഘട്ടങ്ങളിലായി പദ്ധതി നടപ്പാക്കാൻ തീരുമാനിക്കുകയായിരുന്നു. ഇത് പഞ്ചായത്തിന് കടുത്ത സാമ്പത്തിക ബാദ്ധ്യത കൂടാതെതന്നെ പദ്ധതി പൂർത്തിയാക്കാൻ സഹായകമായി. കേരളത്തിലെ തന്നെ ആദ്യത്തെ മാലിന്യ സംസ്കരണ വൈദ്യുതി ഉത്പാദന പദ്ധതിയാണ് പത്തനാപുരത്ത് പ്രവർത്തിക്കുന്നത്.

ആദ്യ ഘട്ടത്തിൽ വേഗത്തിൽ ജീർണ്ണിക്കുന്ന മത്സ്യ–മാംസാവശിഷ്ടങ്ങൾ സംസ്ക്കരിക്കുന്ന പ്ലാന്റാണ് തയ്യാറാക്കിയത്. 250കിലോഗ്രാം സംസ്ക്കരണ ശേഷിയുള്ള മാലിന്യ പ്ലാന്റ് 2003 ഒക്ടോബറിൽ പ്രവർത്തനക്ഷമമായി.

വേഗത്തിൽ ജീർണ്ണിക്കുന്ന മത്സ്യ–മാംസാവശിഷ്ടങ്ങളെ ബയോമീതനൈസേഷൻ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് സംസ്കരിക്കുന്നത്. സംസ്കരിച്ച് ലഭിക്കുന്ന ജൈവവാതകത്തെ പ്രത്യേക ഫിൽറ്ററുകളിലൂടെ കടത്തിവിട്ട് ശുദ്ധീകരിച്ച ശേഷം ജനറേറ്ററുകളുടെ സഹായത്തോടെ വൈദ്യുതി ഉത്പാദിപ്പിക്കുന്നു. ഈ വൈദ്യുതി ഉപയോഗിച്ച് മാർക്കറ്റിലും പരിസരത്തുമുള്ള മുപ്പതോളം സി.എഫ്.എൽ. കത്തിക്കുകയും, പ്ലാന്റിനോട് അനുബന്ധിച്ചുള്ള പ്രീകണ്ടിഷണർ, ഗ്യാസ് ഫിൽറ്റർ, റീസൈക്ലിംഗ് പമ്പ് എന്നിവ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. മാലിന്യസംസ്കരണം കഴിഞ്ഞ് ജൈവവാതക പ്ലാന്റിൽ നിന്ന് പുറത്തുവരുന്ന മലിനജലം സംസ്കരിച്ച് പുനരുപയോഗം ചെയ്യുന്ന നൂതനപദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. ഇത് പ്ലാന്റിൽ നിന്നും പുറത്തേക്കുള്ള മലിനജലത്തിന്റെ ഒഴുക്ക് തടയുന്നതിനും പ്ലാന്റും പരിസരവും ശുചിയായി നിലനിർത്തുന്നതിനും സഹായിക്കുന്നു.



*പത്തനാപുരം ജൈവമാലിന്യ പ്ലാന്റിന്റെ മൂന്നാംഘട്ടത്തിൽ സ്ഥാപിച്ച ബയോഗ്യാസിന്റെ ഉദ്ഘാടനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ. സോമപ്രസാദ് നിർവ്വഹിക്കുന്നു.*

രണ്ടാം ഘട്ടത്തിൽ സാവധാനം ജീർണ്ണിക്കുന്ന പച്ചക്കറികളും നാരുകൾ അധികമുള്ള സസ്യാവശിഷ്ടങ്ങളും സംസ്കരിക്കാൻ കഴിയുന്ന ലീച്ച്ബെഡ് സംവിധാനമാണ് തയ്യാറാക്കിയത്. 250 കിലോഗ്രാം ശേഷിയുള്ള ഈ പ്ലാന്റ് പ്രവർത്തനക്ഷമമായതോടെ പ്ലാന്റിന്റെ മൊത്ത സംസ്കരണശേഷി ഉയർന്നു എന്ന് മാത്രമല്ല നാരുകൾ അധികമുള്ള സസ്യാവശിഷ്ടങ്ങൾ മാലിന്യസംസ്കരണ പ്ലാന്റിനുള്ളിൽ പോയി പ്ലാന്റിന്റെ പ്രവർത്തനം തടസപ്പെടുത്തുന്നത് ഒഴിവാക്കാനും കഴിഞ്ഞു.

രണ്ടാം ഘട്ടത്തിൽ സാവധാനം ജീർണ്ണിക്കുന്ന പച്ചക്കറികളും നാരുകൾ അധികമുള്ള സസ്യാവശിഷ്ടങ്ങളും സംസ്ക്കരിക്കാൻ കഴിയുന്ന ലീച്ച്ബെഡ് സംവിധാനമാണ് തയ്യാറാക്കിയത്. 250 കിലോഗ്രാം ശേഷിയുള്ള ഈ പ്ലാന്റ് പ്രവർത്തനക്ഷമമായതോടെ പ്ലാന്റിന്റെ മൊത്ത സംസ്കരണശേഷി ഉയർന്നു എന്ന് മാത്രമല്ല നാരുകൾ അധികമുള്ള സസ്യാവശിഷ്ടങ്ങൾ മാലിന്യസംസ്കരണ പ്ലാന്റിനുള്ളിൽ പോയി പ്ലാന്റിന്റെ പ്രവർത്തനം തടസപ്പെടുത്തുന്നത് ഒഴിവാക്കാനും കഴിഞ്ഞു.

മൂന്നാം ഘട്ടത്തിൽ സാവധാനം ജീർണ്ണിക്കുന്ന കരിയില, വാഴയില, ചപ്പുചവറുകൾ എന്നിവ സംസ്ക്കരിക്കുന്നതിന് ബയോസിനറേറ്ററാണ് സ്ഥാപിച്ചത്. ബയോഗ്യാസ് പ്ലാന്റിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ബയോഗ്യാസിന്റെ ഒരംശം ഉപയോഗിച്ച് പരിമിതമായ വായുസമ്പർക്കത്തിൽ മാലിന്യങ്ങൾ കത്തിച്ച് താപോർജ്ജമാക്കി മാറ്റുകയാണ് ചെയ്യുന്നത്. വായുസമ്പർക്കം കുറവായതിനാൽ മാലിന്യങ്ങൾ പൂർണ്ണമായും കത്തിതീരുന്നു എന്ന് മാത്രമല്ല പുറംതള്ളുന്ന പുകയുടെ അളവും വളരെ കുറവായിരിക്കും. മാലിന്യങ്ങൾ കത്തിക്കാൻ ജൈവവാതകം തന്നെ ഉപയോഗിക്കുന്നതിനാൽ പഞ്ചായത്തിന് ആവർത്തന ചെലവ് ഒഴിവാക്കാനും കഴിഞ്ഞു. 100 കിലോ മാലിന്യമാണ് ബയോസിനറേറ്ററിന്റെ പ്രതിദിന സംസ്കരണശേഷി. ബയോസിനറേറ്ററിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ചൂടുവെള്ളം വൈദ്യുതി ഉത്പാദന പ്ലാന്റിന്റെ പ്രവർത്തനത്തിനും ഉപയോഗിക്കുന്നു.

മൂന്നു ഘട്ടങ്ങളും പൂർത്തിയായതോടെ പത്തനാപുരം പ്ലാന്റിന്റെ പ്രതിദിന സംസ്കരണ ശേഷി 600 കിലോ മാലിന്യമാണ്. മാലിന്യശേഖരണം കാര്യക്ഷമമാക്കാൻ വേണ്ടി മാർക്കറ്റിനകത്ത് പ്രവർത്തിക്കുന്ന ഇറച്ചിക്കട, മത്സ്യമാർക്കറ്റ്, ഇറച്ചിക്കോഴി വിൽപ്പന കേന്ദ്രം എന്നീ സ്ഥലങ്ങളിൽ മാലിന്യശേഖരണത്തിനായി പ്രത്യേക ബിന്നുകളും പഞ്ചായത്ത് വിതരണം ചെയ്തു. ബിന്നുകളിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ പ്ലാന്റിനുള്ളിലെ മാലിന്യ അറകളിൽ നിക്ഷേപിക്കുന്നു. ബയോസിനറേറ്ററിൽ നിന്ന് പുറം തള്ളുന്ന ചാരവും, മാർക്കറ്റ് വൃത്തിയാക്കുമ്പോൾ ലഭിക്കുന്ന പ്ലാസ്റ്റിക്, ഗ്ലാസ്, ലോഹ മാലിന്യങ്ങളും ശേഖരിക്കാൻ പ്രത്യേക ബിന്നുകൾ തയ്യാറാക്കിയിട്ടുണ്ട്.

പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് വൈകിട്ട് ആറ് മുതൽ പത്തുവരെയും വെളുപ്പിന് രണ്ട് മുതൽ ആറ് വരെയും മാർക്കറ്റിലെ സി. എഫ്. എല്ലുകൾ കത്തിക്കാം. ഇതിലൂടെ വൈദ്യുതി ചെലവ് ഇനത്തിൽ പഞ്ചായത്തിന് വൻ ലാഭം ഉണ്ടായിട്ടുണ്ട്. അഞ്ചാം വർഷത്തിലേക്ക് കടന്നിരിക്കുന്ന പത്തനാപുരം പ്ലാന്റ് ഏവർക്കും അനുകരണീയ മാതൃകയാണെന്ന കാര്യത്തിൽ സംശയമില്ല.

രൂക്ഷമായ മാലിന്യപ്രശ്നം നേരിടുന്ന കേരളത്തിലെ മുഴുവൻ പഞ്ചായത്തുകൾക്കും നടപ്പിലാക്കാൻ കഴിയുന്നതാണ് സംയോജിത മാലിന്യ സംസ്കരണ പ്ലാന്റ്. കൂടാതെ കേന്ദ്ര പാരമ്പര്യതര ഊർജ്ജ വകുപ്പിന്റെ സബ്സിഡിയും പ്ലാന്റ് നിർമ്മാണത്തിന് ലഭിക്കും. ഇതിനാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകൾക്ക് പോലും അധിക സാമ്പത്തിക ബാധ്യതയില്ലാതെ ഫലപ്രദമായി നടപ്പാക്കാവുന്നതാണ് പത്തനാപുരത്ത് വിജയം കണ്ട സംയോജിത മാലിന്യ സംസ്കരണ പ്ലാന്റ്.

*(ലേഖകൻ പത്തനാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്)*

### പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 87 ശതമാനം പദ്ധതി തുക ചെലവഴിച്ചു

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പതിനൊന്നാം പഞ്ചവത്സരപദ്ധതി ജനകീയാസൂത്രണത്തിൽ 2007–08 സാമ്പത്തിക വർഷം 87.37% പദ്ധതി തുക ചെലവഴിച്ചു. ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 1574 കോടി രൂപ അനുവദിച്ചതിൽ 1375 കോടി 24 ലക്ഷം രൂപ ചെലവഴിച്ചു. 70% തുകയാണ് പദ്ധതി ലക്ഷ്യമായി ഗവൺമെന്റ് നിശ്ചയിച്ചിരുന്നത്. നാമമാത്രമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമാണ് 70 ശതമാനത്തിൽ കുറച്ച് തുക ചെലവഴിച്ചത്. അനുഭവത്തിന്റെ വെളിച്ചത്തിൽ പദ്ധതി തുക ചെലവഴിക്കുന്നതിന് സുതാര്യമായ വ്യവസ്ഥകൾ ഗവൺമെന്റ് ഏർപ്പെടുത്തിയിരുന്നു. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിക്കാൻ അനുവദിച്ചില്ല. ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടികജാതി/വർഗ്ഗ മേഖലകളിൽ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്.

## പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ

### ജില്ലാ പഞ്ചായത്തുകൾ

സംസ്ഥാന ശരാശരി : 84.90%.
ഏറ്റവും കൂടുതൽ : ആലപ്പുഴ ജില്ലാ പഞ്ചായത്ത്. 100%.
ഏറ്റവും കുറവ് : കോട്ടയം ജില്ലാ പഞ്ചായത്ത് – 70%

### കോർപ്പറേഷനുകൾ

സംസ്ഥാന ശരാശരി : 82.12 %
ഏറ്റവും കൂടുതൽ : തൃശ്ശൂർ കോർപ്പറേഷൻ 93.19%.
ഏറ്റവും കുറവ് : കൊല്ലം കോർപ്പറേഷൻ 73.10%

### നഗരസഭകൾ

സംസ്ഥാന ശരാശരി : 81.84%
നെയ്യാറ്റിൻകര, വൈക്കം, ഒറ്റപ്പാലം, അങ്കമാലി, മലപ്പുറം നഗരസഭകൾ 100 ശതമാനം ചെലവഴിച്ചു.
കണ്ണൂർ നഗരസഭ 39.17 ശതമാനം തുക മാത്രമാണ് ചെലവഴിച്ചത്.

### ബ്ലോക്ക് പഞ്ചായത്തുകൾ

സംസ്ഥാന ശരാശരി : 85%
വെള്ളനാട്, ചെങ്ങന്നൂർ, ഇളംദേശം, ചേർപ്പ്, അട്ടപ്പാടി, നിലമ്പൂർ, വണ്ടൂർ ബ്ലോക്ക് പഞ്ചായത്തുകൾ 100% തുക ചെലവഴിച്ചു.
പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് 59% തുക മാത്രമാണ് ചെലവഴിച്ചത്.

### ഗ്രാമപഞ്ചായത്തുകൾ

സംസ്ഥാന ശരാശരി : 79.33%

**ജില്ല തിരിച്ചുള്ള കണക്ക് ചുവടെ**

| ജില്ല | ശതമാനം |
|---|---|
| ഇടുക്കി | 87.76 |
| വയനാട് | 85.83 |
| തിരുവനന്തപുരം | 84.29 |
| കൊല്ലം | 83.17 |
| പത്തനംതിട്ട | 82.14 |
| തൃശ്ശൂർ | 79.80 |
| ആലപ്പുഴ | 78.84 |
| കാസർകോഡ് | 78.67 |
| മലപ്പുറം | 77.55 |
| കോഴിക്കോട് | 77.27 |
| കണ്ണൂർ | 75.84 |
| പാലക്കാട് | 76.04 |
| കോട്ടയം | 76.01 |
| എറണാകുളം | 73.96 |



## വികസന ഫണ്ട് (2007–08) ചെലവഴിച്ചതിൽ ഏറ്റവും മുമ്പിലും പിമ്പിലുമുള്ള ഗ്രാമപഞ്ചായത്തുകൾ

*(ജില്ല തിരിച്ച് ശതമാനത്തിൽ)*

### കാസർഗോഡ്

| ഏറ്റവും മുമ്പിൽ | | ഏറ്റവും പിമ്പിൽ | |
|---|---|---|---|
| 1. മടിക്കൈ | – 95.70 | 1. പള്ളിക്കര | – 55.18 |
| 2. ഉദുമ | – 94.75 | 2. ചെങ്കള | – 61.40 |
| 3 കുമ്പള | – 94.74 | 3 മുളിയാർ | – 65.81 |
| 4. ചെമ്മനാട് | – 92.77 | 4. പുല്ലൂർപെരിയ | – 68.67 |
| 5. പനത്തടി | – 90.41 | 5. ബദിയടുക്ക | – 70.33 |
| 6. വോർക്കാടി | – 87.37 | | |
| 7. കയ്യൂർചീമേനി | – 86.08 | | |
| 8. കാറഡുക്ക | – 85.56 | | |
| 9. പീലിക്കോട് | – 84.74 | | |
| 10. തൃക്കരിപ്പൂർ | – 84.31 | | |

### മലപ്പുറം

| ഏറ്റവും മുമ്പിൽ | | ഏറ്റവും പിമ്പിൽ | |
|---|---|---|---|
| 1. പൊൻമുണ്ടം | – 100.00 | 1. കുറ്റിപ്പുറം | – 52.00 |
| 2. നിലമ്പൂർ | – 100.00 | 2. കൊണ്ടോട്ടി | – 60.00 |
| 3. കോഡൂർ | – 99.00 | 3. തിരൂരങ്ങാടി | – 61.00 |
| 4. കീഴുപറമ്പ് | – 98.00 | 4. വെളിയംകോട് | – 62.00 |
| 5. മക്കരപറമ്പ് | – 97.00 | 5. ആതവനാട് | – 64.00 |
| 6. താനാളൂർ | – 97.00 | | |
| 7. മൂർക്കനാട് | – 96.00 | | |
| 8. കുറുവ | – 95.00 | | |
| 9. പോത്തുകല്ല് | – 95.00 | | |
| 10. പുലാമന്തോൾ | – 93.00 | | |
| 11. കൂട്ടിലങ്ങാടി | – 93.00 | | |
| 12. ചെറിയമുണ്ടം | – 93.00 | | |

### കണ്ണൂർ

| ഏറ്റവും മുമ്പിൽ | | ഏറ്റവും പിമ്പിൽ | |
|---|---|---|---|
| 1. ചെമ്പിലോട് | – 100.00 | 1. വളപട്ടണം | – 38.08 |
| 2. വേങ്ങാട് | – 98.71 | 2. രാമന്തളി | – 48.24 |
| 3 കടമ്പൂർ | – 97.43 | 3. ചിറയ്ക്കൽ | – 58.41 |
| 4. അഞ്ചരക്കണ്ടി | – 94.63 | 4. ചപ്പാരപ്പടവ് | – 59.68 |
| 5. കൊളച്ചേരി | – 94.04 | 5. കേളകം | – 62.43 |
| 6. മാങ്ങാട്ടിടം | – 92.75 | | |
| 7. ചിറ്റാരിപ്പറമ്പ് | – 92.15 | | |
| 8. പാട്യം | – 90.18 | | |
| 9. പേരാവൂർ | – 88.80 | | |
| 10. ചൊക്ലി | – 88.17 | | |

### പാലക്കാട്

| ഏറ്റവും മുമ്പിൽ | | ഏറ്റവും പിമ്പിൽ | |
|---|---|---|---|
| 1. അകത്തേത്തറ | – 100.00 | 1. നെല്ലിയാമ്പതി | –38.60 |
| 2. അയിലൂർ | – 96.20 | 2. മാത്തൂർ | –40.60 |
| 3. കാരക്കുറുശ്ശി | – 94.60 | 3. പൂക്കോട്ടുകാവ് | –47.00 |
| 4. മേലാർകോട് | – 93.10 | 4. ചാലിശ്ശേരി | –50.00 |
| 5. എലപ്പുള്ളി | – 93.00 | 5. കുലുക്കല്ലൂർ | –54.70 |
| 6. ആലത്തൂർ | – 90.90 | | |
| 7. എരുത്തേമ്പതി | – 90.30 | | |
| 8. നെന്മാറ | – 90.10 | | |
| 9. വിളയൂർ | – 90.00 | | |
| 10. തെങ്കര | – 90.00 | | |

### വയനാട്

| ഏറ്റവും മുമ്പിൽ | | ഏറ്റവും പിമ്പിൽ | |
|---|---|---|---|
| 1. തവിഞ്ഞാൽ | – 98.81 | 1. മേപ്പാടി | – 67.50 |
| 2. മാനന്തവാടി | – 98.35 | 2. വേങ്ങപ്പള്ളി | – 77.21 |
| 3. വെള്ളമുണ്ട | – 93.08 | 3 സുൽത്താൻബത്തേരി | – 79.52 |
| 4. നൂൽപ്പുഴ | – 92.74 | 4. തരിയോട് | – 80.07 |
| 5. എടവക | – 91.14 | 5. പടിഞ്ഞാറേത്തറ | – 81.12 |
| 6. മുട്ടിൽ | – 90.06 | | |
| 7. പനമരം | – 88.13 | | |
| 8. നെൻമേനി | – 87.15 | | |
| 9. തൊണ്ടർനാട് | – 86.80 | | |
| 10. മുപ്പൈനാട് | – 86.19 | | |

### തൃശ്ശൂർ

| ഏറ്റവും മുമ്പിൽ | | ഏറ്റവും പിമ്പിൽ | |
|---|---|---|---|
| 1. അടാട്ട് | – 100.00 | 1. തൈക്കാട് | – 55.55 |
| 2. തൃക്കൂർ | – 100.00 | 2. അരിമ്പൂർ | – 56.67 |
| 3. വേളൂക്കര | – 100.00 | 3. മേത്തല | – 60.63 |
| 4. കടപ്പുറം | – 100.00 | 4. തളിക്കുളം | – 61.30 |
| 5. മറ്റത്തൂർ | – 94.78 | 5. വലപ്പാട് | – 64.06 |
| 6. വേലൂർ | – 92.78 | | |
| 7. കൈപ്പറമ്പ് | – 90.74 | | |
| 8. പരിയാരം | – 90.05 | | |
| 9. പഴയന്നൂർ | – 90.04 | | |
| 10. തെക്കുംകര | – 90.03 | | |

### കോഴിക്കോട്

| ഏറ്റവും മുമ്പിൽ | | ഏറ്റവും പിമ്പിൽ | |
|---|---|---|---|
| 1. മാവൂർ | – 100.00 | 1. എടച്ചേരി | – 56.87 |
| 2. കുറ്റ്യാടി | – 98.27 | 2. ചേളന്നൂർ | – 61.44 |
| 3. കാവിലുംപാറ | – 94.48 | 3 ചങ്ങരോത്ത് | – 63.09 |
| 4. നടുവണ്ണൂർ | – 92.08 | 4. തൂണേരി | – 63.30 |
| 5. കാരശ്ശേരി | – 90.94 | 5. ചെക്യാട് | – 63.36 |
| 6. ചേമഞ്ചേരി | – 90.61 | | |
| 7. കിഴക്കോത്ത് | – 90.44 | | |
| 8. നൊച്ചാട് | – 89.79 | | |
| 9. കൊടുവള്ളി | – 89.44 | | |
| 10. പുതുപ്പാടി | – 88.60 | | |

### എറണാകുളം

| ഏറ്റവും മുമ്പിൽ | | ഏറ്റവും പിമ്പിൽ | |
|---|---|---|---|
| 1. കൂത്താട്ടുകുളം | – 100.00 | 1. ഒക്കൽ | – 45.06 |
| 2. ചൂർണ്ണിക്കര | – 100.00 | 2. ചേരാനല്ലൂർ | – 46.84 |
| 3. ചോറ്റാനിക്കര | – 98.76 | 3 കുന്നത്തുനാട് | – 48.00 |
| 4. കാലടി | – 97.04 | 4. വടവുകോട് പുത്തൻകുരിശ് | – 48.32 |
| 5. കുന്നുകര | – 96.50 | 5. കിഴക്കമ്പലം | – 50.30 |
| 6. പാമ്പാക്കുട | – 95.53 | | |
| 7. മഴുവന്നൂർ | – 93.38 | | |
| 8. മുളന്തുരുത്തി | – 93.32 | | |
| 9. നെടുമ്പാശ്ശേരി | – 88.53 | | |
| 10. ഏലൂർ | – 88.24 | | |

| ഏറ്റവും മുമ്പിൽ | | ഏറ്റവും പിമ്പിൽ | |
|---|---|---|---|

## ഇടുക്കി

| ഏറ്റവും മുമ്പിൽ | | ഏറ്റവും പിമ്പിൽ | |
|---|---|---|---|
| 1. അടിമാലി | – 100.00 | 1. അറക്കുളം | – 36.45 |
| 2. ആലക്കോട് | –100.00 | 2. പെരുവന്താനം | – 71.90 |
| 3 കുമിളി | – 100.00 | 3 മുട്ടം | – 72.53 |
| 4. പീരുമേട് | – 100.00 | 4. മാങ്കുളം | – 72.73 |
| 5. വെള്ളത്തൂവൽ | – 100.00 | 5. വണ്ടിപ്പെരിയാർ | – 75.47 |
| 6. കരിങ്കുന്നം | – 99.70 | | |
| 7. മൂന്നാർ | – 99.68 | | |
| 8. കരിമണ്ണൂർ | – 99.67 | | |
| 9. കട്ടപ്പന | – 99.17 | | |
| 10. മറയൂർ | – 96.84 | | |

## പത്തനംതിട്ട

| ഏറ്റവും മുമ്പിൽ | | ഏറ്റവും പിമ്പിൽ | |
|---|---|---|---|
| 1. പന്തളംതെക്കേക്കര | – 95.85 | 1. തോട്ടപ്പുഴശ്ശേരി | – 62.36 |
| 2. മെഴുവേലി | – 95.15 | 2. മല്ലപ്പള്ളി | – 64.26 |
| 3. കോയിപ്രം | – 93.26 | 3 പന്തളം | – 65.22 |
| 4. വെച്ചൂച്ചിറ | – 93.06 | 4. ഇലന്തൂർ | – 70.46 |
| 5. റാന്നി പഴവങ്ങാടി | – 92.78 | 5. ഇരവിപേരൂർ | – 71.90 |
| 6. പെരിങ്ങര | – 92.59 | | |
| 7. വടശ്ശേരിക്കര | – 91.87 | | |
| 8. അരുവാപുലം | – 91.49 | | |
| 9. നെടുമ്പ്രം | – 91.29 | | |
| 10. വള്ളിക്കോട് | – 90.75 | | |

## കോട്ടയം

| ഏറ്റവും മുമ്പിൽ | | ഏറ്റവും പിമ്പിൽ | |
|---|---|---|---|
| 1. മുത്തോലി | – 100.00 | 1. കങ്ങഴ | – 49.39 |
| 2. കുറവിലങ്ങാട് | – 93.46 | 2. തലനാട് | – 54.75 |
| 3. എരുമേലി | – 93.01 | 3. മേലുകാവ് | – 55.08 |
| 4. ഭരണങ്ങാനം | – 92.93 | 4. പനച്ചിക്കാട് | – 55.77 |
| 5. കാഞ്ഞിരപ്പള്ളി | – 92.55 | 5. വെള്ളൂർ | – 55.90 |
| 6. കടനാട് | – 91.00 | | |
| 7. കുറോപ്പട | – 89.33 | | |
| 8. അകലക്കുന്നം | – 89.21 | | |
| 9. മീനച്ചിൽ | – 87.92 | | |
| 10. പാറത്തോട് | – 87.45 | | |

## കൊല്ലം

| ഏറ്റവും മുമ്പിൽ | | ഏറ്റവും പിമ്പിൽ | |
|---|---|---|---|
| 1. മൈലം | – 99.20 | 1. പിറവന്തൂർ | – 63.10 |
| 2. കൊട്ടാരക്കര | – 95.40 | 2. ആലപ്പാട് | – 71.70 |
| 3. തൃക്കോവിൽവട്ടം | – 95.10 | 3. കൊറ്റംകര | – 72.10 |
| 4. തെന്മല | – 94.90 | 4. കുളക്കട | – 72.40 |
| 5. നെടുമ്പന | – 94.60 | 5. കരുനാഗപ്പള്ളി | – 73.00 |
| 6. പനയം | – 94.40 | | |
| 7. മൺട്രോത്തുരുത്ത് | – 94.30 | | |
| 8. എഴുകോൺ | – 93.30 | | |
| 9. ഏരൂർ | – 91.90 | | |
| 10. പേരയം | – 91.80 | | |

## ആലപ്പുഴ


| ഏറ്റവും മുമ്പിൽ | | ഏറ്റവും പിമ്പിൽ | |
|---|---|---|---|
| 1. ദേവികുളങ്ങര | – 96.08 | 1. പാണ്ടനാട് | – 54.45 |
| 2. പട്ടണക്കാട് | – 93.06 | 2. ചേപ്പാട് | – 59.52 |
| 3. ചിങ്ങോലി | – 92.43 | 3. പുളിങ്കുന്ന് | – 62.92 |
| 4. മാരാരിക്കുളം നോർത്ത് | – 92.04 | 4. ചുനക്കര | – 63.56 |
| 5. വള്ളിക്കുന്നം | – 91.84 | 5. എഴുപുന്ന | – 65.66 |
| 6. കാവാലം | – 90.16 | | |
| 7. അമ്പലപ്പുഴ നോർത്ത് | – 90.13 | | |
| 8. ചെറിയനാട് | – 89.67 | | |
| 9. മാവേലിക്കര താമരക്കുളം | – 89.35 | | |
| 10. പാണാവള്ളി | – 88.14 | | |

## തിരുവനന്തപുരം

| ഏറ്റവും മുമ്പിൽ | | ഏറ്റവും പിമ്പിൽ | |
|---|---|---|---|
| 1. വാമനപുരം | – 96.00 | 1. ഇടവ | – 54.00 |
| 2. മലയിൻകീഴ് | – 95.00 | 2. പോത്തൻകോട് | – 69.00. |
| 3. മാറനല്ലൂർ | – 95.00 | 3. കഴക്കൂട്ടം | – 69.00 |
| 4. വെങ്ങാനൂർ | – 95.00 | 4. വെട്ടൂർ | – 70.00 |
| 5. അമ്പൂരി | – 94.00 | 5. ഒറ്റശേഖരമംഗലം | – 71.00 |
| 6. പെരുങ്കടവിള | – 94.00 | | |
| 7. ബാലരാമപുരം | – 94.00 | | |
| 8. പൂവച്ചൽ | – 93.00 | | |
| 9. ഇലകമൺ | – 93.00 | | |
| 10. തിരുപുറം | – 93.00 | | |







ഉദയഭാനു കണ്ടേത്ത്

# ട്രഷറിയിൽ നിന്നു ലഭിക്കുന്ന സേവനങ്ങൾ

പബ്ലിക് അക്കൗണ്ടിലെ മേജർ ഹെഡുകളിലൊന്നാണ് '8448 ലോക്കൽ ഫണ്ട് നിക്ഷേപങ്ങൾ'. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപങ്ങൾ. ഈ മേജർ ഹെഡിനു കീഴിലുള്ള ഒരു അക്കൗണ്ടിൽ ട്രഷറിയിൽ സൂക്ഷിക്കുന്നു. ബാങ്ക് അക്കൗണ്ട് പോലെയുള്ള ഒരക്കൗണ്ട് ആണിത്. ചെക്ക് സമ്പ്രദായത്തിലാണ് തുക പിൻവലിച്ചിരുന്നത്.

**ബിൽ സമ്പ്രദായം**

എന്നാൽ ബിൽ സമ്പ്രദായം നിലവിൽ വന്നപ്പോൾ പുതിയ രീതികൾ നിലവിൽ വന്നു. ട്രഷറിക്ക് കുറെക്കൂടി ഉത്തരവാദിത്തങ്ങളും നൽകി. 12.4.2006 ലെ ജി.ഒ (പി) 177/206/ഫിൻ നമ്പർ സർക്കാർ ഉത്തരവനുസരിച്ചാണ് പുതിയ ബിൽ സമ്പ്രദായം നിലവിൽ വന്നിട്ടുള്ളത്. പ്രസ്തുത ഉത്തരവിലെ കാര്യങ്ങൾ ശരിയായി മനസ്സിലാക്കിയാൽ ട്രഷറിയുമായുള്ള ഇടപാടുകളിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നേരിടുന്ന പ്രയാസങ്ങൾ ഇല്ലാതായിത്തീരും.

**ലെറ്റർ ഓഫ് അതോറിറ്റി**

ലെറ്റർ ഓഫ് അതോറിറ്റി മുഖേനയാണ് എ, സി, ഡി ഫണ്ടുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭിക്കുന്നത്. ലെറ്റർ ഓഫ് അതോറിറ്റി തദ്ദേശഭരണസ്ഥാപനത്തിനും ഒരു പകർപ്പ് തിരുവനന്തപുരം ജില്ലാ ട്രഷറിക്കും മറ്റൊരു പകർപ്പ് ബന്ധപ്പെട്ട ട്രഷറിക്കും ലഭിക്കുന്നു. തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ബിൽ സമർപ്പിച്ചാണ് ധനകാര്യവകുപ്പ് ഓരോ മാസവും എ.സി.ഡി ഫണ്ടുകൾ കൺ സോളിഡേറ്റഡ് ഫണ്ടിൽ നിന്ന് പബ്ലിക് അക്കൗണ്ടിലേക്ക് മാറ്റുന്നത്. ലെറ്റർ ഓഫ് അതോറിറ്റി ലഭിക്കുമ്പോൾ പബ്ലിക് അക്കൗണ്ടിലെ മൊത്തം തുകയിൽ നിന്ന് തിരുവനന്തപുരം ജില്ലാ ട്രഷറി ആവശ്യമായ കുറവു വരുത്തുകയും, ബന്ധപ്പെട്ട ട്രഷറി അലോക്കേഷനിൽ വർദ്ധനവു വരുത്തുകയും ചെയ്യും.

> ഇക്കഴിഞ്ഞ വർഷം ലെറ്റർ ഓഫ് അതോറിറ്റി മുഖേന ലഭിച്ച ചില ഫണ്ടുകളുടെ ചില ഗഡുക്കൾ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നഷ്ടപ്പെട്ടു. ഏതോ തകരാറുകാരണം ട്രഷറി ഇവ വരവുവയ്ക്കാത്തതുമൂലമാണ് ഇപ്രകാരം സംഭവിച്ചത്. പ്രതിമാസ ട്രഷറി റിക്കൺസിലിയേഷൻ നടത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

ഇപ്രകാരം അക്കൗണ്ടിൽ തുക യഥാർത്ഥത്തിൽ വന്നെത്തിയോ എന്നു പരിശോധിക്കേണ്ടത് തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ട്രഷറി റിക്കൺസിലിയേഷൻ വഴിയാണ് ഇപ്രകാരം പരിശോധിക്കേണ്ടത്.

**ട്രഷറിയിലെ അക്കൗണ്ടുകൾ**

തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് ട്രഷറിയിൽ ആറ് അക്കൗണ്ടുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. വിപിഎഫ്/ബിപിഎഫ്/ഡിപിഎഫ് /എംഎഫ്/എംസിഎഫ് അക്കൗണ്ട് I, II (എ), II (ബി), II (സി), III (i), III (ii) എന്നിവയാണവ.

എന്നാൽ, നിലവിലുള്ള ഹെഡ് ഓഫ് അക്കൗണ്ടുകളുടെ അടിസ്ഥാനത്തിൽ മൂന്ന് അക്കൗണ്ടുകൾ മാത്രമേ ട്രഷറി സൂക്ഷിക്കുന്നുള്ളൂ. അതിനാൽ വികസന ഫണ്ട് – ജനറൽ, എസ് സി പി, ടി എസ് പി എന്നിവ അക്കൗണ്ട് II ആയി ട്രഷറി സൂക്ഷിക്കുന്നു. അതുപോലെ റോഡ് ആസ്തികളുടെയും റോഡിതര തസ്തികളും മെയിന്റനൻസിനുള്ള ഫണ്ട് അക്കൗണ്ട് III ആയി ട്രഷറി സൂക്ഷിക്കുന്നു.

എങ്കിലും തദ്ദേശഭരണ സ്ഥാപനം ഈ ആറ് അക്കൗണ്ടുകൾക്കും പ്രത്യേകം ചെക്ക് ഇഷ്യു രജിസ്റ്ററും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും സൂക്ഷിക്കണം. ഇല്ലെങ്കിൽ വകമാറ്റി ചെലവു ചെയ്യാൻ ഇടയുണ്ട്.

**ട്രഷറി റിക്കൺസിലിയേഷൻ**

ഇക്കഴിഞ്ഞ വർഷം ലെറ്റർ ഓഫ് അതോറിറ്റി മുഖേന ലഭിച്ച ചില ഫണ്ടുകളുടെ ചില ഗഡുക്കൾ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നഷ്ടപ്പെട്ടു. ഏതോ തകരാറുകാരണം ട്രഷറി ഇവ വരവുവയ്ക്കാത്തതുമൂലമാണ് ഇപ്രകാരം സംഭവിച്ചത്. പ്രതിമാസ ട്രഷറി റിക്കൺസിലിയേഷൻ നടത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

**അക്കൗണ്ട് I**

ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷ

നുകൾക്കും ട്രഷറിയിൽ വിപിഎഫ്/എംഎഫ് അക്കൗണ്ടുകൾ നേരത്തെ ഉണ്ടായിരുന്നു. 12.4.2006 ലെ സർക്കാർ ഉത്തരവു പ്രകാരം വിപിഎഫ്/എംഎഫ്/എംസിഎഫ് അക്കൗണ്ട് I, II, III എന്നീ മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചു. ജനറൽ പർപ്പസ് ഫണ്ടും തനതുഫണ്ട്, ഗുണഭോക്തൃവിഹിതം, റീടെൻഷൻ, ഇഎംഡി തുടങ്ങിയ തുകകളും പുതിയ അക്കൗണ്ട് I ലാണ് നിക്ഷേപിക്കേണ്ടത്. ഇതോടെ പഴയ വിപിഎഫ്/എംഎഫ് അക്കൗണ്ടുകൾക്കു പ്രസക്തിയില്ലാതായി. കാരണം ഒരേ ഉദ്ദേശത്തിന് ഒരേ ട്രഷറിയിൽ രണ്ട് അക്കൗണ്ടുകൾ ആവശ്യമില്ല. ആദ്യത്തെ അക്കൗണ്ട് ക്ലോസ് ചെയ്ത് ബാലൻസ് തുക വിപിഎഫ്/എംഎഫ്/എംസിഎഫ് അക്കൗണ്ട് I ലേക്ക് മാറ്റാൻ തദ്ദേശ സ്വയംഭരണസ്ഥാപനം ട്രഷറിയിൽ അപേക്ഷ നൽകി പ്രശ്നം പരിഹരിക്കാവുന്നതാണ്.

### ‘ബി’ ഫണ്ട്

‘ബി’ ഫണ്ട് തുകകൾ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാരുടെ അലോട്ട്മെന്റ് ലെറ്റർ വഴിയാണ് ലഭിക്കുന്നത്. തുകകൾ ട്രഷറിയിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ സൂക്ഷിക്കുന്നു.

### ‘ഡി’ ഫണ്ട്

‘ഡി’ ഫണ്ട് തനതുഫണ്ടിന്റെ ഭാഗം തന്നെയാണ്. ഇതിന് ട്രഷറിയിലുള്ള അക്കൗണ്ട് ബാങ്ക് അക്കൗണ്ട് പോലെ തന്നെയാണ്. ചെക്ക് മുഖേന പിൻവലിക്കുന്നു.

### എ, സി ഫണ്ട് തുകകൾ പിൻവലിക്കലും കാരിഓവറും

‘എ’ ഫണ്ടും ‘സി’ ഫണ്ടും പിൻവലിക്കുന്നത് ട്രഷറിയിൽ ടി ആർ 59 ബി ഫോറത്തിലുള്ള ബിൽ സമർപ്പിച്ചാണ്.

മാർച്ച് 31ന് എത്ര തുക അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടോ, അത്രയും തുകയായിരിക്കും ഏപ്രിൽ 1 ലെ പ്രാരംഭബാക്കി. ഇപ്രകാരം തുക കാരിഓവർ ചെയ്യുന്നതിനോ, തുക പിൻവലിച്ചു ചെലവഴിക്കുന്നതിന് പ്രത്യേക ഉത്തരവൊന്നും ആവശ്യമില്ല.

### ‘ബി’ ഫണ്ട് തുകകൾ പിൻവലിക്കലും ലാപ്സും

കൺസോളിഡേറ്റഡ് ഫണ്ടിലാണ് ‘ബി’ ഫണ്ട് തുകകൾ നിലനില്ക്കുന്നത്. ടി ആർ 59 എ ഫോറത്തിലുള്ള ബിൽ വഴി പിൻവലിക്കാം. സാമ്പത്തിക വർഷം കഴിയുന്നതിനുമുമ്പ് തുക പിൻവലിക്കാനുള്ള അനുമതി പത്രമാണ് അലോട്ട്മെന്റ് ലെറ്റർ. മാർച്ച് 31 നകം പിൻവലിക്കാത്ത തുക ലാപ്സാവും.

### എ, ബി, സി ഫണ്ടുകളിൽ നിന്ന് അധികം പിൻവലിച്ച തുക തിരിച്ചടയ്ക്കൽ

> തുക നഷ്ടപ്പെടുമെന്ന ഭയത്താൽ തനതുഫണ്ട് അക്കൗണ്ടിൽ ഇപ്രകാരമുള്ള തുകകൾ സൂക്ഷിക്കുന്നവരുണ്ട്. ട്രഷറിയിൽ നിന്നും വാങ്ങിയ ‘ബി’ ഫണ്ട് തുക തനതുഫണ്ടിനുള്ള ബാങ്ക് അക്കൗണ്ടിലിട്ട് ചെക്ക് വഴി പിൻവലിച്ച് ചെലവുചെയ്യുന്നവരുമുണ്ട്.

രണ്ടുതരത്തിലാണ് ഇക്കാര്യത്തെ സമീപിക്കേണ്ടത്:

1. വാങ്ങിയ അതേ സാമ്പത്തികവർഷം തിരിച്ചടച്ചാൽ;
2. മുൻവർഷങ്ങളിൽ വാങ്ങിയ തുകകൾ തിരിച്ചടച്ചാൽ.

### വാങ്ങിയ അതേ സാമ്പത്തികവർഷം തന്നെ തിരിച്ചടച്ചാൽ

‘എ’, ‘സി’ ഫണ്ടുകളിൽ നിന്ന് അധികം വാങ്ങിയ തുക അതേ സാമ്പത്തികവർഷം തന്നെയാണ് തിരിച്ചടയ്ക്കുന്നതെങ്കിൽ പബ്ലിക് അക്കൗണ്ടിലെ അതേ ഹെഡിൽ തിരിച്ചടയ്ക്കണം. ‘ബി’ ഫണ്ട് തുകയാണ് ഇപ്രകാരം തിരിച്ചടയ്ക്കുന്നതെങ്കിൽ കൺസോളിഡേറ്റഡ് ഫണ്ടിലെ ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നു വാങ്ങിയോ അതേ ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കണം.

ഇപ്രകാരം തിരിച്ചടച്ചാൽ ‘ബി’ ഫണ്ട് തുകകൾ നഷ്ടപ്പെടും എന്ന ധാരണ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ചില ട്രഷറികളിലേയും ഉദ്യോഗസ്ഥർക്ക് ഉള്ളതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. അവരുടെ ശ്രദ്ധയ്ക്കായി 12.4.2006ലെ ജിഒ(പി) 177/2006/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ ബന്ധപ്പെട്ട ഖണ്ഡിക താഴെ കൊടുക്കുന്നു:

“10.2. ഇപ്രകാരം തിരിച്ചടച്ച തുക അതേ വർഷത്തെ ഉപയോഗത്തിനായി ലഭ്യമായിരിക്കും. ഇത്തരം കേസുകളിൽ, താനും മറ്റ് നിർവഹണ ഉദ്യോഗസ്ഥരും തിരിച്ചടച്ച തുകകൾക്ക് തുല്യമായ അപ്രോപ്രിയേഷൻ വർദ്ധിപ്പിക്കണമെന്ന അഭ്യർത്ഥന, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ബന്ധപ്പെട്ട ജില്ലാ/സബ് ട്രഷറി ഓഫീസർക്ക് നൽകേണ്ടതാണ്.”

തുക നഷ്ടപ്പെടുമെന്ന ഭയത്താൽ തനതുഫണ്ട് അക്കൗണ്ടിൽ ഇപ്രകാരമുള്ള തുകകൾ സൂക്ഷിക്കുന്നവരുണ്ട്. ട്രഷറിയിൽ നിന്നും വാങ്ങിയ ‘ബി’ ഫണ്ട് തുക തനതുഫണ്ടിനുള്ള ബാങ്ക് അക്കൗണ്ടിലിട്ട് ചെക്ക് വഴി പിൻവലിച്ച് ചെലവുചെയ്യുന്നവരുമുണ്ട്. ഇതിനൊന്നും നിയമസാധുതയില്ല.

### മുൻവർഷങ്ങളിൽ വാങ്ങിയ തുക തിരിച്ചടച്ചാൽ

എ, ബി, സി ഫണ്ടുകളിൽ ഏതു ഫണ്ടായാലും മുൻവർഷങ്ങളിലെ തുകയാണ് തിരിച്ചടയ്ക്കുന്നതെങ്കിൽ അത് കൺസോളിഡേറ്റഡ് ഫണ്ടിലായിരിക്കണം. 12.4.2006 ലെ ഉത്തരവിലെ ബന്ധപ്പെട്ട ഖണ്ഡിക താഴെ ചേർക്കുന്നു.

“10.3, എ.ബി.സി ഫണ്ടുകളിൽ നിന്ന് തുക പിൻവലിച്ചത് ഏതെങ്കിലും മുൻവർഷമാണെങ്കിൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ചലാൻ മുഖേന തിരിച്ചടയ്ക്കണം. തുക പിൻവലിക്കുകയോ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയോ ചെയ്തത് കൺസോളിഡേറ്റഡ് ഫണ്ടിലെ ഏത് മേജർ/സബ് മേജർ ഹെഡിൽ നിന്നാണോ, അതേ ഹെഡിനു കീഴിലുള്ള “911 കുറയ്ക്കുക – അധികച്ചെലവ് തിരിച്ചടയ്ക്കൽ” (911 Deduct - Recovery of over payments) എന്ന ഹെഡ് ഓഫ് അക്കൗണ്ടിലായിരിക്കണം ഇപ്രകാരം തിരിച്ചടയ്ക്കേണ്ടത്.”

മൂന്ന് ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

1. 2007–08 ലോ അതിനുമുമ്പോ അധികം വാങ്ങിയതൊഴിലില്ലായ്മ വേതനം 2008 –09 ൽ തിരിച്ചടയ്ക്കുമ്പോൾ:
   “2230–02–911 Deduct - ROP."
2. 2206–07 ലോ 2007– 08 ലോ അധികം വാങ്ങിയ വികസനഫണ്ട് 2008 – 09 ൽ തിരിച്ചടയ്ക്കുമ്പോൾ:
   “3604 00 911 Deduct - ROP.’’
3. 2005– 06 ലോ അതിനുമുമ്പോ വാങ്ങിയ പ്ലാൻഫണ്ട് 2006– 07 ലോ അതിനുശേഷമോ തിരിച്ചടയ്ക്കുമ്പോൾ :
   “2515 – 00 – 911 – Deduct ROP."

(തുടരും)

*ലേഖകൻ ഏജീസ് ഓഫീസിൽ നിന്നും സീനിയർ ഓഡിറ്റ് ഓഫീസറായി വിരമിച്ചു. ഇപ്പോൾ ഓഡിറ്റ് കൺസൾട്ടന്റാണ്.*
*മൊബൈൽ: 9447454221*





**ഡോ. തോമസ് വർഗ്ഗീസ് MBBS, DCH, DPH, PHD**



# ചിക്കൻപോക്സ്

ചിക്കൻപോക്സ് വേനൽക്കാലത്ത് സർവ്വസാധാരണമായ രോഗമാണ്. ജനുവരി മുതൽ ജൂൺവരെയുള്ള മാസങ്ങളിലാണ് ഇതുകൂടുതലുണ്ടാകുന്നത്. Varicella Zoster (വേരിസല്ല സോസ്റ്റർ) അണുവാണ് ഈ രോഗം പരത്തുന്നത്. 1767 ൽ ഡോ. വില്യം ഹെബർഡനാണ് ഈ രോഗം കണ്ടുപിടിച്ചത്. പൊതുവെ നിരുപദ്രവകരമായ രോഗമാണിതെങ്കിലും പ്രമേഹരോഗികൾ, ഗർഭിണികൾ, നവജാതശിശുക്കൾ, എയ്ഡ്സ് രോഗികൾ, കാൻസർ രോഗികൾക്ക് ഇത് മരണകാരണമായേക്കാം.

## രോഗലക്ഷണങ്ങൾ

### 1. പ്രോഡ്രോമൽ പിരിയിഡ് (Prodromal period)

പ്രാരംഭഘട്ടത്തിൽ ചെറിയ പനി ഉണ്ടാകും. കുമിളകൾ പൊന്തുന്നതിനു മുൻപ് ഒന്നോരണ്ടോ ദിവസം പനി കാണപ്പെടും.

### 2. കുമിളകൾ (Rashes)

2–4 മി.മീ. വലിപ്പമുള്ള കുമിളകൾ 7 ദിവസം വരെ കാണപ്പെടുന്നു.
MACULE (മാക്യൂൾ) ചുമന്ന തടുപ്പ്, PAPPULE (പാപ്പ്യൂൾ) കുരുക്കൾ, VESICLE (കുമിള), PUSTULE (പുസ്റ്റ്യൂൾ) പഴുപ്പ്, SCB (സ്കാബ്) ഉണക്കുകൾ എന്നിങ്ങനെ പല ഘട്ടത്തിലായി കുമിളകൾ മാറുന്നു.

കടുത്ത ശരീരവേദന, വിറയൽ, ക്ഷീണം എന്നിവ അനുഭവപ്പെടാം. ചിക്കൻപോക്സ് കുമിളകളിൽ ചൊറിഞ്ഞുപൊട്ടൽ സർവ്വസാധാരണമാണ്. തൊലിസ്പർശത്തിലൂടെയും, രോഗിയുടെ മൂക്കിൽ നിന്നും, വായിൽ നിന്നുമുള്ള ദ്രാവകങ്ങൾ വഴിയും, രോഗി ചുമയ്ക്കുന്നതുമൂലവും ഈ രോഗം പകരാം.

### ഇൻക്യുബേഷൻ പിരിയിഡ INCUBATION PERIOD

ചിക്കൻപോക്സിന്റെ ഇൻക്യുബേഷൻ പിരിയിഡ് 15 മുതൽ 25 ദിവസം വരെയാണ്.

### സങ്കീർണ്ണതകൾ (Complications)

- കുമിളകൾ പഴുക്കൽ
- ത്രോംബോസൈറ്റോപീനിയ (Thrombocytopenia) എന്ന രോഗം വന്ന് രക്തസ്രാവം ഉണ്ടാകാം.
- റേ സിന്ഡ്രോം (Rey Syndrome) എന്ന തലച്ചോറിനു ബാധിക്കുന്ന അസുഖം ഉണ്ടാകാം.
- ഗർഭിണികളിൽ ചിക്കൻപോക്സ് വന്നാൽ ഗർഭസ്ഥശിശുവിന് അംഗവൈകല്യങ്ങളും ജന്മവൈകല്യങ്ങളും ഉണ്ടാകാം. കണ്ണിനും തലച്ചോറിനും തകരാറുണ്ടാകാം.

### ചികിത്സ

ചിക്കൻപോക്സ് രോഗികൾ ധാരാളം പഴവർഗ്ഗങ്ങൾ കഴിക്കുന്നത് നന്നാണ്. വിട്ടുമാറാത്ത ഛർദ്ദി, മനംപുരട്ടൽ കാരണം ശരീരത്തുനിന്നും അമിത ജലം നഷ്ടപ്പെടുന്നതിനാൽ കൂടുതൽ വെള്ളം കുടിക്കുന്നത് ഉത്തമമാണ്. നേർത്ത പനിക്ക് പാരസറ്റമോൾ ഗുളികകൾ കഴിക്കാം.

ACYCLOVIR (അസൈക്ലോവിർ) എന്ന മരുന്നും ഡോക്ടറുടെ നിർദ്ദേശാനുസരണം കഴിക്കാം.

ചൊറിച്ചിൽ കുറയ്ക്കാൻ നേർത്ത ചൂടുവെള്ളത്തിൽ ഇടയ്ക്കു കുളിക്കുന്നത് നല്ലതാണ്. ആന്റി ഹിസ്റ്റമിൻ (ANTIHISTAMINE) ഗുളികകൾ കഴിക്കുന്നതിലൂടെ ചൊറിച്ചിൽ അകറ്റാൻ കഴിയും. ലോഷിയോ കലാമിൻ (LOTIOCAlAMI NE) എന്ന മരുന്നു ശരീരത്തിൽ (കണ്ണും മുഖവും ഒഴികെ) പുരട്ടാം. ചിക്കൻപോക്സ് രോഗികൾ ആസ്പിരിൻ (Aspirin) ഉപയോഗിക്കാൻ പാടുള്ളതല്ല. ഉപയോഗിച്ചാൽ റേ സിൻഡ്രോം എന്ന മാരകരോഗം പിടിപെടും.


### പ്രതിരോധ വാക്സിൻ

Varicella Vaccine (വേരിസല്ല വാക്സിൻ) 15 മാസത്തിനുമുകളിൽ പ്രായമുള്ള കുട്ടികൾക്ക് ഒറ്റ ഡോസ് വാക്സിൻ നല്കുന്നു. 12 വയസ്സിനു മുകളിലുള്ളവർക്ക് 12 മാസം ഇടവിട്ട് രണ്ടാമതൊരു ഡോസു കൂടി നല്കണം. 1000 PFU (Plague forming Unit) ശക്തിയുള്ള വാക്സിൻ 0.5 മില്ലി തൊലിക്കടിയിലാണ് കുത്തിവെയ്ക്കുന്നത്. ഇതുമൂലം ആയുഷ്ക്കാലം സംരക്ഷണം ലഭിക്കും.

ലുക്കീമിയ രോഗികൾ, Daycare ലെ കുട്ടികൾ, ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾ, ആരോഗ്യ പ്രവർത്തകർ ചിക്കൻപോക്സ് വാക്സിനെടുക്കുന്നത് നല്ലതാണ്. അമ്മയ്ക്ക് ഈ മരുന്നുകൊടുക്കുന്നത് ഗർഭസ്ഥശിശുവിന് ഒരു സംരക്ഷണവും നല്കുന്നില്ല.

*(ലേഖകൻ നഗരകാര്യവകുപ്പിലെ ആരോഗ്യവിഭാഗം ജോയിന്റ് ഡയറക്ടറാണ്)*

ലേഖന പരമ്പര - 6



റോയ് ചാക്കോ ഇളമണ്ണൂർ

# തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ

തമിഴ്നാട്ടുകാർ ഒരിക്കലും മറക്കാത്ത ഒരു രാജാവാണ് വീരപാണ്ഡ്യകട്ടബൊമ്മൻ എന്ന് കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിക്കുകയുണ്ടായല്ലോ. ഈ നാമധേയം നമ്മുടെ വീരരാജ്യസ്നേഹികളുടെ പട്ടികയിൽ ഉൾപ്പെടുന്നു. ഒരു ഗ്രാമത്തിലാണ് കട്ടബൊമ്മന്റെ കൊട്ടാരം.

മുൻപ് തിരുനെൽവേലി ജില്ലയുടെ ഭാഗമായിരുന്ന തൂത്തുക്കുടിയിലെ ഒരു അതിർത്തി ഗ്രാമമാണ് ഓട്ടപിടാരം. തൂത്തുക്കുടി ജില്ലയിൽ പൊതുവെ വരണ്ട പ്രദേശങ്ങളാണ്. നിറയെ മുള്ളുകളുള്ള ചെറിയ മരങ്ങൾ (കുറ്റിച്ചെടികൾ) വ്യാപകമായി പടർന്ന് പന്തലിച്ച് നിൽക്കുന്ന സമതലതരിശ് പ്രദേശങ്ങൾ തൂത്തുക്കുടി ജില്ലയിൽ മിക്കവാറും എല്ലായിടത്തും കാണാം. ഈ ജില്ലയുടെ ചില ഗ്രാമങ്ങളിൽ കുടിവെള്ളത്തിന് കടുത്ത ക്ഷാമവുമുണ്ട്. അവിടെ ചെല്ലുമ്പോൾ അനുഗ്രഹീതമായ കേരളത്തിന്റെ പ്രത്യേകത നാം പെട്ടെന്ന് ഓർക്കും. തമിഴ്നാട്ടിലെ ഒരു പ്രധാന ഉപ്പളം (ഉപ്പ് ഉല്പാദിപ്പിക്കുന്ന പ്രദേശം) തൂത്തുക്കുടി ജില്ലയിലാണ്. മൈലുകളോളം ദൂരത്തിൽ വ്യാപിച്ചു കിടക്കുന്ന ഉപ്പളങ്ങളിൽ വെയിലടിക്കുമ്പോൾ ആ ഭാഗത്തു കൂടിയുള്ള യാത്ര അസ്സഹനീയം തന്നെ. മഞ്ഞ് മലകളിൽ വെയിലടിക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ട് ഇവിടെയും ഉണ്ടാകുന്നു. ഓട്ടപിടാരം ഉപ്പളങ്ങൾക്ക് സമീപമുള്ള ഒരു ഗ്രാമമാണ്. ഓട്ടപിടാരത്തിന് 20 കിലോമീറ്റർ അകലെയാണ് തൂത്തുക്കുടി ജില്ലയിലെ ഉപ്പളങ്ങൾ.

ബ്രിട്ടീഷുകാർക്ക് എതിരെ പോരാടി ധീരമരണം പ്രാപിച്ച കട്ടബൊമ്മൻ എന്ന വീരപുത്രന്റെ പേര് വളരെ അഭിമാനത്തോടെയാണ് തമിഴ്നാട്ടുകാർ സ്മരിക്കുന്നത്. 1760 ജനുവരി 3–ാം തീയതിയാണ് കട്ടബൊമ്മൻ ജനിച്ചത്. ഓട്ടപിടാരത്തുള്ള കൊട്ടാരത്തിൽ താമസിച്ച് 96 ഗ്രാമങ്ങളുടെ തലവനായി അദ്ദേഹം വാണരുളി. 30–ാം മത്തെ വയസ്സിലാണ് അദ്ദേഹം രാജാവായി അവരോധിക്കപ്പെട്ടത്. ബ്രിട്ടീഷ്കാർക്ക് എതിരെ പോരാടി ജീവരക്ഷാർത്ഥം ഒളിവിൽ പോയ കട്ടബൊമ്മനെ ബ്രിട്ടീഷ്കാർ പിടികൂടി 1799 ഒക്ടോബർ 16–ാം തീയതി കയത്താർ എന്ന സ്ഥലത്ത് വച്ച് പരസ്യമായി തൂക്കിക്കൊന്നു. കട്ടബൊമ്മന് അന്ന് 39 വയസ്സ് മാത്രം.


കയത്താർ എന്ന ഗ്രാമം തിരുനൽവേലി – മധുര ദേശീയ പാതയിലാണ്. തിരുനൽവേലിയിൽ നിന്നും മുക്കാൽ മണിക്കൂർ യാത്ര ചെയ്താൽ കയത്താറിൽ എത്താം. കേരളത്തിലെ ദേശീയ പാതകൾ പോലെയല്ല തമിഴ്നാട്ടിലെ ദേശീയ പാതകൾ. വളവുകൾ കുറവാണ്. തരിശ് ഭൂമിയിലൂടെ കടന്നുപോകുന്നതിനാൽ ജനങ്ങൾ, കടകൾ എന്നിവമൂലം ഗതാഗത തടസ്സം ഇല്ല. ഇടയ്ക്കിടെ പട്ടണങ്ങൾ കുറവായതിനാൽ ട്രാഫിക് ജാം കുറവാണ്. നല്ല റോഡാണ്. മഴ കുറവായതിനാൽ റോഡിൽ ഗട്ടറുകൾ ഇല്ല. നല്ല വീതിയുള്ള മനോഹരമായ പാതകൾ. റോഡിനിരുവശവും തണൽ വൃക്ഷങ്ങളും ധാരാളം. ആയതിനാൽ നട്ടുച്ചയ്ക്ക് യാത്ര ചെയ്താലും അത്രയ്ക്ക് ചൂട് അറിയില്ല. കൂടാതെ സമനിരപ്പ് ഭൂമി ആയതിനാൽ നല്ല കാറ്റും ലഭിക്കും. എന്നാൽ മിക്കവാറും എല്ലാ ബസുകളിലും ഗ്ലാസ് ആയതിനാൽ പുറത്തുനിന്നുള്ള കാറ്റ് ശരിക്കും ആസ്വദിക്കുവാൻ യാത്രക്കാരന് സാധിക്കുന്നില്ല. മാർച്ച് മുതൽ ജൂൺ വരെ തമിഴ്നാട്ടിൽ കഠിനമായ ചൂട് ആയതിനാൽ വാഹനങ്ങൾക്ക് ഗ്ലാസ് ഉണ്ടായാൽ മാത്രമേ ചൂട് കാറ്റിൽ നിന്നും പൊടിക്കാറ്റിൽ നിന്നും രക്ഷയുള്ളു എന്നതിനാലാണ് അവിടുത്തെ എല്ലാ ബസുകളിലും ഗ്ലാസ് ഫിറ്റ് ചെയ്തിരിക്കുന്നത്. ഹുമിഡിറ്റിയും അവിടെ കുറവാണ്.

കട്ടബൊമ്മൻ രാജാവിനെ തൂക്കികൊന്ന സ്ഥലം ദേശീയ സ്മാരകമായി കയത്താറിൽ സംരക്ഷിക്കുന്നു. ദേശീയപാതയോട് വളരെ ചേർന്നാണ് ഈ സ്മാരകം എന്നതിനാൽ റോഡിലൂടെ പോകുന്നവർക്കെല്ലാം ഇവിടം കാണാം. കട്ടബൊമ്മന്റെ ഒളിസങ്കേതം ബ്രിട്ടീഷുകാർക്ക് ഒറ്റിക്കൊടുത്തത് ഇട്ടയപ്പൻ എന്ന വ്യക്തിയാണ്. ഇട്ടയപ്പനിൽ നിന്നാണ് ഇട്ടയപുരം എന്ന സ്ഥലപേരുണ്ടായത്. ഇട്ടയപ്പൻ ഒരു യൂദാസായി മാറിയപ്പോൾ ഇട്ടയപ്പന്റെ സ്ഥലം ഇട്ടയപുരം ആയി അറിയപ്പെടാൻ തുടങ്ങി.

തിരുനൽവേലിയിൽ നിന്നും ദേശീയ പാതയിലൂടെ ഓട്ടപ്പിടാരത്ത് എത്തുവാൻ 30 കിലോമീറ്റർ മാത്രമേയുള്ളു. ബ്രിട്ടീഷ് പീരങ്കി ആക്രമണത്തിൽ ഓട്ടപ്പിടാരത്തുള്ള കട്ടബൊമ്മന്റെ കൊട്ടാരം തകർന്ന് പോയിരുന്നു. ഇപ്പോൾ അതിന്റെ അടിത്തറ മാത്രമേയുള്ളു. ഒരു ദേശീയ സ്മാരകമാണിത്. തൂത്തുക്കുടി ജില്ലയിലെ പ്രധാന സന്ദർ







കയത്താറിലെ ദേശീയ സ്മാരകം

ശന കേന്ദ്രമാണ് ഓട്ടപിടാരം കൊട്ടാരം. തകർന്നുപോയ കൊട്ടാരത്തിന്റെ അടിത്തറയ്ക്ക് സമീപം പുതിയ സ്മാരകം പണിതിട്ടുണ്ട്.

ഓട്ടപിടാരം എന്ന സ്ഥലം ചരിത്രപ്രസിദ്ധമാണെങ്കിലും ഒരാഴ്ച അവിടെ താമസിച്ച് ഞാൻ കണ്ട ചില ഗ്രാമീണ വാസികളുടെ "പരിസര മലിനീകരണ പ്രക്രിയ" യെക്കുറിച്ച് എഴുതാതിരിക്കാൻ സാധിക്കുന്നില്ല.

ഓട്ടപ്പിടാരത്തിലെ താമസത്തിനിടയിൽ ഒരു ദിവസം രാവിലെ ചായ കുടിക്കാനായി ഞങ്ങൾ അവിടുത്തെ കൊച്ച് കവലയിലേക്ക് ജീപ്പിൽ യാത്രയായി. ജംഗ്ഷനിലേക്ക് കുറച്ച് ദൂരമുണ്ടായിരുന്നു. ഗ്രാമപാതയിലൂടെയാണ് പൊയ്ക്കൊണ്ടിരുന്നത്. പകുതി വഴിയായപ്പോൾ ഡ്രൈവർ പറഞ്ഞു "സാർ, ഇന്ത വഴിയേ പോകമുടിയാത്. ഫ്രണ്ട് പാത്തിട് സാർ"

ഇതിന്റെ മലയാളം അർത്ഥം "സാർ ഈ വഴിയിലൂടെ പോകാൻ സാധിക്കില്ല. കാരണമറിയണമെങ്കിൽ മുന്നോട്ടു നോക്കുക" എന്നാണ്. ഞാൻ മുന്നോട്ട് നോക്കി. പിന്നെ നോക്കിയതുമില്ല. വന്നതുപോലെ വണ്ടി തിരിച്ചു പോകട്ടെ എന്നു പറഞ്ഞു. ഡ്രൈവർ നിമിഷങ്ങൾക്കുള്ളിൽ ആ പ്രദേശത്തുനിന്നും എന്നെ "രക്ഷിച്ചു".

(തുടരും)

*(ലേഖകൻ തമിഴ്നാട്ടിൽ ഫീൽഡ് പബ്ലിസിറ്റി ആഫീസറായിരുന്നു. ഇപ്പോൾ തിരുവനന്തപുരം ആകാശവാണിയിൽ ന്യൂസ് എഡിറ്ററാണ്)*



# വാർത്തകളും വിശേഷങ്ങളും

## മുനിസിപ്പൽ കോമൺ സർവ്വീസിൽ 97 അധിക തസ്തികകൾ അനുവദിച്ചു

മുൻസിപ്പൽ കോമൺ സർവ്വീസിൽ 97 അധിക തസ്തികകൾ സൃഷ്ടിക്കാൻ ഗവൺമെന്റ് തീരുമാനിച്ചതായി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അറിയിച്ചു. കൊല്ലം, തൃശ്ശൂർ നഗരസഭകളെ തൊട്ടടുത്ത ഗ്രാമപഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് 1999ൽ കോർപ്പറേഷനുകളാക്കുകയുണ്ടായി. എന്നാൽ കോർപ്പറേഷനുകൾക്ക് അനിവാര്യമായും ഉണ്ടായിരിക്കേണ്ട തസ്തികകൾ അനുവദിച്ചിരുന്നില്ല. ഇതുമൂലം ഭരണ നിർവ്വഹണത്തിലും വികസന പദ്ധതികൾ നടപ്പാക്കുന്നതിനും കൊല്ലം, തൃശ്ശൂർ കോർപ്പറേഷനുകൾക്ക് പ്രയാസം നേരിട്ടു. ഇക്കാര്യം പരിഗണിച്ചാണ് കൊല്ലം കോർപ്പറേഷനിൽ 48 ഉം തൃശ്ശൂർ കോർപ്പറേഷനിൽ 49 ഉം തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചത്. തസ്തികകളും, എണ്ണവും ചുവടെ. സൂപ്രണ്ടിംഗ് എഞ്ചിനീയർ – രണ്ട്, റവന്യൂ ഓഫീസർ – രണ്ട്, കൗൺസിൽ സെക്രട്ടറി – രണ്ട്, ജൂനിയർ സൂപ്രണ്ട് – ആറ്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II – രണ്ട്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് – രണ്ട്, പി.ഡബ്ലിയു.ഒ. ഗ്രേഡ് II - നാല്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II - 14, വർക്ക് സൂപ്രണ്ട് – മൂന്ന്, ടെലഫോൺ ഓപ്പറേറ്റർ – ഒന്ന്, പ്യൂൺ – ഒന്ന്, ഡെപ്യൂട്ടി സെക്രട്ടറി – രണ്ട്, അക്കൗണ്ട്സ് ആഫീസർ – ഒന്ന്, അസിസ്റ്റന്റ് ടൗൺ പ്ലാനർ – ഒന്ന്, ഫെയർ കോപ്പി സൂപ്രണ്ട് – രണ്ട്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I – നാല്, യു.ഡി. ക്ലാർക്ക് – 17, പി.ഡബ്ല്യൂ.ഒ. ഗ്രേഡ് I – മൂന്ന്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രഡ് I – മൂന്ന്, ലോവർ ഡിവിഷൻ ക്ലാർക്ക് – 16, വെറ്റിനറി സർജൻ – ഒന്ന്, റിക്കാർഡ് അറ്റൻഡർ – ഒന്ന്, ഇലക്ട്രീഷ്യൻ – ഒന്ന്, കൊല്ലം, തൃശൂർ വികസന അതോറിറ്റികളിലെ 28 വിവിധ തസ്തികകൾ ഈ രണ്ടു കോർപ്പറേഷനുകളിൽ പുനർവിന്യസിക്കുന്നതാണെന്ന് മന്ത്രി അറിയിച്ചു. അധിക തസ്തികകൾ അനുവദിച്ചതു മൂലം ഒരു കോടി മുപ്പത്തിനാല് ലക്ഷം രൂപയുടെ അധിക ബാദ്ധ്യത ഈ രണ്ട് കോർപ്പറേഷനുകൾക്ക് ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

## ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഭൂമി ഏറ്റെടുക്കാൻ അനുമതി

തിരുവനന്തപുരം നഗരത്തിലെ മാലിന്യ നിർമ്മാർജ്ജന പദ്ധതിക്കും കൊച്ചി നഗരത്തിലെ കുടിവെള്ള പദ്ധതിക്കും ആവശ്യമായ ഭൂമി ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഏറ്റെടുക്കാൻ തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾക്ക് അനുമതി നൽകി. ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ പദ്ധതിക്കും സുസ്ഥിര നഗര വികസന പദ്ധതിക്കും വേണ്ടിയാണ് ഭൂമി ഏറ്റെടുക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ മേനംകുളം, ആറ്റിപ്ര, കടകംപള്ളി, ഉള്ളൂർ, തിരുവല്ലം, നേമം വില്ലേജുകളിലെയും എറണാകുളത്ത് മാറാട്, തെക്കുംഭാഗം, മണക്കുളം, മുളന്തുരുത്തി, പിറവം വില്ലേജുകളിലെയും വ്യത്യസ്ത സർവേ നമ്പറുകളിലെ സ്ഥലം ഏറ്റെടുക്കാനാണ് സർക്കാർ അനുമതി നൽകിയത്.

## സ്ത്രീകൾക്ക് ടോയ്‌ലറ്റ് കം റിട്ടയറിംഗ് റൂം പദ്ധതി

സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് തുടങ്ങുന്ന സ്ത്രീകൾക്കായുള്ള ടോയ്‌ലറ്റ് കം റിട്ടയറിംഗ് റൂമുകൾ ആരംഭിക്കണമെന്നുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അപേക്ഷിക്കാം. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, എ ഗ്രേഡ് പഞ്ചായത്തുകൾ എന്നിവിടങ്ങളിലെ ബസ് സ്റ്റാൻഡുകൾ, മറ്റു തിരക്കേറിയ പ്രദേശങ്ങൾ എന്നിവിടങ്ങളിലാണ് തുടങ്ങുക. ആവശ്യമായ സ്ഥലം തദ്ദേശസ്ഥാപനങ്ങൾ നൽകണം. കെട്ടിട നിർമ്മാണത്തിനുള്ള ചെലവ് വനിതാ വികസന കോർപ്പറേഷൻ വഹിക്കും. വനിതാ സ്വയംസഹായ സംഘങ്ങൾ, വനിതാ സംരംഭകർ എന്നിവർക്കായിരിക്കണം നടത്തിപ്പു ചുമതല. ടോയ്‌ലറ്റ്, റിട്ടയറിംഗ് റൂം സൗകര്യത്തോടനുബന്ധിച്ച് ഓരോ പ്രദേശത്തിനും ആവശ്യമായതും അധികവരുമാനം കണ്ടെത്താനാകുന്നതുമായ അനുബന്ധ ബിസിനസുകളും ആരംഭിക്കും. അനുബന്ധ വരുമാന സാധ്യതകളുടെ വിശദാംശം ഉൾപ്പെടെ മാനേജിങ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, റ്റി.സി. 20/2170, മൻമോഹൻ ബംഗ്ലാവിന് എതിർവശം, കവടിയാർ പി.ഒ. തിരുവനന്തപുരം – 695 003 വിലാസത്തിൽ അപേക്ഷിക്കണം.



## വനത്തിൽ താമസിക്കുന്ന പട്ടികജാതി/ വർഗ്ഗ വിഭാഗക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ

വനങ്ങളിൽ താമസിക്കുന്ന പട്ടികജാതി/ വർഗ്ഗത്തിൽപ്പെട്ടവർക്ക് വനം വകുപ്പ് ഇൻഷ്വറൻസ് സംരക്ഷണം നൽകും. യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിപ്രകാരം ആശുപത്രി ചികിത്സാ– വ്യക്തിഗത അപകട ഇൻഷ്വറൻസ് പരിരക്ഷയാവും ലഭ്യമാവുക. വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെടുകയോ അംഗവൈകല്യം സംഭവിക്കുകയോ ചെയ്യുന്ന ആദിവാസികൾ അല്ലാത്തവർക്കും ആനുകൂല്യം ലഭിക്കും. അപകടങ്ങളിൽപ്പെട്ടോ വന്യജീവികളുടെ ആക്രമണം മൂലമോ മരണപ്പെടുകയോ അംഗവൈകല്യം സംഭവിക്കുകയോ ചെയ്യുന്ന വനങ്ങളിലും അരികിലും താമസിക്കുന്ന പട്ടികജാതി/വർഗ്ഗ വിഭാഗക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഒന്ന് മുതൽ 10വയസ്സു വരെ 10000/ രൂപ വരെ, 11 മുതൽ 20 വരെ 25000 രൂപ വരെ, 21 മുതൽ 50 വരെ 75000 രൂപ വരെ, 50 ന് മുകളിൽ 50000 രൂപ വരെ. വനത്തിനുള്ളിലും അരികെയും താമസിക്കുന്ന പട്ടികജാതി വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളെ രോഗം മൂലമോ അപകടം മൂലമോ ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വന്നാൽ ചെലവുകൾക്കായി ഒരാൾക്ക് 1000 രൂപവരെയും ആശുപത്രിയിലേയ്ക്കും തിരിച്ചുമുള്ള യാത്രാചെലവുകൾക്കായി 500 രൂപ വരെയും പ്രതിവർഷം ലഭിക്കും. പ്രകൃതി ദുരന്തങ്ങൾ മൂലമോ, കാട്ടുമൃഗങ്ങളുടെ ആക്രമണം മൂലമോ കുടിൽ നഷ്ടപ്പെട്ട് വനങ്ങളിൽ താമസിക്കുന്ന പട്ടികജാതി വർഗ്ഗക്കാർക്ക് പ്രതിവർഷം 5000 രൂപയുടെ സമാശ്വാസത്തിന് അർഹതയുണ്ട്. പട്ടികജാതി വർഗ്ഗത്തിൽപ്പെടാത്ത ആളുകളടക്കം കടുവ, പുലി, കാട്ടുപോത്ത്, കരടി, കാട്ടാന, കാട്ടുപന്നി എന്നീ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണമോ അംഗവൈകല്യമോ സംഭവിക്കുന്നവർക്കും പദ്ധതി പ്രകാരം നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. വിവരത്തിന് അടുത്ത വനം ഡിവിഷനുമായി ബന്ധപ്പെടാം.

## പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് നൽകണം

പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ പൊതുജനങ്ങൾക്കു യഥാവിധി ഉറപ്പുവരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചു. പൊതുജനങ്ങൾ സാധാരണയായി ഉപയോഗിക്കുന്ന ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഷോപ്പിംഗ് കോംപ്ലക്സ്സുകൾ, ഫ്യുവൽ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ പലതിലും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. പൊതുജനങ്ങൾക്കായി നീക്കി വച്ചിരിക്കുന്ന ടോയ്‌ലറ്റുകളും, ബാത്ത്റൂമുകളും പല വ്യക്തികളും കൈയ്യടക്കി സ്വകാര്യ ആവശ്യത്തിനായി ഉപയോഗിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പൊതു ടോയ്‌ലറ്റുകളും, ബാത്ത്റൂമുകളും വൃത്തിയാക്കാതെയും, വെള്ളവും വെളിച്ചവുമില്ലാതെയും, കതകുകളില്ലാതെയും, പൂട്ടുകൾ ഇല്ലാതെയും, സംരക്ഷിക്കപ്പെടാതെ കിടക്കുന്നു. ഇക്കാരണങ്ങളാൽ വളരെയേറെ ബുദ്ധിമുട്ടുകൾ പൊതുജനം നേരിടുന്നുണ്ട്. അതിനാൽ ഇവ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ പരിശോധിക്കേണ്ടതും ആവശ്യമായ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതേപ്പറ്റി 13 നിർദ്ദേശങ്ങളടങ്ങിയ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ നിർദ്ദേശങ്ങൾ പാലിച്ച് ഓരോ മൂന്ന് മാസത്തിലും, റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് നൽകണം. *(5/4/2008 ലെ 23803/ഡിസി2/08/തസ്വഭവ നമ്പർ സർക്കുലർ)*

## ബിൽഡിംഗ് സൂപ്പർവൈസറുടെ ലൈസൻസ് റദ്ദുചെയ്തു

തെറ്റായ കെട്ടിടനിർമ്മാണ പ്ലാൻ തയ്യാറാക്കി നഗരസഭയ്ക്ക് നൽകി പെർമിറ്റ് സംഘടിപ്പിക്കുന്നതിന് കൂട്ടുനിന്ന ബിൽഡിംഗ് സൂപ്പർവൈസറുടെ ലൈസൻസ് നഗരകാര്യ ഡയറക്ടർ റദ്ദു ചെയ്തു. അനധികൃത നിർമ്മാണം തടയുന്നതിന്റെ ഭാഗമായി ഗവൺമെന്റ് നിരവധി ജീവനക്കാരുടെ പേരിൽ നടപടിയെടുക്കുകയും അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുകയും ചെയ്തുവരികയാണ്. പെരുമ്പാവൂർ നഗരസഭയിൽനടക്കുന്ന അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് പരാതി ലഭിച്ചിരുന്നു. അന്വേഷണത്തിൽ പരാതിയിൽ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ശരിയാണെന്ന് കണ്ടെത്തുകയും കെട്ടിടനിർമ്മാണത്തിന് നൽകിയ പെർമിറ്റ് റദ്ദാക്കുകയും ചെയ്തു. അനധികൃത നിർമ്മാണത്തിന് സഹായകമാകുന്ന വിധത്തിൽ സത്യസന്ധമല്ലാത്ത വിധം പ്ലാൻ വരച്ച് നൽകുന്ന ബിൽഡിംഗ് സൂപ്പർവൈസർമാരുടെയും എഞ്ചിനീയർമാരുടെയും ബിൽഡിംങ് ലൈസൻസ് റദ്ദു ചെയ്യുമെന്ന് ഗവൺമെന്റ് നേരത്തേ വ്യക്തമാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തെറ്റായി പ്ലാൻ തയ്യാറാക്കി നൽകിയ സൂപ്പർവൈസറുടെ പേരിലും നടപടിയെടുക്കണമെന്ന് ഗവൺമെന്റ് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകി. ഈ നിർദേശത്തിന്റെ വെളിച്ചത്തിലാണ് മുനിസിപ്പൽ ചട്ടങ്ങൾ പാലിക്കാതെ തെറ്റായ പ്ലാൻ വരച്ച് നൽകി പെരുമ്പാവൂർ നഗരസഭയിൽനിന്ന് പെർമിറ്റ് സമ്പാദിക്കുന്നതിന് ഉത്തരവാദിയായ പി.ബി. അനിൽകുമാറിന്റെ ലൈസൻസ് നഗരകാര്യ ഡയറക്ടർ റദ്ദു ചെയ്തത്. ഇത്തരത്തിൽ തെറ്റായ പ്ലാൻ വരച്ച് വിവിധ നഗരസഭകളിൽ നിന്ന് പെർമിറ്റ് നേടുന്നതിനുത്തരവാദികളായവരുടെ ലൈസൻസുകൾ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ റദ്ദു ചെയ്യുന്നതിനു ഗവൺമെന്റ് നഗരകാര്യഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.



## ജനകീയ കൊയ്ത്തുത്സവം

അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും കോൾകൃഷിയെ ആശ്രയിച്ചു കഴിയുന്നവരാണ്. ഇക്കഴിഞ്ഞ ശക്തമായ വേനൽ മഴമൂലം നെൽച്ചെടികൾ വീണും നെല്ല് മുളച്ചും വളരെയേറെ കൃഷിനാശം സംഭവിക്കുകയുണ്ടായി. മഴ മാറിയശേഷം ബാക്കിവന്നതും വീണ് കിടക്കുന്നതുമായ നെൽചെടികൾ കൊയ്ത് എടുക്കുന്നതിന് യന്ത്രം ഇറക്കാൻ പറ്റാത്ത സാഹചര്യത്തിലും ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യത്തിലും അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പൊതുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് കൊയ്ത്ത് പരിപാടി നടത്തുകയുണ്ടായി. ഈ പരിപാടിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് എ.വി. ശ്രീവത്സൻ നിർവ്വഹിച്ചു.

## കെട്ടിടത്തിന് ഓക്യൂപൻസി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച്

### കേരള സർക്കാർ

നമ്പർ.5612/ആർ.ഡി.2/08/ത.സ്വ.ഭ.വ

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം തീയതി : 26/04/2008

### സർക്കുലർ

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് – കെട്ടിട നിർമ്മാണം – റോഡു വികസനത്തിന്റെ ഭാഗമായി സ്ഥലം വിട്ടുകൊടുത്തവർക്ക് കെട്ടിടത്തിന് ഓക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച്.

സൂചന : 6.6.2007/ലെ ജി.ഒ.(പി)160/07 തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും 6.6.2007ലെ സർക്കാർ ഉത്തരവോടുകൂടി കെട്ടിട നിർമ്മാണ നിയമം ബാധകമാക്കി കഴിഞ്ഞിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഗ്രാമപഞ്ചായത്തുകളിൽ ബാധകമാക്കുന്നതിന് മുമ്പ് 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 220 ബി പ്രകാരം 3 മീറ്ററിൽ കുറയാത്ത തുറസ്സായ സ്ഥലം റോഡിന്റെ വശത്ത് നൽകി നിർമ്മാണം ആരംഭിച്ച ചില കെട്ടിടങ്ങൾക്ക് സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ റോഡ് വികസനം വന്നതോടെ തുറസ്സായ സ്ഥലം 3 മീറ്ററിൽ കുറവായി വന്നിട്ടുള്ളതായി കാണുന്നു. ഇത്തരം കെട്ടിടങ്ങൾക്ക് തുടർന്ന് ഓക്യൂപൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഇക്കാരണത്താൽ ബുദ്ധിമുട്ടുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

സർക്കാർ ടി വിഷയം വിശദമായി പരിശോധിക്കുകയും, സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ റോഡ് വികസനം കാരണം 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 220 ബി–ൽ ലംഘനം വന്നുപോയിട്ടുള്ള ഇത്തരം കെട്ടിടങ്ങൾക്ക്, റോഡ് വീതികൂട്ടുന്നതിന് മുമ്പ് നിർമ്മാണം ആരംഭിച്ച സമയത്ത്, 3 മീറ്ററിൽ കുറയാത്ത സ്ഥലം പ്ലോട്ടിനുള്ളിൽ റോഡരികിൽ നിന്നും ഉണ്ടായിരുന്നു എന്ന് പഞ്ചായത്തിന്റെയോ റവന്യൂ ഡിപ്പാർട്ടുമെന്റിന്റെയോ ഏതെങ്കിലും രേഖയിൽ നിന്നും പഞ്ചായത്ത് സെക്രട്ടറിക്ക് ബോദ്ധ്യമാകുന്ന പക്ഷം, അവയ്ക്ക് ഓക്യൂപൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. നഗരാസൂത്രണ പദ്ധതികൾ, സി.ആർ.ഇസഡ് മുതലായവ ബാധകമായിട്ടുള്ള സ്ഥലങ്ങളിൽ ഇത്തരം നിർമ്മാണങ്ങൾ പ്രസ്തുത നിയമങ്ങൾക്ക് വിധേയമായിട്ടായിരിക്കണമെന്നും നിഷ്കർഷിക്കുന്നു.

**എസ്.എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി


## പഞ്ചായത്ത് രാജ് (മാസിക)

പരസ്യ നിരക്ക്

**കവർ അവസാനപുറം** (കളർ) – 10,000 രൂപ
**കവർ പേജ് – ഉൾവശം** (ഒറ്റക്കളർ) – 6,000 രൂപ
**മറ്റു പേജുകൾ – ഫുൾ** – 4,000 രൂപ
**അര പേജ്** – 2,000 രൂപ

★

**വാർഷിക വരിസംഖ്യ – 90 രൂപ**
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക

★

**വിലാസം**
എഡിറ്റർ/പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ.,
തിരുവനന്തപുരം –33

Edited and Published by Dr. V.M. Gopala Menon, IAS, Director of Panchayats, Govt. of Kerala
Thiruvananthapuram - 695 033 and Printed at Gramalakshmi Mudralayam, Kanjikode, Palakkad.

# തിരുത്ത്

2008 ജൂൺ ലക്കം പഞ്ചായത്ത് രാജ് മാസികയുടെ 31, 32, പേജുകളിൽ അച്ചടിച്ചിരുന്ന ഗ്രാമപഞ്ചായത്തുകളുടെ വികസനഫണ്ട് (2007–08) ചെലവഴിച്ചതിൽ ഏറ്റവും മുമ്പിലും, പിമ്പിലുമുള്ള ഗ്രാമപഞ്ചായത്തുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന പഞ്ചായത്തുകളും ചെലവ് – ശതമാനവും 22.3.2008 വരെയുള്ള കണക്കുകളെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. എന്നാൽ പ്രസ്തുത കണക്കുകൾ 31.03.2008 വരെ ഉള്ളതാണ് എന്ന രീതിയിൽ പ്രസിദ്ധീകരിക്കാൻ ഇടയായതിൽ ഖേദിക്കുന്നു. 31.3.2008 വരെയുള്ള ചെലവിന്റെ അടിസ്ഥാനത്തിൽ ഏറ്റവും, മുന്നിലുള്ള 10 ഗ്രാമപഞ്ചായത്തുകളുടേയും, പിന്നിലുള്ള 5 ഗ്രാമപഞ്ചായത്തുകളുടേയും പട്ടിക താഴെ ചേർക്കുന്നു.

## വികസന ഫണ്ട് (2007–08) ചെലവഴിച്ചതിൽ ഏറ്റവും മുന്നിലും പിന്നിലുമുള്ള ഗ്രാമപഞ്ചായത്തുകൾ

*(ജില്ല തിരിച്ച് ശതമാനത്തിൽ)*

### കാസർഗോഡ്

| ഏറ്റവും മുന്നിൽ | | ഏറ്റവും പിന്നിൽ | |
|---|---|---|---|
| 1. മടിക്കൈ | – 95.70 | 1. പള്ളിക്കര | – 55.18 |
| 2. ഉദുമ | – 94.75 | 2. ചെങ്കള | – 61.40 |
| 3 കുമ്പള | – 94.74 | 3 മുളിയാർ | – 65.81 |
| 4. ചെമ്മനാട് | – 92.77 | 4. പുല്ലൂർപെരിയ | – 68.67 |
| 5. പനത്തടി | – 90.41 | 5. ബദിയടുക്ക | – 70.33 |
| 6. വോർക്കാടി | – 87.37 | | |
| 7. കയ്യൂർചീമേനി | – 86.08 | | |
| 8. കാറഡുക്ക | – 85.56 | | |
| 9. പീലിക്കോട് | – 84.74 | | |
| 10. തൃക്കരിപ്പൂർ | – 84.31 | | |

### കണ്ണൂർ

| | | | |
|---|---|---|---|
| 1. ചെമ്പിലോട് | – 100.00 | 1. വളപട്ടണം | – 38.08 |
| 2. വേങ്ങാട് | – 98.71 | 2. രാമന്തളി | – 48.24 |
| 3 കടമ്പൂർ | – 97.43 | 3. ചിറയ്ക്കൽ | – 58.41 |
| 4. അഞ്ചരക്കണ്ടി | – 94.63 | 4. ചപ്പാരപ്പടവ് | – 59.68 |
| 5. കൊളച്ചേരി | – 94.04 | 5. കേളകം | – 62.43 |
| 6. മാങ്ങാട്ടിടം | – 92.75 | | |
| 7. ചിറ്റാരിപ്പറമ്പ് | – 92.15 | | |
| 8. പാട്യം | – 90.18 | | |
| 9. പേരാവൂർ | – 88.80 | | |
| 10. ചൊക്ലി | – 88.17 | | |

### വയനാട്

| | | | |
|---|---|---|---|
| 1. തവിഞ്ഞാൽ | – 98.81 | 1. മേപ്പാടി | – 67.50 |
| 2. മാനന്തവാടി | – 98.35 | 2. വേങ്ങപ്പള്ളി | – 77.21 |
| 3. വെള്ളമുണ്ട | – 93.08 | 3 സുൽത്താൻബത്തേരി | – 79.52 |
| 4. നൂൽപ്പുഴ | – 92.74 | 4. തരിയോട് | – 80.07 |
| 5. എടവക | – 91.14 | 5. പടിഞ്ഞാറേത്തറ | – 81.12 |
| 6. മുട്ടിൽ | – 90.06 | | |
| 7. പനമരം | – 88.13 | | |
| 8. നെൻമേനി | – 87.15 | | |
| 9. തൊണ്ടർനാട് | – 86.80 | | |
| 10. മുപ്പൈനാട് | – 86.19 | | |

## കോഴിക്കോട്

1. മാവൂർ – 100.00
2. കുറ്റ്യാടി – 98.27
3. കാവിലുംപാറ – 94.48
4. നടുവണ്ണൂർ – 92.08
5. കാരശ്ശേരി – 90.94
6. ചേമഞ്ചേരി – 90.61
7. കിഴക്കോത്ത് – 90.44
8. നൊച്ചാട് – 89.79
9. കൊടുവള്ളി – 89.44
10. പുതുപ്പാടി – 88.60

1. എടച്ചേരി – 56.87
2. ചേളന്നൂർ – 61.44
3 ചങ്ങരോത്ത് – 63.09
4. തൂണേരി – 63.30
5. ചെക്യാട് – 63.36

## മലപ്പുറം

1. പൊൻമുണ്ടം – 100.00
2. നിലമ്പൂർ – 100.00
3. കോഡൂർ – 99.00
4. കീഴുപറമ്പ് – 98.00
5. മക്കരപറമ്പ് – 97.00
6. താനാളൂർ – 97.00
7. മൂർക്കനാട് – 96.00
8. കുറുവ – 95.00
9. പോത്തുകല്ല് – 95.00
10. പുലാമന്തോൾ – 93.00
11. കൂട്ടിലങ്ങാടി – 93.00
12. ചെറിയമുണ്ടം – 93.00

1. കുറ്റിപ്പുറം – 52.00
2. കൊണ്ടോട്ടി – 60.00
3. തിരൂരങ്ങാടി – 61.00
4. വെളിയംകോട് – 62.00
5. ആതവനാട് – 64.00

## പാലക്കാട്

1. അകത്തേത്തറ – 100.00
2. അയിലൂർ – 96.20
3. കാരക്കുറുശ്ശി – 94.60
4. മേലാർകോട് – 93.10
5. എലപ്പുള്ളി – 93.00
6. ആലത്തൂർ – 90.90
7. എരുത്തേമ്പതി – 90.30
8. നെന്മാറ – 90.10
9. വിളയൂർ – 90.00
10. തെങ്കര – 90.00

1. നെല്ലിയാമ്പതി – 38.60
2. മാത്തൂർ – 40.60
3. പൂക്കോട്ടുകാവ് – 47.00
4. ചാലിശ്ശേരി – 50.00
5. കുലുക്കല്ലൂർ – 54.70

## തൃശ്ശൂർ

1. അടാട്ട് – 100.00
2. തൃക്കൂർ – 100.00
3. വേളൂക്കര – 100.00
4. കടപ്പുറം – 100.00
5. മറ്റത്തൂർ – 94.78
6. വേലൂർ – 92.78
7. കൈപ്പറമ്പ് – 90.74
8. പരിയാരം – 90.05
9. പഴയന്നൂർ – 90.04
10. തെക്കുംകര – 90.03

1. തൈക്കാട് – 55.55
2. അരിമ്പൂർ – 56.67
3. മേത്തല – 60.63
4. തളിക്കുളം – 61.30
5. വലപ്പാട് – 64.06

| ഏറ്റവും മുന്നിൽ | | ഏറ്റവും പിന്നിൽ | |
|---|---|---|---|

## എറണാകുളം

| | | | |
|---|---|---|---|
| 1. കൂത്താട്ടുകുളം | – 100.00 | 1. ഒക്കൽ | – 45.06 |
| 2. ചൂർണ്ണിക്കര | – 100.00 | 2. ചേരാനല്ലൂർ | – 46.84 |
| 3. ചോറ്റാനിക്കര | – 98.76 | 3 കുന്നത്തുനാട് | – 48.00 |
| 4. കാലടി | – 97.04 | 4. വടവുകോട് പുത്തൻകുരിശ് | – 48.32 |
| 5. കുന്നുകര | – 96.50 | 5. കിഴക്കമ്പലം | – 50.30 |
| 6. പാമ്പാക്കുട | – 95.53 | | |
| 7. മഴുവന്നൂർ | – 93.38 | | |
| 8. മുളന്തുരുത്തി | – 93.32 | | |
| 9. നെടുമ്പാശ്ശേരി | – 88.53 | | |
| 10. ഏലൂർ | – 88.24 | | |

## ഇടുക്കി

| | | | |
|---|---|---|---|
| 1. അടിമാലി | – 100.00 | 1. അറക്കുളം | – 36.45 |
| 2. ആലക്കോട് | –100.00 | 2. പെരുവന്താനം | – 71.90 |
| 3 കുമിളി | – 100.00 | 3 മുട്ടം | – 72.53 |
| 4. പീരുമേട് | – 100.00 | 4. മാങ്കുളം | – 72.73 |
| 5. വെള്ളത്തൂവൽ | – 100.00 | 5. വണ്ടിപ്പെരിയാർ | – 75.47 |
| 6. കരിങ്കുന്നം | – 99.70 | | |
| 7. മൂന്നാർ | – 99.68 | | |
| 8. കരിമണ്ണൂർ | – 99.67 | | |
| 9. കട്ടപ്പന | – 99.17 | | |
| 10. മറയൂർ | – 96.84 | | |

## കോട്ടയം

| | | | |
|---|---|---|---|
| 1. മുത്തോലി | – 100.00 | 1. കങ്ങഴ | – 49.39 |
| 2. കുറവിലങ്ങാട് | – 93.46 | 2. തലനാട് | – 54.75 |
| 3. എരുമേലി | – 93.01 | 3. മേലുകാവ് | – 55.08 |
| 4. ഭരണങ്ങാനം | – 92.93 | 4. പനച്ചിക്കാട് | – 55.77 |
| 5. കാഞ്ഞിരപ്പള്ളി | – 92.55 | 5. വെള്ളൂർ | – 55.90 |
| 6. കടനാട് | – 91.00 | | |
| 7. കൂരോപ്പട | – 89.33 | | |
| 8. അകലക്കുന്നം | – 89.21 | | |
| 9. മീനച്ചിൽ | – 87.92 | | |
| 10. പാറത്തോട് | – 87.45 | | |

## ആലപ്പുഴ

| | | | |
|---|---|---|---|
| 1. ദേവികുളങ്ങര | – 96.08 | 1. പാണ്ടനാട് | – 54.45 |
| 2. പട്ടണക്കാട് | – 93.06 | 2. ചേപ്പാട് | – 59.52 |
| 3. ചിങ്ങോലി | – 92.43 | 3. പുളിങ്കുന്ന് | – 62.92 |
| 4. മാരാരിക്കുളം നോർത്ത് | – 92.04 | 4. ചുനക്കര | – 63.56 |
| 5. വള്ളിക്കുന്നം | – 91.84 | 5. എഴുപുന്ന | – 65.66 |
| 6. കാവാലം | – 90.16 | | |
| 7. അമ്പലപ്പുഴ നോർത്ത് | – 90.13 | | |
| 8. ചെറിയനാട് | – 89.67 | | |
| 9. മാവേലിക്കര താമരക്കുളം | – 89.35 | | |
| 10. പാണാവള്ളി | – 88.14 | | |

| ഏറ്റവും മുന്നിൽ | ഏറ്റവും പിന്നിൽ |
|---|---|

## പത്തനംതിട്ട

**ഏറ്റവും മുന്നിൽ**

1. പന്തളംതെക്കേക്കര – 95.85
2. മെഴുവേലി – 95.15
3. കോയിപ്രം – 93.26
4. വെച്ചൂച്ചിറ – 93.06
5. റാന്നി പഴവങ്ങാടി – 92.78
6. പെരിങ്ങര – 92.59
7. വടശ്ശേരിക്കര – 91.87
8. അരുവാപുലം – 91.49
9. നെടുമ്പ്രം – 91.29
10. വള്ളിക്കോട് – 90.75

**ഏറ്റവും പിന്നിൽ**

1. തോട്ടപ്പുഴശ്ശേരി – 62.36
2. മല്ലപ്പള്ളി – 64.26
3 പന്തളം – 65.22
4. ഇലന്തൂർ – 70.46
5. ഇരവിപേരൂർ – 71.90

## കൊല്ലം

**ഏറ്റവും മുന്നിൽ**

1. മൈലം – 99.20
2. കൊട്ടാരക്കര – 95.40
3. തൃക്കോവിൽവട്ടം – 95.10
4. തെന്മല – 94.90
5. നെടുമ്പന – 94.60
6. പനയം – 94.40
7. മൺട്രോത്തുരുത്ത് – 94.30
8. എഴുകോൺ – 93.30
9. ഏരൂർ – 91.90
10. പേരയം – 91.80

**ഏറ്റവും പിന്നിൽ**

1. പിറവന്തൂർ – 63.10
2. ആലപ്പാട് – 71.70
3. കൊറ്റങ്കര – 72.10
4. കുളക്കട – 72.40
5. കരുനാഗപ്പള്ളി – 73.00

## തിരുവനന്തപുരം

**ഏറ്റവും മുന്നിൽ**

1. വാമനപുരം – 96.00
2. മലയിൻകീഴ് – 95.00
3. മാറനല്ലൂർ – 95.00
4. വെങ്ങാനൂർ – 95.00
5. അമ്പൂരി – 94.00
6. പെരുങ്കടവിള – 94.00
7. ബാലരാമപുരം – 94.00
8. പൂവച്ചൽ – 93.00
9. ഇലകമൺ – 93.00
10. തിരുപുറം – 93.00

**ഏറ്റവും പിന്നിൽ**

1. ഇടവ – 54.00
2. പോത്തൻകോട് – 69.00.
3. കഴക്കൂട്ടം – 69.00
4. വെട്ടൂർ – 70.00
5. ഒറ്റശേഖരമംഗലം – 71.00

**പഞ്ചായത്ത് ഡയറക്ടർ**